Newspaper for malayalees Worldwide ◆ Estd.2020

# വാചകം

VACHAKAM

CHICAGO
Vol.5 / Issue 21/ Pages32
17
ഡിസംബർ 2025
ബുധനാഴ്ച
1201 ധനു 2

www.vachakam.com
news@vachakam.com



02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World





Newspaper for malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 21/ Pages32
17
ഡിസംബർ 2025
ബുധനാഴ്ച
1201 ധനു 2

www.vachakam.com
news@vachakam.com

02America | 11Canada | 12Keralam | 18India | 20Socialmedia | 22Cinema | 26Sports | 28Technology | 30World



# അമേരിക്കൻ സമ്പദ്‌വ്യവസ്ഥ: അടിതെറ്റുന്നുവോ?

## സാമ്പത്തിക വിദഗ്ധരുടെ മുന്നറിയിപ്പ്

43 ദിവസത്തെ സർക്കാർ അടച്ചുപൂട്ടലിന് ശേഷം രണ്ട് പ്രധാന സാമ്പത്തിക റിപ്പോർട്ടുകൾ ഈ ആഴ്ച ഫെഡറൽ സർക്കാർ പുറത്തിറക്കിയിരുന്നു. തൊഴിലില്ലായ്മ നിരക്ക് നാല് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിലയിലെത്തിയെന്നും അവധിക്കാലത്തിന്റെ തുടക്കത്തിൽ റീട്ടെയിൽ വിൽപ്പന സ്തംഭിച്ചെന്നും കാണിക്കുന്ന ചില മുന്നറിയിപ്പുകൾ ഡാറ്റ നൽകുന്നതായി എബിസി ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു. നവംബറിൽ യുഎസ് 64,000 ജോലികൾ കൂട്ടിച്ചേർത്തുതായും റിപ്പോർട്ട് പറയുന്നു, പൂർണ്ണ ഡാറ്റ ലഭ്യമായ ഏറ്റവും പുതിയ മാസമായ സെപ്റ്റംബറിൽ ചേർത്ത 119,000 ജോലികളിൽ നിന്ന് ഇത് ഗണ്യമായ ഇടിവ് രേഖപ്പെടുത്തിതയായി ബ്യൂ

ശേഷം പേജ് 8 ൽ

# '2026 ലക്ഷ്യങ്ങൾ മുൻപിൽ'; ആദ്യ വർഷത്തെ വിലയിരുത്തി ട്രംപ്



അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് വൈറ്റ് ഹൗസിൽ നിന്നും രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തന്റെ ഭരണകൂടം കൈവരിച്ച സുപ്രധാന നേട്ടങ്ങൾ എടുത്തുപറഞ്ഞായിരുന്നു ട്രംപിന്റെ പ്രസംഗം. സാമ്പത്തിക രംഗത്തും വിദേശ നയങ്ങളിലും രാജ്യം വൻ മുന്നേറ്റമാണ് നടത്തുന്നതെന്ന് അദ്ദേഹം അവകാശപ്പെട്ടു. നിലവിൽ പുറത്തുവരുന്ന ചില സർവേകളിൽ ജനപ്രീതിയിൽ കുറവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും, തന്റെ നയങ്ങൾ അമേരിക്കയെ കൂടുതൽ കരുത്തുറ്റതാക്കുകയാണെന്ന് ട്രംപ് ആവർത്തിച്ചു. അതിർത്തി സുരക്ഷ, നികുതി ഇളവുകൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ വിഷയങ്ങളിൽ തന്റെ സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ മാറുകയാണെന്ന് അദ്ദേഹം പറഞ്ഞു. പ്രൈം ടൈമിൽ നടന്ന ഈ പ്രസംഗത്തിലൂടെ വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളെയും രാഷ്ട്രീയ വെല്ലുവിളികളെയും നേരിടാൻ തയ്യാറാണെന്ന കൃത്യമായ സൂചനയാണ് ട്രംപ് നൽകുന്നത്. തന്റെ ഭരണത്തിന് കീഴിൽ രാജ്യം കൂടുതൽ സുരക്ഷിതമാണെന്നും ലോകരാജ്യങ്ങൾക്കിടയിൽ അമേരിക്കയുടെ അന്തസ്സ് വർധിച്ചുവെന്നും ട്രംപ് പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.അതേസമയം ഇപ്പോൾ ട്രംപിന് ജനങ്ങൾക്കിടയിലെ അംഗീകാരം കുറവാണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. പ്രത്യേകിച്ച് സാമ്പത്തിക മേഖലയിൽ. Quinnipiac സർവേ പ്രകാരം, അമേരിക്കക്കാർ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി സാമ്പത്തിക പ്രശ്നങ്ങളെ കാണുന്നു. സർവേ പ്രകാരം, 40% ട്രംപിന്റെ പ്രവർത്തനം അംഗീകരിക്കുന്നു, 54% അംഗീകരിക്കുന്നില്ല.എന്നാൽ ട്രംപ് ഈ പ്രശ്നങ്ങളുടെ ഉത്തരവാദിത്വം മുൻ പ്രസിഡന്റായ ജോ ബൈഡനിലേക്ക് മാറ്റി. അദ്ദേഹം ചില സാമ്പത്തിക പ്രശ്നങ്ങളെ ''ഡെമോക്രാറ്റിക്

ശേഷം പേജ് 8 ൽ

**തോറ്റിട്ടും തോറ്റിട്ടും തോൽക്കാത്ത പാർട്ടി !**
(എൻ.പി. ചെക്കുട്ടി എഴുതുന്നു)
..........പേജ് 06

**പുലിറ്റ്സർ ജേതാവ്** (നോവൽ 11)
**വിചിത്ര സ്വഭാവമുള്ള സുന്ദരികളുടെ വിളയാട്ടം**
..........പേജ് 15

**വിധിച്ചിട്ടും കോടതിമുറി വിട്ടു പോകാത്ത വിവാദങ്ങൾ**
..........പേജ് 16

**നവകേരള ഉഡായിപ്പ് പ്രചരണങ്ങളെ നവമാധ്യമങ്ങൾ തേച്ചൊട്ടിച്ചപ്പോൾ**
..........പേജ് 24

**തൊഴിലുറപ്പു പദ്ധതിയിൽ പുഴുക്കുത്ത്..!**
..........പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# സൈനികർക്കു ശമ്പളവർധന; പ്രതിരോധ ബിൽ പാസാക്കി യുഎസ് കോൺഗ്രസ്

വാഷിംഗ്ടൺ: അവധിക്കാലത്തിന് മുമ്പായി എല്ലാ സൈനികർക്കും 3.8% ശമ്പളവർധന അനുവദിക്കുന്ന പ്രതിരോധ ബിൽ പാസാക്കി യുഎസ് നിയമനിർമ്മാതാക്കൾ. 2026 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്ന ഈ വർധന, കോൺഗ്രസിന്റെ വാർഷികമായി പാസാക്കേണ്ട പ്രതിരോധ നയബില്ലിലെ പ്രധാന വ്യവസ്ഥകളിലൊന്നാണ്.

900ബില്യൺഡോളർമൂല്യമുള്ളബിൽ ഡിസംബർ 17ന് സെനറ്റിൽ 77–20 എന്ന വോട്ടിന് ആണ് പാസായത്. സൈനിക അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വലിയ തുകയാണ് ബില്ലിൽ അനുവദിച്ചിരിക്കുന്നത്.



### ബില്ലിൽ ഉൾപ്പെടുന്നത് എന്തൊക്കെ എന്ന് നോക്കാം

1. പുതിയ ഡൈനിംഗ് സൗകര്യങ്ങൾ, സ്കൂളുകൾ, ചൈൽഡ് കെയർ സെന്ററുകൾ നിർമ്മിക്കാൻ നൂറുകണക്കിന് മില്യൺ ഡോളർ
2. സൈനിക ആശുപത്രികളുടെ നവീകരണം
3. നോർത്ത് കരോലിനയിലെ ലംബീ ഗോത്രത്തിന് ഫെഡറൽ അംഗീകാരം

നാഷണൽഡിഫൻസ്ഓതറൈസേഷൻ ആക്ട് എന്നറിയപ്പെടുന്ന ഈ ബില്ലിന് ഇരുപാർട്ടികളുടെ പിന്തുണ ലഭിച്ചു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. സെനറ്റ് മേജോറിറ്റി ലീഡർ ജോൺ ത്യൂൺ (റിപ്പബ്ലിക്കൻ) ഈ ശമ്പളവർധനയെ 'അർഹമായത്' എന്ന് വിശേഷിപ്പിച്ചു. 'രാജ്യത്തിന്റെ സുരക്ഷയും സമാധാനവും ഉറപ്പാക്കാൻ ആവശ്യമായ ശക്തമായ സൈന്യത്തിന് ഈ ബിൽ സഹായകമാണ്,' എന്ന് അദ്ദേഹം പറഞ്ഞു.

എന്നാൽ ബില്ലിനെതിരെ വിമർശനങ്ങളും എതിർപ്പുകളും ഉണ്ടായി. സെനറ്റിലെ ഡെമോക്രാറ്റിക് നേതാവ് പാറ്റി മറി ബില്ലിനെതിരെ വോട്ട് ചെയ്തു. ട്രംപ് ഭരണകൂടത്തിന്റെ വെനിസ്വേലയിലെ സൈനിക നടപടികളെ നിയന്ത്രിക്കാൻ ബിൽ മതിയായ നടപടികൾ ഉൾപ്പെടുത്തിയില്ലെന്നും, അവ 'നിയമവിരുദ്ധം' ആണെന്നും എതിർത്തവർ ആരോപിച്ചു. ഇത് കൂടാതെ, സൈനികർക്കായി IVF (കൃത്രിമ ഗർഭധാരണം) ചികിത്സാ കവറേജ് വിപുലീകരിക്കുന്ന വ്യവസ്ഥ ബില്ലിൽ നിന്ന് ഒഴിവാക്കിയതിലും അവർ എതിർപ്പ് അറിയിച്ചു. 'ഈ ഭരണകൂടം സൈന്യത്തെ രാഷ്ട്രീയവൽക്കരിക്കുന്നതും ആയുധമാക്കുന്നതും നമ്മെ ആശങ്കപ്പെടുത്തണം,' എന്ന് പാറ്റി മറി പ്രതികരിച്ചു.

### ബില്ലിലെ ശ്രദ്ധേയമായ മറ്റ് 3 വ്യവസ്ഥകൾ ഇവയാണ്

**1) ബോട്ട് ആക്രമണ ദൃശ്യങ്ങൾ പുറത്തുവിടാത്തതിൽ പെന്റഗണിന് ശിക്ഷ**

കരീബിയൻ കടലിൽ മയക്കുമരുന്ന് കടത്തൽ സംശയിച്ച് ബോട്ടുകളെ ആക്രമിച്ച (11 പേർ കൊല്ലപ്പെട്ടു) സൈനിക ഓപ്പറേഷന്റെ എഡിറ്റ് ചെയ്യാത്ത വീഡിയോ കോൺഗ്രസിന് കാണിക്കാത്ത പക്ഷം, പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തിന്റെ യാത്രാ ബജറ്റിന്റെ 25% കുറയ്ക്കും എന്ന വ്യവസ്ഥ ബില്ലിൽ ഉണ്ട്.

ഈ സംഭവത്തിൽ രക്ഷപ്പെട്ടവർക്കെതിരെ വെടിവെച്ചത് യുദ്ധകുറ്റമായി കണക്കാക്കാമെന്ന വിമർശനവും ഉയർന്നിരുന്നു.

**2) ഹെലികോപ്റ്റർ മുന്നറിയിപ്പ് ഇളവുകൾക്ക് ഇരുപാർട്ടി എതിർപ്പ് :**

വാഷിംഗ്ടൺ ഡി.സി.യിൽ ചില ഹെലികോപ്റ്ററുകൾക്ക് വിമാനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിൽ ഇളവ് അനുവദിക്കുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഇതുപോലുള്ള ഇളവുകളാണ് ജനുവരിയിൽ റീഗൺ നാഷണൽ എയർപോർട്ടിന് സമീപം നടന്ന വിമാനാപകടത്തിന് (67 പേർ മരിച്ചു) കാരണമായതെന്ന് വിമർശകർ പറയുന്നു.

ഇത് തിരുത്താൻ, ഡിസംബർ 17ന് സെനറ്റ് പുതിയ സുരക്ഷാ ബിൽ ഏകകണ്ഠമായി പാസാക്കി.

**3) ലംബീ ഗോത്രത്തിന് ഫെഡറൽ അംഗീകാരം:**

നോർത്ത് കരോലിനയിലെ ലംബീ ഗോത്രത്തിന് വർഷങ്ങളായുള്ള പോരാട്ടത്തിന് ശേഷം ഫെഡറൽ അംഗീകാരം ലഭിച്ചു. ഇതോടെ ഗോത്രസമൂഹത്തിന് മില്യൺ ഡോളറുകളുടെ സർക്കാർ പദ്ധതികൾ ലഭ്യമാകും. ചില മറ്റ് ഗോത്രങ്ങൾ ഇതിനെതിരെ വിമർശനം ഉന്നയിച്ചെങ്കിലും, പ്രസിഡന്റ് ഡോണൾഡ് ട്രംപ് ലംബീ ഗോത്രത്തിന്റെ ശക്തമായ പിന്തുണക്കാരനായിരുന്നു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).


Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

# ശിക്ഷ റദ്ദാക്കണം; കോടതിയെ സമീപിച്ച് എപ്സ്റ്റീന്റെ കൂട്ടാളി ഗിസ്ലെയ്ൻ മാക്സ്വെൽ

വാഷിംഗ്ടൺ: ലൈംഗിക കുറ്റവാളിയായ ജെഫ്രി എപ്സ്റ്റീന്റെ കൂട്ടാളിയെന്ന് ആരോപിച്ച് ശിക്ഷിക്കപ്പെട്ട ഗിസ്ലെയ്ൻ മാക്സ്വെൽ തന്റെ 20 വർഷത്തെ തടവ് റദ്ദാക്കുകയോ കുറയ്ക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഫെഡറൽ കോടതിയെ സമീപിച്ചു.



സിവിൽ കേസുകളിൽ നിന്നും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നും മറ്റ് രേഖകളിൽ നിന്നും ന്യായമായ വിചാരണ ലഭിച്ചില്ലെന്ന് തെളിയിക്കുന്ന തെളിവുകൾ പുറത്തുവന്നിട്ടുണ്ടെന്ന് കോടതി ഫയലിംഗിൽ മാക്സ്വെൽ അവകാശപ്പെടുന്നു.

2021ൽ കുറ്റക്കാരിയാണെന്ന് കണ്ടെത്തിയ മാക്സ്വെൽ തന്റെ ജയിൽ ശിക്ഷ കുറയ്ക്കാൻ നിരവധി തവണ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടതിനെ തുടർന്നാണ് അപ്പീൽ. എപ്സ്റ്റീനെക്കുറിച്ചുള്ള ഫെഡറൽ അന്വേഷണങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പുറത്തുവിടാൻ നീതിന്യായ വകുപ്പിന് ഡിസംബർ 19 വരെ സമയപരിധി ഉള്ള സാഹചര്യത്തിലാണ് ഇത്.

തന്റെ മുൻ കാമുകനും ലൈംഗിക കുറ്റവാളിയുമായ എപ്സ്റ്റീനുമായി ചേർന്ന് പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ വശീകരിച്ച് ദുരുപയോഗം ചെയ്തതിനാണ് മാക്സ്വെല്ലിനെ ശിക്ഷിച്ചത്. 2019 ഓഗസ്റ്റ് 10ന് എപ്സ്റ്റിനെ ജയിലിൽ മരിച്ച നിലയിൽ കണ്ടെത്തി. ഫെഡറൽ ബ്യൂറോ ഓഫ് പ്രിസൺസിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം, എപ്സ്റ്റീൻ ആത്മഹത്യ ചെയ്തിരിക്കാം എന്നാണ് വ്യക്തമാക്കുന്നത്.

## American Diary — 50 Years Ago

### *Miss Fromme Gets Life in Ford Attack*



SACRAMENTO: Lynette Alice Fromme, 27 years old, was sentenced today to life imprisonment for attempting to kill President Ford in Capitol Park here on Sept. 5.

In a courtroom session in which Miss Fromme hit the United States Attorney with a thrown apple, Federal District Judge Thomas J. MacBride termed Miss Fromme unfit for a lesser sentence that would have involved possible rehabilitation. Dwayne Keyes, United States Attorney, was struck on the right side of his head by the apple after he told Judge MacBride. that Miss Fromme's punishment should be "severe" because she had shown herself to be full of "hate and violence."

At the time, Miss Fromme was standing before Judge MacBride for sentencing, carlying the red robes she wore at the time " she pointed a loaded 45-caliber pistol at Mr. Ford as he walked through Capitol Park on his way to speech before the State Legislature. Judge MacBride had noticed the apple concealed in the robe and had jokingly asked her what it was for. "It's for you, Your Honor," she replied.

December 17, 1975



# 'ട്രംപിന്റെ നടപടി യുദ്ധക്കൊതിയൻമാരുടെ ഭീഷണി'; പൊട്ടിത്തെറിച്ച് മഡുറോ

വാഷിങ്ടൺ: വെനിസ്വേല എണ്ണക്കപ്പലുകൾക്ക് പൂർണ വിലക്ക് ഏർപ്പെടുത്തുകയാണെന്ന ഭീഷണിയുമായി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

'ഞങ്ങളുടെ സ്വത്ത് കട്ടെടുക്കുന്നതു കൊണ്ടും ഭീകരത, മയക്കുമരുന്ന് കടത്ത്, മനുഷ്യക്കടത്ത് തുടങ്ങിയവ കാരണത്താലും വെനിസ്വേല സർക്കാർ ഭീകരസംഘടനയായി മാറിയിരിക്കുകയാണ്. അതിനാൽതന്നെ, വെനിസ്വേലയിൽനിന്ന് പോകുകയും അവിടേക്ക് വരുകയും ചെയ്യുന്ന എല്ലാ എണ്ണക്കപ്പലുകൾക്കും പൂർണ വിലക്ക് ഏർപ്പെടുത്തുകയാണ്' ട്രംപ് 'ട്രൂത്ത് സോഷ്യലി'ൽ കുറിച്ചു.

എന്നാൽ ട്രംപിന്റെ ഉത്തരവ് 'യുദ്ധക്കൊതിയൻമാരുടെ ഭീഷണികൾ' എന്ന് പറഞ്ഞ് വെനിസ്വേല തിരിച്ചടിച്ചു. ട്രംപിന്റെ യുക്തിരഹിതമായ ഉപരോധം ഒരു ഭീകരമായ ഭീഷണിയാണെന്നും രാജ്യത്തിന്റെ എണ്ണ സമ്പത്ത് മോഷ്ടിക്കാനുള്ള ശ്രമമാണെന്നും സർക്കാർ ഒരു പ്രസ്താവനയിൽ പറഞ്ഞു.

യുഎസ് നടപടികൾ കപ്പൽ പാതകളെ തടസ്സപ്പെടുത്തിയതിനാൽ ഈ ആഴ്ച വെനിസ്വേലയുടെ കയറ്റുമതി കുത്തനെ ഇടിഞ്ഞു.

## റീ...പോളിംഗ്




*നാഷണൽ ഹെറാൾഡ് കേസിലെ കുറ്റപത്രം കോടതി തള്ളി*

# സീറോ മലബാർ കൺവെൻഷന് ടെക്സാസിലെ കോപ്പൽ സെന്റ് അൽഫോൻസാ പള്ളിയിൽ ഉജ്ജ്വല തുടക്കം



ഷിക്കാഗോ: ഇന്ത്യയ്ക്ക് പുറത്ത് സീറോ മലബാർ രൂപതക്ക് ആദ്യമായി ലഭിച്ച ഷിക്കാഗോ രൂപതയുടെ രൂപത വിജയകരമായ 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ നടത്തപ്പെടുന്ന കൺവെൻഷന്റെ കിക്കോഫ് ടെക്സാസിലെ കോപ്പൽ സെന്റ് അൽഫോൻസാ, പള്ളിയിൽ രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു. ഇടവക വികാരി ഫാ. ഫാദർ മാത്യു മുഞ്ഞനാട്ടും ഇടവകാംഗങ്ങളും ജോയ് പിതാവിനെ സസ്നേഹം സ്വീകരിച്ചു. ഇടവകയിലെ കൺവെൻഷൻ പ്രതിനിധികളായ സിജിമോൾ ജോസഫ്, റോബിൻ കുര്യൻ, ട്രസ്റ്റിമാരായ ജോഷി കുര്യാക്കോസ്, രഞ്ജിത്ത് തലക്കോട്ടൂർ, റോബിൻ ജേക്കബ് എന്നിവർ കിക്കോഫ് അതിമനോഹരമാക്കുന്നതിന് നേതൃത്വം നൽകി.

ജോയ് പിതാവ് തന്റെ സന്ദേശത്തിൽ ഈ കൺവെൻഷന്റെ ആവശ്യകതയെയും ഈ കൺവെൻഷനിലൂടെ താൻ വിഭാവനം ചെയ്യുന്ന തലമുറകളുടെ സംഗമം, സൗഹൃദ കൂട്ടായ്മ, സഭയുടെ ശോഭനഭാവിക്ക് ഉതകും വിധത്തിലുള്ള ചർച്ചകൾ, യുവജന പങ്കാളിത്തം എന്നിവയെ കുറിച്ച് വിശദമായി പ്രതിപാദിച്ചു. വിശ്വാസത്തിന്റെ ഈ മഹാസമ്മേളനത്തിലേക്ക് രൂപതയിലെ എല്ലാ കുടുംബങ്ങളും വന്നുചേരണമെന്നാണ് തന്റെ ആഗ്രഹവും പ്രത്യാശയുമെന്ന് പിതാവ് പറയുകയുണ്ടായി. വിശ്വാസവും, അറിവും, സൗഹൃദങ്ങളും പങ്കുവയ്ക്കുവാനുള്ള അനുഗ്രഹീതമായ ഒരു വേദിയായി ഈ കൺവെൻഷനെ കാണണമെന്നും യുവജനങ്ങളെ പ്രത്യേകം ഇതിലേക്ക് കൊണ്ടുവരണമെന്നും പിതാവ് ആഹ്വാനം ചെയ്തു. രൂപതയുടെ പ്രഥമ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക രജതജൂബിലി കൂടി ഈ വേളയിൽ ആഘോഷിക്കുകയാണ്. കഴിഞ്ഞ 25 വർഷങ്ങളിലായി രൂപത കൈവരിച്ച വളർച്ചയിൽ പങ്കാളികളായ ഏവരെയും ഈ അവസരത്തിൽ ആദരപൂർവ്വം ഓർമ്മിക്കുന്നു. വികാരി ഫാ: മാത്യു ഇടവകാംഗങ്ങളുടെ പൂർണ്ണ സഹകരണവും പങ്കാളിത്തവും വാഗ്ദാനം ചെയ്യുകയും ഏവരെയും കൺവെൻഷനിൽ പങ്കുചേരാനായി ക്ഷണിക്കുകയും ചെയ്തു.

കൺവൻഷൻ ഫിനാൻസ് ചെയർമാൻ ആൻഡ്രൂസ് തോമസ് കൺവൻഷനെ പറ്റി വിശദമായി പ്രതിപാദിച്ചു. 2026 ജൂലൈ മാസം നടക്കുന്ന സിറോ മലബാർ കൺവൻഷൻ, രൂപതയുടെ ചരിത്രത്തിൽതന്നെ സ്ഥാനം പിടിക്കുന്ന തലത്തിൽ വിജയകരമാക്കി തീർക്കുവാൻ വിപുലമായ പ്രവർത്തനങ്ങൾ നടന്നു വരുന്നതായി അദ്ദേഹം അറിയിച്ചു. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ. ഈ അവസരം എല്ലാവരും ഉപയോഗിക്കണമെന്നും ആൻഡ്രൂസ് അഭ്യർഥിച്ചു.

കൺവെൻഷൻ നാഷണൽ ഫണ്ട് റൈസിംഗ് കോർഡിനേറ്റർ ജോൺസൺ കണ്ണൂക്കാടൻ കൺവെൻഷനോടനുബന്ധിച്ച് നടത്തുന്ന പ്രോഗ്രാമുകളെ പറ്റി വിശദീകരിച്ചു.

2026 ജൂലൈ മാസം 9 മുതൽ 12 വരെ ഷിക്കാഗോ നഗരത്തിലെ മക്കോർമിക് പ്ലേസും അതോട് ചേർന്ന മൂന്ന് ഹോട്ടലുകളും ആണ് കൺവെൻഷൻ നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

◗ ബീനാ വള്ളിക്കളം

# ന്യൂജേഴ്സി പാറ്റേഴ്സൺ പള്ളിയിൽ കൺവെൻഷൻ കിക്കോഫ് വിജയകരം



ഷിക്കാഗോ: 2026 ജൂലൈ 9 മുതൽ 12 വരെ ഷിക്കാഗോയിൽ നടക്കുന്ന സീറോ മലബാർ കൺവെൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ന്യൂജേഴ്സിയിലെ സെന്റ് ജോർജ് പള്ളിയിൽ ഡിസംബർ ഏഴിന് അതിമനോഹരമായി നടന്നു. കൺവെൻഷൻ രജിസ്ട്രേഷൻ കിക്കോഫിനായി കത്തീഡ്രൽ ഇടവക വികാരിയും കൺവെൻഷൻ കൺവീനറുമായ ഫാദർ തോമസ് കടുകപ്പിള്ളിൽ, മാർക്കറ്റിംഗ് ചെയർമാൻ സജി വർഗീസ്, പിആർഒ റോമിയോ കാട്ടുക്കാരൻ എന്നിവരെ ഇടവ വികാരി ഫാദർ സിമ്മി തോമസിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ സ്വീകരിച്ചു.

കൺവെൻഷന്റെ ഇടവകയിൽ നിന്നുള്ള പ്രതിനിധികളായ ജോയ് ചാക്കപ്പൻ, നിമ്മി റോയ്, ജസ്റ്റിൻ ജോസഫ്, സെലിൻ ജേക്കബ്, ട്രസ്റ്റിമാരായ സെബാസ്റ്റ്യൻ ടോം, ജോർജ് സാബു തോമസ് എന്നിവർ എന്നിവർ കിക്കോഫ് മനോഹരമാക്കുവാൻ നേതൃത്വം നൽകി. ഫാദർ തോമസ് കൺവെൻഷന്റെ ആവശ്യകതയെ കുറിച്ചും യുവജന പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പറയുകയുണ്ടായി. സജി വർഗീസും, റോമിയോയും കൺവെൻഷന്റെ വിവിധ വശങ്ങളെ കുറിച്ച് പ്രതിപാദിച്ചു. കൺവെൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരി ഫാ. സിമ്മി തോമസ് ഉറപ്പുനൽകി.

രൂപതയിലെ എല്ലാ പള്ളികളിലെയും കൺവെൻഷൻ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനത്തിന്റെ ഭാഗമായി കൺവെൻഷൻ പ്രതിനിധികൾ ഇടവക സന്ദർശനം നടത്തിവരുന്നു. വിവരങ്ങൾ പങ്കുവയ്ക്കുക വഴി കൺവെൻഷൻ രജിസ്ട്രേഷൻ എളുപ്പമാവുകയും കൂടുതൽ വിശ്വാസികളെ ഈ മഹാ കൂട്ടായ്മയിൽ പങ്കു ചേർക്കാൻ കഴിയുകയും ചെയ്യുമെന്ന് ടീം വിശ്വസിക്കുന്നു.

പാറ്റേഴ്സൺ ഇടവകയിലെ വികാരിയച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.



# ന്യൂയോർക്ക് റോക്ക്‌ലാൻഡ് സീറോ മലബാർ പള്ളിയിൽ കൺവെൻഷൻ കിക്കോഫ് മനോഹരമായി

ഷിക്കാഗോ: ഇന്ത്യയ്ക്ക് പുറത്ത് സീറോ മലബാർ രൂപതക്ക് ആദ്യമായി ലഭിച്ച ഷിക്കാഗോ രൂപതയുടെ രൂപത 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ നടത്തപ്പെടുന്ന കൺവെൻഷന്റെ കിക്കോഫ് ന്യൂയോർക്കിലെ റോക്ക്‌ലാൻഡ് ഹോളി ഫാമിലി സീറോ മലബാർ പള്ളിയിൽ ജൂബിലി കൺവീനർ ഫാ.ജോൺ മേലേപ്പുറത്തിലിന്റെ നേതൃത്വത്തിൽ ഡിസംബർ 14ന് നടന്നു.

ഇടവകയിൽ എത്തിച്ചേർന്ന അച്ചനെയും ജൂബിലി ചെയർമാൻ ജോസ് ചാമക്കാലയെയും ഇടവക വികാരി ഫാ. സ്റ്റീഫൻ കണിപ്പള്ളിലിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു.

സന്തോഷ് വർഗീസ്, ചെറിയാൻ മാത്യു, ജോസഫ് പള്ളിപുറത്തുകുന്നേൽ, ജോയ് തറത്തട്ടേൽ, ജെസി ജോസഫ്, തോമസ് പാലച്ചേരി, ഷൈൻ റോയ് എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നൽകി. ഫാ.ജോൺ തന്റെ സന്ദേശത്തിൽ ഈ കൺവെൻഷന്റെ ആവശ്യകതയെ കുറിച്ചു വിശദീകരിച്ചു.

ജോസ് ചാമക്കാല രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, കൺവെൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു.

റോക്ക്‌ലാൻഡ് പള്ളിയിലെ അച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.



# കണക്റ്റിക്കട്ട് സീറോ മലബാർ പള്ളിയിൽ കൺവെൻഷൻ കിക്കോഫിന് ആവേശകരം

ഷിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ദേശീയ കൺവെൻഷന്റെ പ്രചാരണത്തിനും കിക്കോഫിനുമായി കൺവെൻഷൻ കൺവീനർ ഫാ. തോമസ്കടുകപ്പിള്ളിയോടൊപ്പം കണക്റ്റിക്കട്ട് സെന്റ് തോമസ് സീറോ മലബാർ ദേവാലയം സന്ദർശിച്ച കൺവെൻഷൻ ടീമിന് സ്നേഹപൂർവ്വമായ സ്വീകരണം ഇടവകാംഗങ്ങൾ നൽകി.

ഫാ. തോമസ് രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവൻഷനിലേക്ക് ഏവരെയും ഹാർദ്ദവമായി ക്ഷണിച്ചു. നാലു ദിവസങ്ങളിലായി നടത്തപ്പെടുന്ന കൺവെൻഷൻ പരിപാടികളുടെ രൂപരേഖ ക മാർക്കറ്റിംഗ് ചെയർമാൻ സജിവർഗ്ഗീസ് അവതരിപ്പിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിഅംഗം ജേക്കബ് തോമസ്, ഇൻവിറ്റേഷൻകമ്മിറ്റികോർഡിനേറ്റർ റോസമ്മതെനിയപ്ലാക്കൽ എന്നിവരും കൺവൻഷൻ ടീമിന്റെ ഭാഗമായി എത്തിയിരുന്നു. ഇടവകയിൽ നിന്നുള്ള കൺവെൻഷൻ പ്രതിനിധികളായ ടോണി തോമസ്, റെജി നെല്ലിക്ക്, സഞ്ജയ് ജോസഫ്, അനിൽ മാത്യു എന്നിവർ മനോഹരമായ കൺവെൻഷൻ കിക്കോഫിന് നേതൃത്വം നൽകി. ഇടവകാംഗങ്ങളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കൺവെൻഷൻ ടീമിന് വലിയ ആവേശം പകർന്നു.

ഫാ. ജോസഫ് പുള്ളിക്കാട്ടിൽ ഇടവകയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചതോടൊപ്പം ഏവരെയും ഇതിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്തു. കണക്റ്റിക്കട്ട് പള്ളിയിലെ അച്ചന്റെയും , ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

# കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയുടെ ക്രിസ്തുമസ് പുതുവത്സരാഘോഷം ശനിയാഴ്ച ഡിസംബർ 27ന്

ഷിക്കാഗോ: ക്രിസ്തുവിന്റെ ജന്മദിനവും പുതുവത്സരവും ഏകോപിപ്പിച്ചു കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയും, കേരളാ കൾച്ചറൽ സെന്ററും സംയുക്തമായി നടത്തുന്ന 2025 ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങളുടെ രജിസ്ട്രേഷൻ പൂർവാധികം ഭംഗിയായി മുന്നേറുന്നു. ഡിസംബർ 16ന് കെ.സി.സി.സി ആസ്ഥാനത്തു കെ.സി.സി.സി പ്രസിഡന്റ് പ്രമോദ് സക്കറിയാസിന് സ്പോൺസർഷിപ്പ് ചെക്ക് നൽകിയാണ് സ്റ്റാൻലി ജോസഫ് മുണ്ടയ്ക്കൽ രജിസ്ട്രേഷൻ നടത്തിയത്.




2025 ലെ പുതുവത്സരാഘോഷം ഡിസംബർ മാസം 27ന് ശനിയാഴ്ച ഡൗണേഴ്സ്ഗ്രോവിലുള്ള അക്ഷയന (1620 75th St Downers Grove IL 60516) ബാങ്ക്വറ്റ്ഹാളിൽ വച്ച് നടത്തുന്നതാണ്. വൈകുന്നേരം 5.30 മുതൽ 11.00 വരെയാണ് ആഘോഷങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ജനറൽ കോർഡിനേറ്റർ ഹെറാൾഡ് ഫിഗരെദോയുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. സിബി പാത്തിക്കൽ, സന്തോഷ് അഗസ്റ്റിൻ, മാഗി സന്തോഷ്, ഓമന ടോമി (രജിസ്ട്രേഷൻ), പ്രമോദ് സക്കറിയാസ്, ആന്റോ കവലക്കൽ, ടോം പോൾ കിടങ്ങയിൽ, ജെയിംസ് കുരുവിള ഇടുക്കുതറയിൽ, തമ്പിച്ചൻ ചെമ്മാച്ചേൽ, ഫിലിപ്പ് മാണി പറമ്പിൽ, ത്രേസിയാമ്മ ചെന്നിക്കര (ഫിനാൻസ്), സിറിൽ ചെന്നിക്കര വാചകം (പബ്ലിക് റിലേഷൻസ്), സ്റ്റാൻലി ജോസഫ്, ഷിബു വെൺമണി, മാമ്മൻ കുരുവിള, രാജു മാധവൻ, തോമസ് പ്ലാക്കൽ, ജെയിംസ് ആലപ്പാട്ട് (ഫുഡ് ആൻഡ് അക്കൊമൊഡേഷൻ), ടോമി ഇളപ്പുങ്കൽ (സ്നാക്ക്സ് ആൻഡ് ഡ്രിങ്ക്സ്), ജോസഫ് സിറിയക്, നിഷ സിറിയക്, ലിറ്റി ടോം, ലിജി ജോസഫ് (സ്റ്റേജ് ആൻഡ് എന്റർടെയിൻമെന്റ്സ്), മാത്യു ജോസഫ്, ജോസ് മാത്യു (വാദ്യ സംഗീതം), ജെയിംസ് കുരുവിള ഇടുക്കുത്തറ, പീറ്റർ കുരുവിള (ഗാനമേള), ജോർജ് മാത്യു (ബിജോയ്) ആൻഡ് ഡെൽസി മാത്യു (ഗ്രീൻ റൂം), ഏലമ്മ ചെറിയാൻ, ഡോ. റോസ് മേരി കോലംചേരി, മേരിക്കുട്ടി കുര്യാക്കോസ് (ടൈം മാനേജ്മെന്റ്), മാർട്ടിൻആൻഡ്ഫിൽസികോലംചേരി, ടോം ആൻഡ് ഫിൽബി മൂലയിൽ, റിൻസൺ പാറയക്കൽ, സോഫി പാലിയത്ത് (ഹോസ്പിറ്റാലിറ്റി ആൻഡ് അഷേർസ്).

മെഗാ സ്പോൺസേഴ്സായി ടോം സണ്ണിയും (Retirement Planner and Insurance Strategist), ഗ്രാൻഡ് സ്പോൺസേഴ്സായി അറ്റോർണി സ്റ്റീവ് ക്രിഫേസിന്റെയും, ഡോക്ടർ ജോ പുത്തന്റെയും (Alert IT Solution Inc), പ്രമോദ് സഖറിയാസ്, ടിനോ സൈമൺ (Secure Tax Services), എലാൻ സുരേന്ദ്രൻ (Medicare), ഹെറാൾഡ് ഫിഗരെദോ, തമ്പിച്ചൻ ചെമ്മാച്ചേൽ, ഡോക്ടർ ജിജി കളത്തിവീട്ടിൽ, ജോസഫ് സിറിയക്, ടോം പോൾ കിടങ്ങയിൽ, രാജ് പിള്ളൈ (communtiy leader) എന്നിവർ ഇതിനോടകംതന്നെ സ്പോൺസർഷിപ് ചെക്കുകൾ നൽകി കഴിഞ്ഞു.

സ്പോൺസേഴ്സായി സിബി പാത്തിക്കൽ, ആന്റോ കവലക്കൽ, സന്തോഷ് അഗസ്റ്റിൻ, ടോമി വെള്ളൂക്കുന്നേൽ (റിയൽറ്റർ), A1 ഇന്ത്യൻ ഗ്രോസറി, സൽക്കാര ഫുഡ്സ്, Bickey (Allstate insurance), Shibu Venmoney എന്നിവരും ചെക്കുകൾ നൽകി.

പ്രവേശനം ($100.00) പാസ് മൂലം നിയന്ത്രിക്കുന്നതാണ്. പ്രവേശന പാസിനായി പ്രസിഡന്റ് ആന്റോ കവലയ്ക്കൽ 630-666-7310, ജനറൽ കോർഡിനേറ്റർ ഹെറാൾഡ് ഫിഗരെദോ 630-400-1172, സെക്രട്ടറി സിബി പാത്തിക്കൽ 630-723-1112, എന്നിവരുമായോ ഏതെങ്കിലും കെ.എ.സി/കെ.സി.സി ഭാരവാഹികളുമായോ ബന്ധപ്പെടാവുന്നതാണ്.

കൃത്യം 5.30ന് സോഷ്യൽഹവർ ആരംഭിക്കുന്നതാണ്. തുടർന്ന് പൊതുസമ്മേളനവും, വിശിഷ്ടതിഥികളായി സാമൂഹിക, രാഷ്ട്രീയ, സാമുദായിക പ്രതിനിധികൾ പങ്കെടുക്കുന്നതാണ്, വിഭവ സമൃദ്ധമായ, മലയാളീ കൈയൊപ്പോടുകൂടിയ ഡിന്നർ, വിവിധ എന്റർടെയിൻമെന്റ് പരിപാടികളായ, ഡാൻസ്, സംഗീതം. സ്കിറ്റ്, പഞ്ചാബി ഡാൻസ്, salsa dance തുടങ്ങിയവകൾ ഉണ്ടായിരിക്കുന്നതാണ്.

# ക്രിസ്തുമസ് ന്യൂഇയർ സമ്മാനമായി ഫൊക്കാന ഏർലി ബേർഡ് രെജിസ്ട്രേഷൻ ഡിസംബർ 31 വരെ മാത്രം

ന്യൂയോർക്ക്: അമേരിക്കയിലെ മലയാളികളുടെ സംഘടനകളുടെ സംഘടനായ ഫൊക്കാനയുടെ ഇന്റർനാഷണൽ കൺവെൻഷൻ ഓഗസ്റ്റ് 6, 7, 8 , 9 തീയതികളിൽ പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ടിൽ വെച്ച് ഒരു ചരിത്ര കൺവെൻഷന് സാക്ഷിയാകാൻ പോകുന്നു. നിങ്ങളും അതിൽ ഒരു ഭാഗമാകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ലോകത്തിലെ ഏറ്റവും വലിയ ഇൻഡോർ ആൻഡ് ഔട്ട് ഡോർ വാട്ടർ പാർക്കാണ് കാലാഹാരി റിസോർട്ട്. പ്രകൃതി ഭംഗികൊണ്ട് അനുഗ്രഹിതമായ പോക്കനോസ് മൗണ്ടൻസിലാണ് ഈ റിസോർട്ട്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഡ്രൈവബിൾ ഡിസ്റ്റൻസാണെന്നത് ഏവരെയും പ്രിയങ്കരമാക്കുന്നു. കാലാവസ്ഥയും, രമണീയമായ ഭൂപ്രകൃതിയും, ലോകത്തിലേക്കും ഏറ്റവും വലുതും കുട്ടികൾക്കും വലിയവർക്കും ഒരു പോലെ ആസ്വദിക്കാവുന്ന വാട്ടർ പാർക്കുമാണ് ഏവരെയും പോക്കണോസിനെയും കലാകാരിയെയും വിസ്മയമാക്കുന്നത്. 2026 ലെ ഫാമിലി വെക്കേഷൻ കലഹരിയിൽ ആകട്ടെ ...., ഫൈവ് സ്റ്റാർ റീസർട്ടിലെ താമസം, ഭക്ഷണം, വാട്ടർ പാർക് എൻട്രി, മാസ്മറിസ് പ്രോഗ്രാംസ്, സ്റ്റേജ് ഷോ, അവാർഡ് നൈറ്റ്, ഗ്രാൻ ഫിനാലെ ഓഫ് യുവജനോത്സവം തുടങ്ങിയ അനേകം പ്രോഗ്രാമുകൾ ഉൾപ്പെടെ അതിശയിപ്പിക്കുന്ന കലാപരിപാടികൾ ഏവരെയും ഈ കൺവെൻഷൻ സ്വീകാര്യമാക്കുന്നു.

രജിസ്ട്രേഷൻ രണ്ടു പേർക്ക് $1200 ഉം, നാലു പേർ അടങ്ങുന്ന ഫാമിലിക്ക് (അച്ഛനമ്മമാർ രണ്ടു കുട്ടികൾ) $ 15000 ഡോളർ ആണ്. നാലായിരം ഡോളർ ചെലവുള്ള ഫാമിലി രെജിസ്ട്രേഷനാണ് ആയിരത്തി അഞ്ഞുറു ഡോളറിന് നൽകുന്നത്. ഓർക്കുക കലഹരിയിലെ ഓഗസ്റ്റിലെ ബേസിക് റൂം റേറ്റ് 690 മുതൽ 755 വരെ ആണ് അതിൽ ഫുഡ് ഉൾപ്പെടുന്നില്ല. കാലഹരി റിസോർട്ടിന്റെ വെബ്സൈറ്റിൽ പോയി ഓഗസ്റ്റിലെ റേറ്റ് നോക്കിയാൽ നമ്മൾ റേറ്റ് കണ്ടു അതിശയിച്ചുപോകും. അതാണ് മൂന്ന് രാത്രിക്കും നാല് പകലിനും $ 1500ന് നൽകുന്നത്.

ഒരു ഫാമിലി എന്ന ആശയത്തോട് കൂടിയാണ് ഈ റിസോർട്ട് തെരഞ്ഞെടുത്തത്. ഫാമിലി ആയി വന്ന് നാല് ദിവസം സന്തോഷവും ആഹ്ലാദപരവും, അത് എന്നും ജീവിതത്തിൽ ഓർത്തിരിക്കത്തക്ക നിമിഷങ്ങൾ ആക്കിത്തീർക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ കൺവെൻഷൻ പ്ളാൻ ചെയ്തിരിക്കുന്നത്. ഡിസംബർ 31 വരെ മാത്രമേ ഈ റേറ്റിൽ രെജിസ്ട്രേഷൻ റേറ്റ് നൽകുകയുള്ളൂ. അതിന് ശേഷം പുതിയ റേറ്റ് ആയിരിക്കും.

ഇത്രയും വിശാലമായ ഒരു വേദിയിൽ ഈ ഒരു ചിന്താഗതിയോടു സംഘടനകളൊന്നും ഇതിന് മുൻപ് ഇങ്ങനെ ഒരു കൺവൻഷൻ നടത്തിയതായി ഒരു അറിവുമില്ല. ഈ റിസോർട്ടിലെ താമസവും ഇവിടെത്തെ അനുഭവും ഒരിക്കലെങ്കിലും നാം അനുഭവിച്ചു അറിയേണ്ടുന്നതാണ്. കുറഞ്ഞ ബഡ്ജറ്റിൽ നാല് ദിവസങ്ങൾ ആഘോഷിക്കാനും ആനന്ദകരമാക്കാനും വേണ്ടി, ഫൊക്കാന കമ്മിറ്റി വിവിധ സ്റ്റേജ് ഷോകൾ, വേൾഡ് തലത്തിലുള്ള സൗന്ദ്യര്യ മത്സരങ്ങൾ, ബ്യൂട്ടി പേജന്റ്, അവാർഡ് നൈറ്റുകൾ, ബങ്കാറ്റു നൈറ്റ് എന്ന് വേണ്ട കണ്ടാലും കണ്ടാലും മതിവരാത്ത കലാപരിപാടികൾ ഉൾപ്പെടുത്തിയാണ് ഈ കൺവെൻഷൻ അരങ്ങേറുന്നത്. താഴെകാണുന്ന ലിങ്കിൽ കൂടെയോ അല്ലെങ്കിൽ fokanaonline.org എന്ന വെബ്സൈറ്റിൽ നിന്നോ രജിസ്റ്റർ ചെയ്യാം.

https://convention.fokanaonline.org/?_gl=1*1tdlte1*_ga*NzAwNDUzODAzLjE3NjE0MTI5NzE.*_ga_G3TYNYPDEE*czE3NjE0MTI5NzAkbzEkZzAkdDE3NjE0MTI5NzAkajYwJGwwJGgw.

കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചു ഒരു ചരിത്ര കൺവെൻഷനാക്കുവാനാണ് ഫൊക്കാന ശ്രമിക്കുന്നത്. രജിസ്റ്റർ ചെയ്തു പങ്കെടുക്കുന്ന എല്ലാവർക്കും നാലു ദിവസത്തെ വാട്ടർ പാർക്ക് ഫ്രീ ആയിരിക്കും, ഫുഡ്, വാട്ടർ പാർക്ക്, അക്കോമഡേഷൻ എന്നിവ ഉൾപെടയാണ് രജിസ്ട്രേഷൻ പാക്കേജ്.

വളരെ അധികം പ്രമുഖ കമ്പനികളുടെ ഔട്ട് ലെറ്റ് സ്റ്റോറുകൾ, കാസിനോകൾ തുടങ്ങി നിങ്ങൾ ഒരു വെക്കേഷന് എന്ത് ആഗ്രഹിക്കുന്നുവോ അത് നിങ്ങൾക്ക് കൈ എത്തും ദൂരത്തിൽ ഈ കൺവെൻഷൻ സെന്ററിൽ ലഭിക്കുന്നതാണ്.

ഇനിയും വളരെ കുറച്ചു റൂമുകൾ മാത്രമേ ബാക്കിയുള്ളൂ. ഫസ്റ്റ് കം ഫസ്റ്റ് സെർവ് ആണ്. അതുകൊണ്ട് നിങ്ങൾ ഇന്നുതന്നെ രജിസ്റ്റർ ചെയ്യണം എന്ന് അഭ്യർഥിക്കുകയാണ്.

◗ ശ്രീകുമാർ ഉണ്ണിത്താൻ



നാഴികമണി

# തോറ്റിട്ടും തോറ്റിട്ടും തോൽക്കാത്ത പാർട്ടി !



എൻ.പി. ചെക്കുട്ടി

വൈരുദ്ധ്യാത്മകവാദത്തിന്റെ ഏറ്റവും വലിയ ഗുണം ഏതു പ്രതിഭാസത്തെയും അതിന്റെ എതിർപ്രതിഭാസമായും തിരിച്ചും വ്യാഖ്യാനിക്കാൻ അത് അവസരം നൽകുന്നു എന്നതാണ്. അതായതു സത്യത്തിൽ ഒരു കായംകുളം വാളിന്റെ സ്വഭാവം അതിനുണ്ട്. വെട്ടിയാൽ വെട്ടുന്നവനും വെട്ടുകൊള്ളുന്നവനും തലപോകാം. ആർക്കാണ് വെട്ടു കൊള്ളാതെയിരിക്കുന്നത് എന്ന കാര്യം വെറും ഭാഗ്യം മാത്രമായി കണക്കാക്കിയാൽ മതി.

കമ്മ്യൂണിസ്റ്റ് ചരിത്രത്തിൽ സഖാവ് സ്റ്റാലിനാണ് ഈ കായംകുളം വാൾ പ്രയോഗത്തിന്റെ ഉസ്താദ്. കാരണം പാർട്ടിയിൽ തന്നേക്കാൾ പ്രായവും പക്വതയും പ്രവർത്തനപരിചയവും രാഷ്ട്രീയബോധവും ഒക്കെയുള്ള ഡസൻ കണക്കിന് നേതാക്കളെ വെട്ടിനിരത്തിയാണ് ടിയാൻ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം പിടിച്ചെടുത്തത്. അതിനായി വൈരുദ്ധ്യാത്മകവാദം ശാസ്ത്രീയമായി പ്രയോഗിച്ചു. എതിരാളികൾ മൂരാച്ചികളും താനും കൂടെയുള്ളവരും മാത്രം യഥാർത്ഥ കമ്മ്യൂണിസ്റ്റുകളും എന്ന് സിദ്ധാന്തിച്ചു. ട്രോട്സ്കി മുതൽ ബുഖാറിൻ വരെയുള്ള നിരവധി നേതാക്കളെ ഒന്നൊന്നായി വകവരുത്തി. അവരുടെ കമ്മ്യൂണിസം കമ്മ്യൂണിസ്റ്റ് വിരുദ്ധമാണ് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വകവരുത്തൽ പ്രക്രിയ അരങ്ങേറിയത്. ലെനിന്റെ കാലത്തു പാർട്ടി പോളിറ്റ് ബ്യൂറോയിൽ അംഗങ്ങളായിരുന്നനേതാക്കളിൽ തൊണ്ണൂറു ശതമാനവും സ്റ്റാലിൻ വന്നു അഞ്ചുവർഷം തികയും മുമ്പ് ഒന്നുകിൽ നാടുവിട്ടു. അല്ലെങ്കിൽ അവരെ കാലപുരിയ്ക്കയച്ചു. നാടുവിട്ടവരിൽ പ്രമുഖൻട്രോട്സ്കിആയിരുന്നു. പക്ഷേഅങ്ങേരെ അങ്ങനെ വെറുതെ വിട്ടാൽ കുഴപ്പമാവും എന്ന് സ്റ്റാലിൻ കരുതി. അതിനാൽ വാടകക്കൊലയാളികളെ വിട്ട് വിദൂരമായ മെക്സിക്കോയിൽ വെച്ചാണ് അദ്ദേഹത്തെ വകവരുത്തിയത്.

സ്റ്റാലിന്ശേഷം വൈരുദ്ധ്യാത്മകവാദത്തെ ഇങ്ങനെ ഫലപ്രദമായി ശത്രുസംഹാരത്തിനുപയോഗിച്ച പാർട്ടിയാണ് കേരളത്തിലെ സി.പി.ഐ (എം) എന്നത് മലയാളികൾക്കാകെ അഭിമാനം ഉണ്ടാക്കേണ്ട കാര്യമാണ്. പാർട്ടിയിൽ എതിരഭിപ്രായങ്ങൾ ഉയർന്നപ്പോൾ, അതിനെ അടിച്ചമർത്താൻ എതിരാളികൾ ലെനിനിസ്റ്റ് സംഘടനാതത്വങ്ങൾലംഘിക്കുന്നു എന്നവാദമാണ് അന്ന് പാർട്ടി പ്രമുഖൻ പിണറായി വിജയൻ ഉയർത്തിയത്. ലെനിൻ പറഞ്ഞ സംഘടനാതത്വങ്ങളിൽആഭ്യന്തരജനാധിപത്യവും തുറന്ന ചർച്ചയും ഭൂരിപക്ഷ നിലപാടുകൾക്ക് ന്യൂനപക്ഷം കീഴടങ്ങുന്ന രീതിയും ഉണ്ട്. നിലപാടുകളിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ന്യൂനപക്ഷത്തിന് പാർട്ടിവേദികളിൽ തുടർന്നും ശ്രമം നടത്താനുള്ള അവകാശവും അതിൽ അടങ്ങിയിരിക്കുന്നു. സ്റ്റാലിൻ അത് അംഗീകരിച്ചില്ല. പകരം എതിരാളികളെ ഒന്നൊന്നായി ഇല്ലായ്മ ചെയ്തു. പിണറായിയും ടി.പി. ചന്ദ്രശേഖരൻ പോലെ ചിലരുടെ കാര്യത്തിൽ സഖാവ് സ്റ്റാലിനെ മാതൃകയാക്കി. ബാക്കിയുള്ളവരുടെ കാര്യത്തിൽ അവരെ പുറംതള്ളി പാർട്ടിയെ ശുദ്ധീകരിച്ചു.

അതേ ശൈലിയാണ് ഇന്നും കേരളത്തിലെ സി.പി.ഐ (എം) പിന്തുടരുന്നത്. എതിർശബ്ദങ്ങൾക്കു പാർട്ടിയിൽ സ്ഥാനമില്ല. തലപോയില്ലെങ്കിലും ജീവിക്കാൻ വഴിയില്ലാതെ വഴിയാധാരമാക്കും. അത്ര കരുത്തുള്ള പാർട്ടിയാണ്. അതിനാൽ അത്തരക്കാർ പതുക്കെ ഒളിവിൽപോയി. അവർ പകൽ പാർട്ടിക്കാരും രാത്രി പാർട്ടിവിരുദ്ധരുമായി പരിണമിച്ചു. പലരും പതുക്കെ മറ്റു പാർട്ടികളിലേക്കു കാലുമാറാൻ ശ്രമം നടത്തി. പാർട്ടിയുടെ അഭ്യാസികളെ നേരിടാൻശേഷിയുള്ള കൈക്കരുത്ത് കൈവശമുള്ള പാർട്ടികളിലേക്ക് വേണം കൂടുവിട്ടു കൂടുമാറ്റം. അല്ലെങ്കിൽ അചിരേണ തല മണ്ണിൽ വീഴും. അതിനാൽ അഭയംതേടാൻ പറ്റിയ പാർട്ടി ബി.ജെ.പിയും ആർ.എസ്.എസും ഒക്കെയാണെന്നു പാർട്ടിക്കാർക്ക് നന്നായി അറിയാം. അതിനാൽ പലരും അവരുമായി രഹസ്യ ചർച്ച നടത്തി. ചിലർക്ക് അവിടെ അക്കമഡേഷൻ കിട്ടി. കേന്ദ്രക്കമ്മിറ്റിയിലെ ഒരു സീനിയർ അംഗംപോലും അങ്ങനെ രഹസ്യചർച്ച നടത്തിയതായി പറയുന്നത് അതിനു ദൃക്സാക്ഷ്യം വഹിച്ച ശോഭാ സുരേന്ദ്രനെ പോലുള്ള ബി.ജെ.പി നേതാക്കളാണ്. പറഞ്ഞത് ശോഭയായതു കൊണ്ട് കണ്ണൂരിലെ ചിറ്റപ്പൻ രക്ഷപ്പെട്ടു. കാരണം മാഡം പ്രധാനമായും ഭൂമിക്കച്ചവടം പോലുള്ള പൊതുക്കാര്യങ്ങളിലാണ് ഇടപെടുന്നത്. കച്ചവടത്തിൽ തെറ്റിയാൽ എന്തു കള്ളത്തരവും ആകാമെന്ന നിലയുള്ള നാട്ടിലായതിനാൽ ജനങ്ങൾ അത്തരം വാക്കുകൾക്ക് വലിയ വില കൊടുത്തില്ല.

എന്നാൽ മാഡം പറഞ്ഞതിൽ വസ്തുതയുണ്ട് എന്നാണ് ഇപ്പോഴത്തെ ത്രിതല പ്രാദേശിക തെരഞ്ഞെടുപ്പുകളിലെ ഫലങ്ങൾനോക്കുമ്പോൾവ്യക്തമാകുന്നത്. ചരിത്രത്തിൽഇന്നുവരെയില്ലാത്ത പരാജയമാണ് സി.പി.ഐ (എം) നേരിട്ടത്. എന്നാൽ ഞങ്ങൾ മുമ്പും തോറ്റിട്ടുണ്ട്; തിരിച്ചു വന്നിട്ടുമുണ്ട് എന്നാണ് പാർട്ടി വക്താക്കൾ പറയുന്നത്. അതിൽ മുമ്പൻ നിലവിലെ സെക്രട്ടറി എം.വി. ഗോവിന്ദൻ തന്നെ. കായിക വിഷയത്തിൽ ആയിരുന്നു അധ്യാപനം. എന്നാൽ കടുകട്ടി സൈദ്ധാന്തികൻ. വൈരുദ്ധ്യാത്മകവാദത്തിന്റെ ആശാൻ. അതിനാൽ അദ്ദേഹം നോക്കിയിട്ടൊരിടത്തും ഒരു പരാജയവും കാണുന്നില്ല. എല്ലാം എതിരാളികളുടെ ദുഷ്പ്രചാരണം. അപ്പോൾ സീറ്റുകളും പഞ്ചായത്തുകളും കോർപ്പറേഷനുകളും കയ്യിൽ നിന്ന് പോയതോ? നമ്മൾ ഭരിച്ച തിരുവനന്തപുരം നഗരസഭ ബി.ജെ.പിയുടെ കയ്യിലേക്ക്പോയതോ? അതൊക്കെ എന്ത് മായാജാലം?

അവിടെയാണ് വൈരുധ്യാത്മകയുടെ ജാലവിദ്യ പ്രയോഗത്തിൽ വരുന്നത്. അത് നമ്മൾ തോറ്റതല്ല. ബി.ജെ.പിയും കോൺഗ്രസ്സും കൂട്ടു ചേർന്ന് നമ്മളെ തോല്പിച്ചതാണ്. അതായതു വെറും കൊടും ചതി. പാർട്ടി ജയിക്കുന്ന സീറ്റിൽ കോൺഗ്രസ്സ് സ്വന്തം വോട്ടൊക്കെ ബി.ജെ.പിയ്ക്ക് കൊടുത്തു. അങ്ങനെ ബി.ജെ.പി നമ്മുടെ മുമ്പിൽകേറി. എവിടെയൊക്കെ അവർ വിജയിച്ചോ, അവിടെയൊക്കെ ഇങ്ങനെയൊരു അന്തർധാര പ്രവർത്തിച്ചു.

നേതാവ് ഇങ്ങനെ വിശദീകരിച്ചു നാക്കെടുക്കും മുമ്പാണ് പാർട്ടി സ്ഥാനാർത്ഥിയായി നിന്ന് തോറ്റ വ്യക്തി ബി.ജെ.പിയുടെ വിജയാഹ്ളാദ പ്രകടനത്തിന് പോയതും നേരത്തെ പഞ്ചായത്ത് പ്രസിഡന്റ് പദവിയും പാർട്ടി നേതൃപദവിയും കയ്യാളിയ ചങ്ങാതി നേരെപോയി ബി.ജെ.പിയിൽ ചേർന്നതുമൊക്കെ. അങ്ങനെ ചേരാനായി ഇനിയും എത്രയോപേര് തയ്യാറായി നിൽക്കുന്നുണ്ട് എന്നാണ് അദ്ദേഹം അറിയിച്ചത്.

കേരളത്തിലെ ഇന്നത്തെ അന്തരീക്ഷം നോക്കിയാൽ ഗോവിന്ദൻ പറഞ്ഞതല്ല, മറിച്ചു ബി.ജെ.പിയിലേക്ക്ചേക്കേറിയ നേതാവ് പറഞ്ഞതാണ് ശരിയെന്ന് ആർക്കും ബോധ്യമാവും. അതാണ് ഇന്നത്തെ കേരളത്തിൽ സി.പി.ഐ (എം) എന്ന പാർട്ടിയുടെ അവസ്ഥ. കൈയിലുള്ളത്പോയി, ഉത്തരത്തിലുള്ളത് കിട്ടിയതുമില്ല എന്ന ദുരവസ്ഥയിലാണ് അവർ. ബി.ജെ.പിയുടെ വർഗീയരാഷ്ട്രീയം അല്പം മറഞ്ഞുനിന്നു പരീക്ഷിച്ചു. മുസ്ലിംഭീകര ഭീഷണിയായിരുന്നു പ്രധാന വായ്ത്താരി. ഹിന്ദുവോട്ട് മൊത്തം പിടിക്കാം എന്നായിരുന്നു പദ്ധതി. എന്നാൽ സംഭവിച്ചതോ? ഹിന്ദുവോട്ടുകൾ ഏകീകരിക്കാൻകഴിഞ്ഞതുമില്ല, മുസ്ലിംക്രിസ്ത്യൻ വോട്ടുകൾ യു.ഡി.എഫ് പക്ഷത്തു ഉറച്ചു നിൽക്കുകയും ചെയ്തു. മലപ്പുറത്തെയും തൃശൂരിലെയും എറണാകുളത്തേയും കോട്ടയത്തെയും യു.ഡി.എഫ് വോട്ടുകളും തകർപ്പൻ വിജയവും നോക്കിയാൽ അറിയാം കാറ്റ് എങ്ങോട്ടാണ് വീശുന്നതെന്ന്. എന്നാൽ സർക്കാർ വിരുദ്ധ കാറ്റൊന്നും ഇവിടെ വീശുന്നില്ലെന്നും ആകെയുള്ളത് കോൺഗ്രസ്സ് ബി.ജെ.പി അന്തർധാരയാണെന്നുമാണ് ഗോവിന്ദൻ മാഷ് പറയുന്നത്. സ്കൂളിൽ മാഷ് പറയുന്നത് കേട്ട് തലയാട്ടാത്ത കുട്ടിയുടെ ചെവിക്കു പിടിച്ചു കശക്കാൻ വകുപ്പുണ്ട്. എന്നാൽ ഒരു നാട്ടിലെ വോട്ടർമാരുടെ മുഴുവൻ ചെവിക്കു പിടിക്കാൻ പഴയ കായികാധ്യാപകനായ ഗോവിന്ദൻ മാസ്റ്റർക്ക് സാധിക്കുമോ എന്നൊരു ചോദ്യം അവശേഷിക്കുന്നു.



# വാക്കീഗൺ മലയാളം കമ്മ്യൂണിറ്റിയുടെ 'സ്റ്റാർ നൈറ്റ് 2025' ക്രിസ്തുമസ് ന്യൂഇയർ ആഘോഷം ഡിസംബർ 27ന്

വാക്കീഗൺ: വാക്കീഗൺ മലയാളം കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ വർഷത്തെ ക്രിസ്തുമസ് പുതുവത്സര ആഘോഷമായ 'സ്റ്റാർ നൈറ്റ് 2025' ഡിസംബർ 27 ശനിയാഴ്ച അരങ്ങേറുന്നു. വൈകുന്നേരം 6.30ന് സെന്റ് ഡിസ്മാസ് ചർച്ചിലെ ഹണ്ടർ ഹാളിലാണ് ആഘോഷപരിപാടികൾ നടക്കുന്നത്.

തിരുപിറവിയുടെ സന്തോഷവും പുതുവർഷ പുലരിയുടെ പ്രതീക്ഷയും പങ്കുവെക്കുന്ന ഈ ചടങ്ങിൽ കുട്ടികളുടെയും മുതിർന്നവരുടെയും നൃത്ത നൃത്ത്യങ്ങൾ, സംഗീത പരിപാടികൾ, യുവമിഥുനങ്ങൾക്കായുള്ള 'കപ്പിൾ കോണ്ടസ്റ്റ്', ക്രിസ്തുമസ് ക്വിസ്, പുൽക്കൂട് മത്സരം തുടങ്ങി വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറും. ആഘോഷങ്ങൾക്ക് ആവേശം പകരാൻ ഡിജെ ഡാൻസ് പാർട്ടിയും ക്രമീകരിച്ചിട്ടുണ്ട്.

ലിറ്റിൽ ഫ്ളവർ കാത്തലിക് ഇടവക അഡ്മിനിസ്ട്രേറ്റർ ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റിയെ സഹായിക്കുന്ന ആത്മീയ ആചാര്യന്മാരും സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളും ചടങ്ങിൽ പങ്കെടുക്കും. വിഭവസമൃദ്ധമായ ഡിന്നറോട് കൂടി നടക്കുന്ന ഈ ആഘോഷരാവിലേക്ക് ജാതി മത ഭേദമന്യേ ഏവരെയും സ്വാഗതം ചെയ്യുന്നതായി ഓർഗാനൈസിങ് ടീം കൺവീനർമാർ അറിയിച്ചു.

◗ കെന്നഡി ലൂയിസ്



# വളർച്ചയുടെ അഞ്ചു വർഷം പൂർത്തിയാക്കി മലയാളി ലോ എൻഫോഴ്സ്മെന്റ് സംഘടന

ന്യൂയോർക്ക്: അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യൂണൈറ്റഡ് (AMLEU) തങ്ങളുടെ അഞ്ചാം വാർഷികം ആഘോഷിക്കുന്ന വേളയിൽ പ്രൗഢഗംഭീരമായ അത്താഴ വിരുന്ന് സംഘടിപ്പിച്ചു. കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് സംഘടന കൈവരിച്ച വളർച്ച, കരുത്തുറ്റ നേതൃത്വം, സമൂഹത്തിന് നൽകിയ സേവനം എന്നിവ വിളച്ചോതുന്നതായിരുന്നു ഈ സംഗമം.



വിശിഷ്ട നിയമപാലക നേതാക്കളെയും, കമ്മ്യൂണിറ്റിക്ക് വിലപ്പെട്ട പിന്തുണ നൽകിയ പങ്കാളികളെയും ചടങ്ങിൽ ആദരിച്ചു. നിയമനിർവ്വഹണ മേഖലയിലെ പ്രൊഫഷണലുകൾ, സർക്കാർ ഉദ്യോഗസ്ഥർ, വിവിധ കമ്മ്യൂണിറ്റി പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യം ചടങ്ങിന് മാറ്റ് കൂട്ടി, ഐക്യത്തിന്റെയും മലയാളി നേട്ടങ്ങളുടെയും പ്രതീകമായി ഈ വേദി മാറി.

ലോ എൻഫോഴ്സ്മെന്റ് സംഘടനയുടെ കഴിഞ്ഞ അഞ്ചുവർഷത്തെ വളർച്ചയെപറ്റി, പ്രസിഡന്റ് നിധിൻ എബ്രഹാം സംസാരിച്ചു.

### പ്രതിബദ്ധതയ്ക്കു നിയമപാലകാർക്ക് ആദരവ്

എഫ്ബിഐ ബാൾട്ടിമോർ ഫീൽഡ് ഓഫീസിന്റെ സ്പെഷ്യൽ ഏജന്റ് ഇൻ ചാർജ് ജിമ്മി പോൾ, ഡെപ്യൂട്ടി ചീഫ് ഷിബു ഫിപ്പോസ്, നിയമപാലന രംഗത്തിനപ്പുറം, സാമൂഹ്യ ഇടപെടലുകളിലൂടെ മികച്ച സ്വാധീനം ചെലുത്തിയ സ്ഥാപനങ്ങളെയും മറ്റു പ്രമുഖ വ്യക്തികളെയും ചടങ്ങിൽ ആദരിക്കുകയുണ്ടായി.

AMLEU കമ്മ്യൂണിറ്റിയുടെ സ്പെക്ട്രം ഓട്ടോയ്ക്ക് പില്ലർ ഓഫ് ഗുഡ്വിനും നിസ്വാർത്ഥമായ കാരുണ്യത്തിനും ദുരിതമനുഭവിക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുന്നതിലെ സമർപ്പണത്തിനും മുഹമ്മദ് ആമേന് ഹ്യൂമാനറ്റേറിയൻ അവാർഡും ന്യൂയോർക്ക് സംസ്ഥാനത്തുടനീളമുള്ള ഏഷ്യൻ അമേരിക്കൻ, പസഫിക് ഐലൻഡ് കമ്മ്യൂണിറ്റികളിൽ ശ്രദ്ധേയമായ നേതൃത്വം നൽകുന്ന സിബു നായർക്ക് AAPI ലീഡർഷിപ്പ് അവാർഡു നൽകി.

ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലിലെ കോൺസൽ സേവാങ് ഗ്യാൽത്സെൻ, പോർട്ട് അതോറിറ്റി പോലീസ് ഡിപ്പാർട്ട്മെന്റ് ചീഫ് ഗ്ലോറിയ ഫ്രാങ്ക് എന്നിവർ ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികളുടെ സാന്നിധ്യം പങ്കാളിത്തത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം വിളച്ചോതി.

സ്പെക്ട്രം ഓട്ടോ പരിപാടിയുടെ മുഖ്യ സ്പോൺസർ ആയിരുന്നു. പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും AMLEU നന്ദി രേഖപ്പെടുത്തി. AMLEU ട്രഷറർ സാർജന്റ് ബ്ലെസ്സൻ മാത്യു പ്രധാന സ്പോൺസർമാർക്ക് പ്രത്യേകം നന്ദി അറിയിച്ചു.

AMLEUവിന്റെ വൈസ് പ്രസിഡന്റും ഡെപ്യൂട്ടി ചീഫുമായ ഷിബു ഫിപ്പോസ് ഹൃദയസ്പർശിയായ നന്ദിപ്രസംഗം നടത്തി. ചടങ്ങുകളുടെ ഏകോപനത്തിന് നോബിൾ വർഗ്ഗീസ് നേതൃത്വം നൽകി. ബോർഡ് അംഗങ്ങൾക്കൊപ്പം അദ്ദേഹം പരിപാടിയുടെ കോർഡനേറ്ററായും നിങ്ങൾ പ്രവർത്തിച്ചു.

മലയാളി ലോഎൻഫോഴ്സ്മെന്റിന്റെ എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങൾ : ലഫ്റ്റനന്റ് നിധിൻ എബ്രഹാം (പ്രസിഡന്റ്), ചീഫ് ഷിബു ഫിപ്പോസ് (വൈസ് പ്രസിഡന്റ്), ലഫ്റ്റനന്റ് നോബിൾ വർഗ്ഗീസ് (സെക്രട്ടറി), സർജന്റ് ബ്ലെസ്സൻ മാത്യു (ട്രഷറർ), ഡാനി സാമുവൽ (സാർജന്റ് അറ്റ് ആംസ്).

ലഫ്റ്റനന്റ് നിധിൻ എബ്രഹാം, ലഫ്റ്റനന്റ് നോബിൾ വർഗീസ്, സർജന്റ് ബ്ലെസ്സൻ മാത്യു എന്നിവരായിരുന്നു പരിപാടിയുടെ വിജയത്തിന് പിന്നിൽ.

*മാർട്ടിൻ വിലങ്ങോലിൽ*

# മാഗ് തെരഞ്ഞെടുപ്പിൽ 'ടീം യുണൈറ്റഡിന് ചരിത്ര വിജയം; റോയി മാത്യു പ്രസിഡന്റ്



ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ 2026–27 ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ 'ടീം യുണൈറ്റഡ്' പാനലിന് ചരിത്ര വിജയം. പ്രസിഡന്റ്, ട്രസ്റ്റി ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി, ബോർഡ് ഓഫ് ഡയറക്ടേഴ്സ് തുടങ്ങി എല്ലാ സീറ്റുകളിലും ടീം യുണൈറ്റഡ് സ്ഥാനാർത്ഥികൾ വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു.

പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച റോയി സി. മാത്യു 1509 വോട്ടുകൾ നേടി ഉജ്ജ്വല വിജയം കരസ്ഥമാക്കി.

ട്രസ്റ്റി ബോർഡ് & എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ: ക്ലാരമ്മ മാത്യൂസ്, വനിതാ പ്രതിനിധികൾ: അമ്പിളി ആന്റണി, അനില സന്ദീപ്, യൂത്ത് റെപ്രസെന്റേറ്റീവ്: മൈക്കിൾ ജോയ്.

ബോർഡ് ഓഫ് ഡയറക്ടേഴ്സിലേക്കുള്ള 11 സീറ്റുകളിലും ടീം യുണൈറ്റഡ് തൂത്തുവാരി. ഷിനു എബ്രഹാം, ജീവൻ സൈമൺ, വിനോദ് ചെറിയാൻ, മാത്യു തോമസ് (സന്തോഷ് ആറ്റുപുറം), ഡോ. സുബിൻ ബാലകൃഷ്ണൻ, ജിൻസ് മാത്യു, സാജൻ ജോൺ, ബനീജ ചെറു, ഡെന്നീസ് മാത്യു, ബിജു ശിവൻ, സുനിൽ തങ്കപ്പൻ.

എതിർ പാനലായ 'ടീം ഹാർമണി'യുടെ സ്ഥാനാർത്ഥികളേയാണ് തോൽപ്പിച്ചത്.

*അജു വാരിക്കാട്, ജീമോൻ റാന്നി*


# മാപ്പ് ഫാമിലി ബാങ്ക്വറ്റ് ഡിസംബർ 27ന് ഫിലഡൽഫിയയിൽ

ഫിലഡൽഫിയ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയ (മാപ്പ്) ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ജോളി ബൽസ് 2025ഫാമിലി ബാങ്ക്വറ്റ് ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളും ഡിസംബർ 27–ാം തീയതി ശനിയാഴ്ച വൈകിട്ട് 5മണിമുതൽ 9മണിവരെ ഫോർപോയിന്റ്സ് ഷെറാട്ടൺ ഇൽ വെച്ച് (9461 Roosevelt Blvd, Philadelphia,PA-19152) നടക്കുന്നു.




ഈ ഫാമിലി ബാങ്ക്വറ്റ് കോഡിനേറ്റേഴ്സായി ലിജോ ജോർജ്, ശാലു പൊന്നൂസ്, ബെൻസൺ പണിക്കർ, ജോസഫ് കുരുവിള, എൽദോ വർഗീസ്, കൊച്ചുമോൻ വയലതെ എന്നിവർ പ്രവർത്തിക്കുന്നു.

പ്രസിഡന്റ് ബെൻസൻ പണിക്കരും സെക്രട്ടറി ലിജോ ജോർജ്, ട്രഷർ ജോസഫ് കുരുവിള, ഈ ക്രിസ്തുമസ് പുതുവത്സര ഫാമിലി ബാങ്ക്വറ്റിലേക്ക് എല്ലാം മാപ്പ് ഫാമിലി സുഹൃത്തുക്കളായ വരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.






# അമേരിക്കൻ സമ്പദ്‌വ്യവസ്ഥ: അടിതെറ്റുന്നവോ?

(ഒന്നാം പേജ് തുടർച്ച)

റോ ഓഫ് ലേബർ സ്റ്റാറ്റിസ്റ്റിക്സ് വ്യക്തമാക്കുന്നു.

തൊഴിലില്ലായ്മ നിരക്ക് സെപ്തംബറിൽ 4.4% ആയിരുന്നത് നവംബറിൽ 4.6% ആയി ഉയർന്നു. ചരിത്രപരമായ മാനദണ്ഡങ്ങൾക്കനുസരിച്ച് തൊഴിലില്ലായ്മ ഇപ്പോഴും കുറവാണ്. പക്ഷേ 2021 ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിലയിലേക്ക് എത്തിയെന്നാണ് ഡാറ്റ വ്യക്തമാക്കുന്നത്. സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും പുതിയ സ്നാപ്പ്ഷോട്ട് ഒരു അസ്ഥിരമായ കാലഘട്ടത്തിലേക്ക് എത്തുന്നു, പണപ്പെരുപ്പത്തിന്റെ വർദ്ധനവിനൊപ്പം നിയമനത്തിലെ മാന്ദ്യവും അതിൽ പ്രതിഫലിക്കുന്നുണ്ട്.

സർക്കാർ അടച്ചുപൂട്ടൽ മൂലം പരിമിതപ്പെടുത്തിയ ഒക്ടോബറിലെ ഭാഗിക ഡാറ്റ ആ മാസം 105,000 തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടതായി കാണിക്കുന്നു. ഈ ഇടിവിന് പ്രധാനമായും കാരണം ഈ വർഷം ആദ്യം ഫെഡറൽ ഗവൺമെന്റിന്റെ രാജി വാഗ്ദാനം സ്വീകരിച്ച ജീവനക്കാരാണെന്നാണ് വ്യക്തമാകുന്നത്. ഒക്ടോബറിലെ ശമ്പളപ്പട്ടിക കണക്ക് ഞെട്ടിപ്പിക്കുന്നതാണെന്ന് ജെപി മോർഗൻ വെൽത്ത് മാനേജ്മെന്റിലെ മേധാവി എലൈസ് ഔസെൻബോ എബിസി ന്യൂസിനോട് പറഞ്ഞു.

ചൊവ്വാഴ്ചത്തെ തൊഴിൽ റിപ്പോർട്ട് ഔദ്യോഗികമായി മന്ദ്യം കാണിക്കുന്ന തൊഴിൽ വിപണിയുടെ ഭയാനകമായ ചിത്രമാണെന്ന് ഇൻഡീഡ് ഹയറിംഗ് ലാബിലെ വടക്കേ അമേരിക്കയിലെ സാമ്പത്തിക ഗവേഷണ ഡയറക്ടർ ലോറ ഉൾറിച്ച് എബിസി ന്യൂസിനോട് ഒരു പ്രസ്താവനയിൽ പറഞ്ഞു. എന്നിരുന്നാലും, അപൂർണ്ണവും പാരമ്പര്യേതരവുമായ തൊഴിൽ റിപ്പോർട്ടിൽ എപ്പോഴും ഒരു നക്ഷത്രചിഹ്നം ഘടിപ്പിക്കേണ്ടി വന്നേക്കാം എന്ന് ഉൾറിച്ച് സമ്മതിച്ചു.

യുഎസ് സമ്പദ്‌വ്യവസ്ഥയിൽ നിലവിൽ ജോലികൾ കുറയുക, പണപ്പെരുപ്പം ഉയരുക, മൊത്തത്തിലുള്ള വളർച്ച മന്ദഗതിയിലാവുക, ഗാർഹിക ചെലവുകൾ കൂടുക, എഐ ചെലവുകൾ വർധിക്കുന്നു, കടങ്ങൾ വർദ്ധിക്കുന്നു എന്നിവയൊക്കെ പ്രധാനപ്പെട്ട മുന്നറിയിപ്പ് സൂചനകളാണ്. ഇത് സാമ്പത്തികമാന്ദ്യത്തിലേക്ക് നയിക്കാവുന്ന ഘടകങ്ങളാണെന്ന് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

**പ്രധാന മുന്നറിയിപ്പ് സൂചനകൾ:**

**വളർച്ച കുറയുന്നു (Job Growth Slowdown):** തൊഴിൽ വിപണിയിലെ വളർച്ച മന്ദഗതിയിലായി, പ്രത്യേകിച്ച് 2025ൽ, പുതിയ ജോലികൾ പ്രതീക്ഷിച്ചതിലും കുറവാണ്.

**പണപ്പെരുപ്പം (Inflation):** വിലകൾ വർദ്ധിക്കുന്നതിനാൽ സാധാരണക്കാരുടെ ജീവിതച്ചെലവ് കൂടുന്നു, ഇത് ഉപഭോഗത്തെ ബാധിക്കുന്നു.

**ഗാർഹിക സാമ്പത്തിക സമ്മർദ്ദങ്ങൾ (Household Financial Stress):** സ്റ്റുഡന്റ് ലോൺ തിരിച്ചടവ്, റെക്കോർഡ് ക്രെഡിറ്റ് കാർഡ് കടങ്ങൾ, കുറഞ്ഞ സേവിംഗ്സ് എന്നിവ കാരണം വീടുകളുടെ സാമ്പത്തിക സ്ഥിതി മോശമാകുന്നു.

**ഉപഭോക്താക്കളുടെ പെരുമാറ്റം (Consumer Behavior):** റെസ്റ്റോറന്റുകളിലും മാളുകളിലും തിരക്ക് കുറയുന്നു, ആളുകൾ വില sensibilite ഉള്ളവരാകുന്നു, ചെലവ് കുറയ്ക്കുന്നു.

**ഏകദേശ വളർച്ച കുറയുന്നു (Slowing GDP Growth):** മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച (GDP) 2024നെ അപേക്ഷിച്ച് 2025ൽ കുറഞ്ഞിട്ടുണ്ട്, ഇത് എഐ നിക്ഷേപങ്ങളെ ആശ്രയിച്ചിരിക്കുന്നു.

**കടം വർദ്ധിക്കുന്നു (Rising Debt):** ഉപഭോക്താക്കളുടെ കടങ്ങൾ, പ്രത്യേകിച്ച് ക്രെഡിറ്റ് കാർഡ് കടങ്ങൾ റെക്കോർഡ് നിലയിൽ എത്തിയിരിക്കുന്നു.

**പണലഭ്യത കുറയുന്നു (Reduced Liquidtiy):** കഴിഞ്ഞ വർഷങ്ങളിലെ കൊറോണക്കാലത്തെ സാമ്പത്തിക സഹായങ്ങൾ ഇല്ലാതായതോടെ ആളുകളുടെ കൈവശമുള്ള പണം കുറയുന്നു.

ഈ സൂചനകൾ സാമ്പത്തിക മാന്ദ്യത്തിന്റെ മുന്നറിയിപ്പുകളാണെന്നാണ് വിലയിരുത്തൽ.

പ്രത്യേകിച്ചും ട്രംപ് ഭരണകൂടത്തിന്റെ പുതിയ നയങ്ങൾ ഈ അവസ്ഥയെ കൂടുതൽ വഷളാക്കുമോ എന്ന ആശങ്കയും ചിലർ പങ്കുവയ്ക്കുന്നു.

സാമ്പത്തിക സമ്മർദ്ദം സാധാരണ അമേരിക്കക്കാരെ പ്രധാനമായും രണ്ടു തരത്തിൽ നേരിട്ട് ബാധിക്കുമെന്നാണ് കരുതുന്നത്.

ഉയർന്ന വിലയും തൊഴിൽ അസ്ഥിരതയുമാണവ. അവശ്യവസ്തുക്കൾക്ക് വിലകൾ ഇതിനകം ഉയരുകയാണ്.

ആളുകൾക്ക് അവഗണിക്കാൻ കഴിയാത്ത ഒരു പരിധി വരെ അവ ഉയരുമെന്നാണ് വിലയിരുത്തൽ.



# എപ്സ്റ്റീൻ ഫയലുകൾ വെള്ളിയാഴ്ചയോടെ പുറത്തുവിടണം; അല്ലെങ്കിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് മുന്നറിയിപ്പ്

ന്യൂയോർക്ക്: വെള്ളിയാഴ്ചയോടെ ലൈംഗിക കുറ്റവാളിയായ ജെഫ്രി എപ്സ്റ്റീനുമായി ബന്ധപ്പെട്ട അന്വേഷണ ഫയലുകൾ പുറത്തുവിടണമെന്നും അല്ലെങ്കിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും മുന്നറിയിപ്പ് നൽകി ഹർജിക്കാരിൽ ഒരാൾ.

കഴിഞ്ഞമാസം പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നിയമത്തിൽ ഒപ്പുവച്ച എപ്സ്റ്റീൻ ഫയൽസ് ട്രാൻസ്പരൻസി ആക്ട്, ഈ ഫയലുകൾ പരസ്യമായി പുറത്തുവിടണമെന്ന് ആവശ്യപ്പെടുന്നുവെന്ന് ഡികാലിഫോർണിയയിലെ പ്രതിനിധി റോ ഖന്ന എൻബിസി ന്യൂസിനോട് ഒരു അഭിമുഖത്തിൽ പറഞ്ഞു. ഫയലുകൾ എങ്ങനെ, എപ്പോൾ പരസ്യമാക്കും എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായുള്ള അഭ്യർത്ഥനകളോട് നീതിന്യായ വകുപ്പിലെ ഉദ്യോഗസ്ഥർ പ്രതികരിച്ചിട്ടില്ലെന്നും, എന്നാൽ കേസിൽ ഗ്രാൻഡ് ജൂറി രേഖകൾ സീൽ ചെയ്യാൻ ഡിഒജെ വിജയകരമായി പ്രവർത്തിച്ചെന്നും അദ്ദേഹം പറഞ്ഞു.

ഡിസംബർ 19നകം ഡിഒജെ ഫയലുകൾ പരസ്യമാക്കണമെന്നാണ് നിയമം ആവശ്യപ്പെടുന്നത്.

# '2026 ലക്ഷ്യങ്ങൾ മുൻപിൽ'; ആദ്യ വർഷത്തെ വിലയിരുത്തി ട്രംപ്

(ഒന്നാം പേജ് തുടർച്ച)

ഹോക്'' എന്നു വിശേഷിപ്പിച്ചു. ''ഞങ്ങൾ വളരെ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ആണ് ഭരണത്തിലേറിയത്, എന്നിട്ടും വലിയ നേട്ടങ്ങൾ കൈവരിച്ചു.

ഇപ്പോഴും പ്രവർത്തനങ്ങൾ തുടരുകയാണ്, അതുകൊണ്ട് രാജ്യത്തെ മികച്ച നിലയിലേക്ക് നയിക്കാനാണ് ശ്രമം'' എന്നാണ് ട്രംപ് വ്യക്തമാക്കിയത്. തുടർന്ന് അടുത്ത മൂന്ന് വർഷത്തേക്കുള്ള വികസന രേഖ പ്രസംഗത്തിൽ അദ്ദേഹം അവതരിപ്പിച്ചു.

**2026ലെ പ്രധാന പദ്ധതികൾ**

1. സാമ്പത്തിക വളർച്ച
2. പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക
3. ചെറിയ ബിസിനസുകൾക്കും വ്യവസായങ്ങൾക്കും സഹായം നൽകുക
4. സാധന വിലയും ചെലവും കുറയ്ക്കാൻ നടപടികൾ
5. ആരോഗ്യപരിപാലനം
6. Affordable Care Act സബ്സിഡികൾ അവസാനിക്കുന്നതിനാൽ, 2026ൽ ഇൻഷുറൻസ് പ്രീമിയങ്ങൾ ഉയരും
7. ജനങ്ങൾക്ക് കൂടുതൽ സുരക്ഷയും സഹായവും ഉറപ്പാക്കാൻ പുതിയ പദ്ധതികൾ
8. സുരക്ഷാ നയം
9. സീമാവാര സുരക്ഷ ശക്തമാക്കൽ
10. വെനസ്വേലയുടെ Maduro ഭരണകൂടത്തിൽ രാഷ്ട്രാന്തര സമ്മർദ്ദം കൂട്ടൽ
11. ഇന്ധനവില നിയന്ത്രണം
12. പെട്രോൾ, ഡീസൽ വില കെട്ടിപ്പടുക്കൽ
13. പൊതുജനങ്ങളുടെ യാത്ര ചെലവ് കുറയ്ക്കൽ
14. രാജ്യത്തെ ശക്തിപ്പെടുത്തൽ
15. മുൻകാല സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിച്ച് രാജ്യത്തെ ശക്തമാക്കൽ
16. അമേരിക്കയെ ആഗോള തലത്തിൽ ശക്തമായ നിലയിൽ എത്തിക്കുക.

# 4 വയസുകാരി കാറിനുള്ളിലിരിക്കെ വാഹനം ടോ ചെയ്ത് കൊണ്ടുപോയി; ടോ ട്രക്ക് ഡ്രൈവർ അറസ്റ്റിൽ



ഫ്ളോറിഡയിൽ 4 വയസുള്ള പെൺകുട്ടി കാറിനുള്ളിലിരിക്കെ വാഹനം ടോ ചെയ്ത് കൊണ്ടുപോയ സംഭവത്തിൽ ടോ ട്രക്ക് ഡ്രൈവറെ അറസ്റ്റ് ചെയ്തു പോലീസ്. ഫ്ളോറിഡയിലെ സൺറൈസ് എന്ന പ്രദേശത്തെ ബിസ്ട്രോ ക്രിയോൾ റസ്റ്റോറന്റിന് പുറത്താണ് സംഭവം ഉണ്ടായത്. സെർജിയോ സുവാരസ് (34) എന്ന ടോ ട്രക്ക് ഡ്രൈവറാണ് കുട്ടി കാറിനുള്ളിൽ ഇരിക്കെ കാർ എടുത്തുകൊണ്ടു പോയത് എന്നാണ് ലഭിക്കുന്ന വിവരം.

പെൺകുട്ടിയുടെ അച്ഛൻ ഭക്ഷണം വാങ്ങാൻ റസ്റ്റോറന്റിനുള്ളിൽ കയറുന്ന സമയത്താണ് സംഭവം ഉണ്ടായത്. കുട്ടിയുടെ അച്ഛൻ ടോ ട്രക്ക് കാറെടുത്തുകൊണ്ടുപോകുന്നത് കണ്ടപ്പോൾ തന്നെ, 'എന്റെ മകൾ കാറിനുള്ളിലാണ്' എന്ന് വിളിച്ചുപറഞ്ഞെങ്കിലും ഡ്രൈവർ പ്രതികരിച്ചില്ലെന്നാണ് പോലീസ് പറയുന്നത്. ട്രക്ക് നീങ്ങാൻ തുടങ്ങിയപ്പോൾ അച്ഛൻ ഡ്രൈവറുടെ ജാലകത്തിൽ അടിച്ചെങ്കിലും ഡ്രൈവറുടെ മറുപടി ലഭിച്ചില്ല.

ട്രക്ക് പിന്തുടർന്ന് അച്ഛൻ ഓടിക്കൊണ്ടിരിക്കെ, കുട്ടിക്ക് പിന്നിലെ വാതിൽ തുറക്കാൻ കഴിഞ്ഞു. ഇതോടെ കുട്ടി റോഡിലേക്ക് വീണു. കുട്ടിക്ക് ചെറുതായ പരുക്കുകൾ ഉണ്ടെന്നാണ് ലഭിക്കുന്ന വിവരം.

അതേസമയം കുട്ടിയെ വാഹനങ്ങൾ ഇടിക്കാതിരിക്കാൻ അച്ഛൻ ഉടൻ റോഡിൽ നിന്ന് എടുത്തു മാറ്റുകയായിരുന്നു എന്നാണ് ഒരു സാക്ഷിയുടെ മൊഴി. ഇതിനിടെ, ടോ ട്രക്ക് ഡ്രൈവർ സംഭവസ്ഥലത്തിൽ നിന്ന് രക്ഷപ്പെട്ടു. പിന്നീട് പോലീസ് ഡ്രൈവറുടെ തൊഴിലുടമയെ ബന്ധപ്പെടുകയും, സംസാരിക്കാൻ ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് ഇയാൾ തിരികെ എത്തുകയായിരുന്നു. പിന്നീട് വീണ്ടും പെട്ടെന്ന് പോകാൻ ശ്രമിച്ചെങ്കിലും, പോലീസ് ഇയാളെ അറസ്റ്റ് ചെയ്തു. ഇയാൾക്കെതിരെ പോലീസ് കേസെടുത്തു.

# മൃതദേഹ ഭാഗങ്ങൾ വിറ്റു; ഹാർവാർഡിലെ മുൻ മോർച്ചറി മാനേജർക്ക് 8 വർഷം തടവ്



വാഷിംഗ്ടൺ: മോർച്ചറിയിൽ നിന്ന് മൃതദേഹ ഭാഗങ്ങൾ വിറ്റതുമായി ബന്ധപ്പെട്ട് ഹാർവാർഡിലെ മുൻ മോർച്ചറി മാനേജർക്ക് 8 വർഷം തടവു ശിക്ഷ വിധിച്ചു. ഹാർവാർഡ് മെഡിക്കൽ സ്കൂളിലെ മുൻ മോർച്ചറി മാനേജർ സെഡ്രിക് ലോഡ്ജിനെ(58)യാണ് കോടതി ശിക്ഷിച്ചത്. കുറ്റകൃത്യത്തിൽ ഇയാളുടെ പങ്കാളിയായിരുന്ന ഭാര്യ ഡെനിസ് ലോഡ്ജിന് (65) ഒരു വർഷത്തെ തടവുശിക്ഷ ലഭിച്ചു.

2018 മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിലാണ് സംഭവം നടന്നത്. മോർച്ചറിയിൽ നിന്ന് ആന്തരികാവയവങ്ങൾ, തലച്ചോറ്, ചർമം, കൈകൾ, മുഖങ്ങൾ, കീറിമുറിച്ച തലകൾ എന്നിവ ഉൾപ്പെടെ വിറ്റതെന്ന് യുഎസ് നീതിന്യായ വകുപ്പ് കണ്ടെത്തിയിരുന്നു. കുറ്റസമ്മതം നടത്തിയതിനു പിന്നാലെ 2023 മേയിൽ അദ്ദേഹത്തെ ജോലിയിൽ നിന്നു പിരിച്ചുവിട്ടിരുന്നു.

സെഡ്രിക് ലോഡ്ജും ഭാര്യ ഡെനിസ് ലോഡ്ജും ചേർന്ന് ബോസ്റ്റണിനടുത്തുള്ള മെഡിക്കൽ സ്കൂളിൽ നിന്ന് ശരീരഭാഗങ്ങൾ മോഷ്ടിച്ച് ന്യൂഹാംഷെയറിലെ ഗോഫ്സ്ടൗണിലുള്ള അവരുടെ വീട്ടിലേക്കും മാസച്യുസിറ്റ്സിലെയും പെൻസിൽവാനിയയിലെയും മറ്റ് സ്ഥലങ്ങളിലേക്കും കടത്തി. അവിടെ നിന്ന് ഈ ശരീരഭാഗങ്ങൾ വിവിധ സംസ്ഥാനങ്ങളിലുള്ള വാങ്ങുന്നവർക്ക് അയച്ചുകൊടുക്കുകയായിരുന്നുവെന്നാണ് കേസ്.




## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#121725

## SEEKING BRIDEGROOM

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241,**
**India: 91-9946 968570**

#121725

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#121025

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#121025

## ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–648–3300**

#121025

## ബേബി സിറ്ററെ ആവശ്യമുണ്ട്


**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#121025

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എനിക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**നിജോ ജോസഫ്**

#121725

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**അന്നമ്മ കുര്യാക്കോസ്**

#121725

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com


# ഫോമാ നേതാക്കൾക്ക് ഷിക്കാഗോയിൽ സ്വീകരണം നൽകി




ഷിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ ഫോമയുടെ നാഷണൽ നേതാക്കൾക്ക് സ്വീകരണം നൽകി. ഫോമാ റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ദേശീയ നേതാക്കളായ ഫോമാ ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ്, മുൻ ട്രഷറർ ബിജു തോണിക്കടവിൽ, നാഷണൽ കമ്മിറ്റ അംഗം മോളമ്മ വർഗീസ്,നാഷണൽവിമൻസ്ഫോറംജോയിന്റ് ട്രഷറി ഡോ. മഞ്ജു പിള്ള, നാഷണൽ എഡ്യൂക്കേഷൻ കമ്മിറ്റി ചെയർമാൻ സാമുവൽ മത്തായി, കേരളം കൺവെൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, ക്രെഡന്റിൽ കമ്മിറ്റി കോർഡിനേറ്റർ ജോൺ പാട്ടപതി തുടങ്ങിയവർ പ്രസംഗിച്ചു.

ചടങ്ങിൽ ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്, ഐ.എം.എ പ്രസിഡന്റ് ജോയ് ഇണ്ടിക്കുഴി, കേരള അസോസിയേഷൻ പ്രസിഡന്റ് ആന്റോ കവലക്കൽ, മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റ് ബിനു കൈതക്കോട്ടിൽ, ജി.സി.എം.എ പ്രസിഡന്റ് ജിതേഷ് ചുങ്കത്ത്, മുൻ കേരളൈറ്റ് അമേരിക്കൻ പ്രസിഡന്റ് ബിജു എടാട്ട്, നാഷണൽ കമ്മറ്റി അംഗങ്ങളായ ജോർജ് മാത്യു, ജോസി കുരിശിങ്കൽ, മേഖലാ സെക്രട്ടറി അച്ചൻകുഞ്ഞു മാത്യു, മേഖല ട്രഷറർ രാജൻ തലവടി, ഫോമാ സെൻട്രൽ റീജിയൻ പി.ആർ.ഒ ബിജു മുണ്ടക്കൽ, ഉപദേശക സമിതി ചെയർമാൻ സ്റ്റീഫൻകിഴക്കേക്കുറ്റ്, റീജിയണൽ കോർഡിനേറ്റർ സാബു കട്ടപ്പുറം, റീജിയണൽ വിമൻസ്ഫോറം ചെയർപേഴ്സൺ ഡോ. റോസ് വടകര, ജോയന്റ് ട്രഷറർ ബിജോയ് മാത്യു, സീനിയർ ഫോറം ചെയർമാൻ ജോർജ് ജോസഫ് കൊട്ടുകപ്പിള്ളി, കോർഡിനേറ്റർ വർഗ്ഗീസ് തോമസ്സ്, ചാരിറ്റി ചെയർമാൻ മനോജ് അച്ചേട്ട്, റീജിയണൽ വൈസ് ചെയർമാൻ രഞ്ജൻ അബ്രഹാം, റീജിയണൽ വുമൻസ് കോർഡിനേറ്റർ ആഗ്നസ് മാത്യു, ഫോമാ മുൻ നാഷണൽ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, ജുഡീഷ്യൽ കമ്മറ്റി ചെയർമാൻ ബെന്നി വാച്ചാച്ചിറ, റീജിയണൽ ജോയിന്റ് സെക്രട്ടറി ഡോ. ജീൻ പുത്തൻപുരക്കൽ,റീജിയണൽ ചാരിറ്റി കോ-ചെയർ കൊച്ചുമോൻ ചിറയിൽ, റീജിയണൽ സെമിനാർ കോർഡിനേറ്റർ മേഴ്സി കുര്യാക്കോസ്, റീജിയണൽ വൈസ് ചെയർപേഴ്സൺ ഡോ. സിബിൽ ഫിലിപ്പ്, ടോമി മെത്തിപ്പാറ, പ്രിൻസ് ഈപ്പൻ, സ്റ്റേജ് കോർഡിനേറ്റർ ആഷ്‌ലി ജോർജ്, ബിസിനസ് മീറ്റ് കോർഡിനേറ്റർമാരായ റോയ് നെടുംചിറ, എബ്രഹാം ജോർജ്, സിറിക് പുത്തൻപുരയിൽ, റീജിയണൽ വുമൺസ് ഫോറം സെക്രട്ടറി ശാന്തി ജെയ്സൺ, റീജിയണൽ വനിതാ ജോയിന്റ് സെക്രട്ടറി ലിന്റ ജോളി, റീജിയണൽ വനിതാ ട്രഷറർ ജോയ്സി ചെറിയാൻ, റീജിയണൽ ബിസിനസ് ഫോറം കോർഡിനേറ്റർ ഷിബു അഗസ്റ്റിൻ, റീജിയണൽ കൾച്ചറൽ കോർഡിനേറ്റർ സന്തോഷ് കാട്ടൂക്കാരൻ, റീജിയണൽ ബിസിനസ് കോർഡിനേറ്റർമാരായ ജോണി വടക്കുംചേരി, ഹെറാൾഡ് ഫിഗേർഡോ, റീജിയണൽ ഫോമാ സീനിയർ ഫോറം കോർഡിനേറ്റർ റോയ് നെടുങ്ങോട്ടിൽ, മുൻ ആർവിപി ടോമി എടത്തിൽ, മുൻ ഫോമാ ജനറൽ സെക്രട്ടറി ഗ്ലാഡ്സൺ വർഗീസ്, മുൻ ഫോമാ വൈസ് പ്രസിഡന്റ് സ്റ്റാൻലി കളരിക്കമുറിയിൽ, മുൻ റീജിയണൽ സെക്രട്ടറി ഡോ. സാൽബി ചേന്നോത്ത് എന്നിവർ സന്നിഹിതരായിരുന്നു.

◗ *ബിജു മുണ്ടക്കൽ*

# ഷിക്കാഗോയിലെ യു.ഡി.എഫ് പ്രവർത്തകർ വിജയം ആഘോഷിക്കുന്നു

ഷിക്കാഗോയിലെ യു.ഡി.എഫ് പ്രവർത്തകർ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ലഭിച്ച വമ്പിച്ച വിജയം ആഘോഷമാക്കിമാറ്റുകയാണ്. ഡിസംബർ 18 വ്യാഴാഴ്ച വൈകുന്നേര 7 മണി മുതൽ മൗണ്ട്പ്രോസ്പെക്ടിലുള്ള സി.എം.എ ഹാളിൽ വച്ച് ആഘോഷ പരിപാടികൾക്ക് തുടക്കം കുറിക്കും. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽനൂറിലധികംസീറ്റുകളുമായിഐക്യ ജനാധിപത്യ മുന്നണി അധികാരത്തിലെത്തും എന്നതിന്റെ ഒരു തുടക്കമാണിതെന്നും ഇപ്പോഴത്തെ സർക്കാരിന്റെ ജനവിരുദ്ധ നടപടികൾക്കെതിരെ കനത്ത തിരിച്ചടിയാണെന്നും ഈ ആഘോഷത്തെപ്പറ്റി ആലോചിക്കുവാൻ കൂടിയ യോഗത്തിൽ യു.ഡി.എഫ് പ്രവർത്തകർ അവകാശപ്പെട്ടു.


ഷിക്കാഗോ പ്രദേശത്തെ എല്ലാ യു.ഡി.എഫ് അനുഭാവികളേയും അംഗങ്ങളേയും ഈ വിജയാഘോഷത്തിലേക്ക് ക്ഷണിക്കുന്നു. സന്തോഷവും സൗഹൃദവും പങ്കുവച്ചു ഈ മഹത്തായ നേട്ടം നമുക്ക് ആഘോഷിക്കാമെന്ന് ഷിക്കാഗോ ഐ.ഒ.സി പ്രസിഡന്റ് ജോർജ് പണിക്കർ, ജനറൽ സെക്രട്ടറി അച്ചൻ കുഞ്ഞ് മാത്യു, ട്രഷറാർ ആന്റോ കവലയ്ക്കൽ, യു.ഡി.എഫ് കൺവീനർ സണ്ണി വള്ളിക്കളം, വൈസ് പ്രസിഡന്റുമാരായ ജോസി കുരിങ്ങിങ്കൽ, എബ്രഹാം ജോർജ് (തമ്പി), ജോൺസൺ കണ്ണൂക്കാടൻ, സെക്രട്ടറിമാരായ ജോർജ് ജോസഫ് കൊട്ടുകപ്പള്ളി, ബൈജു കണ്ടത്തിൽ, ജോൺസൺ കാരിക്കാട്, അഡ്വൈസറി ബോർഡ് അംഗങ്ങളായ തോമസ് മാത്യു, റ്റോമി അമ്പേനാട്, ജോർജ് മാത്യു, സന്തോഷ് നായർ, ജോസ് കല്ലിടുക്കിൽ, ദേശീയ പ്രസിഡന്റ് സതീഷ് നായർ എന്നിവരും കമ്മിറ്റി അംഗങ്ങളും അഭിപ്രായപ്പെട്ടു.

*ജോർജ് പണിക്കർ*

## ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ

# വൈവിധ്യമാർന്ന ക്രിസ്തുമസ് കരോൾ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു

ഷിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ക്രിസ്തുമസിനോടനുബന്ധിച്ച് പൊതുവായ ക്രിസ്തുമസ് കരോൾ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ഡിസംബർ 21 ഞായറാഴ്ച രാവിലെ പത്തുമണിക്കുള്ള കുർബ്ബാനയ്ക്ക് ശേഷമാണ് ഇടവകയുടെ മതബോധന സ്കൂളിലെ കുട്ടികളും വിവിധ മിനിസ്ട്രികളും കൂടാര യോഗങ്ങളും ചേർന്ന് വിപുലമായ പൊതുവായ കരോൾ ആഘോഷങ്ങൾ പാരിഷ് ഹാളിൽ സംഘടിപ്പിക്കുന്നത്. ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്തുമസ് കരോൾ ഗാനാലാപനവും വൈവിധ്യമാർന്ന വിനോദപരിപാടികളും സംഘടിപ്പിക്കും.




ക്രിസ്തുമസിനൊരുക്കമായി ഇടവക തലത്തിൽ മികച്ച പ്രാർത്ഥനാമുറി, മികച്ച പുൽക്കൂട്, മികച്ച ക്രിസ്തുമസ് അലങ്കാരങ്ങൾ എന്നിവയ്ക്കായുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ കൂടാരയോഗ തലത്തിൽ ഏറ്റവും കൂടുതൽ ഭവനങ്ങൾ സന്ദർശിച്ച കൂടാരയോഗം, ഏറ്റവും കൂടുതൽ കരോൾ സംഭാവനകൾ സ്വരൂപിച്ച കൂടാരയോഗം, ഏറ്റവും മികച്ച കരോൾ പ്രകടനം നടത്തിയ കൂടാരയോഗം എന്നിവർക്കായുള്ള മത്സരങ്ങളും പതിവുപോലെ ഇത്തവണയും സംഘടിപ്പിക്കുന്നുണ്ട്.

നവീൻ കണിയാപറമ്പിൽ ജെസ്ലിൻ പ്ലാത്താനത്ത് എന്നിവരാണ് ഇടവകതലത്തിൽ ക്രിസ്തുമസ് കരോളിന് നേതൃത്വം നൽകുന്നത്. ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസിനൊരുക്കമായി അരോഹാ 2025 എന്ന പേരിൽ ക്രിസ്തുമസ് ആശംസാകാർഡുകൾ തയ്യാറാക്കി ക്രിസ്തുമസ് കരോളുമായി ഇടവകയുടെ സമീപ പ്രദേശങ്ങളിലുള്ള നേഴ്സിങ്ങ് ഹോമുകൾ ഡിസംബർ 20 ശനിയാഴ്ച സന്ദർശിക്കും.

വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി. സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, സജി പൂതൃക്കയിൽ & മനീഷ് കൈമൂലയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള മതബോധന സ്കൂൾ അധ്യാപകർ എന്നിവർ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നേതൃത്വം നൽകും.

*അനിൽ മറ്റത്തിക്കുന്നേൽ*

# എസ്ബി ആൻഡ് അസംപ്ഷൻ കോളേജ് അലുമ്നി ക്രിസ്തുമസ് ആഘോഷം ഡിസം. 27ന്




ഷിക്കാഗോ: എസ്ബി ആൻഡ് അസംപ്ഷൻ കോളേജ് അലുമ്നി അസോസിയേഷൻ ഷിക്കാഗോ ചാപ്റ്റർ ഈ വർഷത്തെ ക്രിസ്തുമസ് നവവത്സര ആഘോഷവും ഫാമിലി മീറ്റും ഡിസംബർ 27-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് ഷിക്കാഗോ സീറോമലബാർ കത്തീഡ്രൽ ചാവറ ഹാളിൽ വച്ച് നടത്തും. മിഷനറീസ് ഓഫ് കംപാഷൻ സന്യാസ സഭാംഗവുംപ്രാസംഗികനുമായ റവ. ഫാ ജോജോ തോമസ് പുൽപയിൽ ക്രിസ്തുമസ് സന്ദേശം നൽകും. അസോസിയേഷന്റെ 2026-27 വർഷത്തെ പ്രവർത്തനോദ്ഘാടനം ചടങ്ങിൽ നിർവ്വഹിക്കും. എസ്ബി അസംപ്ഷൻ പൂർവവിദ്യാർഥികളുടെ ക്രിസ്മസ് കരോൾ, കൾച്ചറൽ പോഗ്രാം, സ്നേഹവിരുന്ന് ഉൾപ്പടെയുള്ള പരിപാടികൾ മൂന്ന് മണിക്ക് സമാപിക്കും. ഫാമിലി മീറ്റിന് വേണ്ട ഒരുക്കങ്ങൾ പൂർത്തിയായതായി അസോസിയേഷൻ പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിലും എക്സിക്യൂട്ടിവ് ഭാരവാഹികളും അറിയിച്ചു.

2026 ജൂലൈ ഒൻപതിന് നടക്കുന്ന എസ്ബി അസംപ്ഷൻ പൂർവ്വവിദ്യാർഥികളുടെ നോർത്ത് അമേരിക്കൻ നാഷണൽ കൺവെൻഷന്റെ രജിസ്ടേഷൻ കിക്ക് ഓഫ്,കൺവെൻഷൻചെയർമാൻമാത്യു ദാനിയേൽ ആഘോഷങ്ങളോടനുബന്ധിച്ചു നിർവഹിക്കും. എസ്ബി കോളേജ് പൂർവ്വവിദ്യാർഥികളായ കർദ്ദിനാൾ മാർ ജോർജ്ജ് ജേക്കബ് കൂവക്കാട്ട്, ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐഎഎസ്, എസ്ബി. അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽമാർ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കുന്ന പ്രഥമ നോർത്ത് അമേരിക്കൻ കൺവൻഷന് ഷിക്കാഗോ ചാപ്റ്ററാണ് ആതിഥ്യമരുളുന്നത്. അമേരിക്കയിലെ എല്ലാ സ്റ്റേറ്റുകളിൽ നിന്നുമുള്ള പൂർവ്വവിദ്യാർത്ഥി പ്രതിനിധികൾ പങ്കെടുക്കുന്ന കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി അലുമ്നയ് നാഷണൽ കൗൺസിൽ അറിയിച്ചു.

വിവരങ്ങൾക്ക് തോമസ് ഡിക്രൂസ് (സെക്രട്ടറി, ഷിക്കാഗോ ചാപ്റ്റർ) 224-305-3789

# അമേരിക്കയിലെ മിഷൻ ലീഗ് ദേശീയ പുൽക്കൂട് മത്സരം സംഘടിപ്പിക്കുന്നു



ഷിക്കാഗോ: ക്രിസ്തുമസ് ആഘോഷങ്ങൾ വാണിജ്യവത്കരിക്കപ്പെടുകയും ക്രിസ്തുവിനെ ഒഴിവാക്കിക്കൊണ്ടുള്ള ക്രിസ്തുമസ് ആഘോഷങ്ങൾ സർവ്വസാധാരണമാവുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുമസിന്റെ യഥാർത്ഥ കാരണങ്ങളിലേക്ക് തിരിച്ചു കൊണ്ടുവരുവാനുള്ള ശ്രമത്തിലാണ് വടക്കേ അമേരിക്കയിലെ ചെറുപുഷ്പ മിഷൻ ലീഗ് എന്ന സംഘടന. ഇതിനായി ഷിക്കാഗോ രൂപതയിലെ കുടുംബങ്ങൾക്കായി ഈ വർഷവും 'ഗ്ലോറിയ ഇൻ എസ്സിൽസിസ്' എന്ന പേരിൽ ഒരു പുൽക്കൂട് മത്സരം സംഘടിപ്പിച്ചിരിക്കുകയാണ്. തുടർച്ചയായി നാലാം വർഷമാണ് ദേശീയ തലത്തിൽ ഈ മത്സരം നടത്തുന്നത്.

കുടുംബാംഗങ്ങളെല്ലാവരും ഒന്നുചേർന്ന് ഓരോ ഭവനത്തിലും ഒരു പുൽക്കൂട് നിർമിക്കുകയും അതിന്റെഒരു വീഡിയോ എടുത്തു രൂപത സമിതിക്ക് അയക്കുവാനുമാണ് നിർദേശിച്ചിരിക്കുന്നത്. ഏറ്റവും നന്നായി പുൽക്കൂട് നിർമ്മിച്ച കുടുംബങ്ങൾക്ക് മേഖലാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങളും നൽകുന്നുണ്ട്. ക്രിസ്തുവാണ് ക്രിസ്തുമസിന്റെ കേന്ദ്രമെന്നും ക്രിസ്തുവിന്റെ ജനനതിരുനാളാണ് ആഘോഷിക്കുന്നതുമെന്നുമുള്ള വസ്തുത ഏവരേയും ഓർമ്മപ്പെടുത്തുന്നതിനു വേണ്ടിയാണ് പുൽക്കൂട് മത്സരം സംഘടിപ്പിക്കുന്നതെന്ന് മിഷൻ ലീഗ് ഷിക്കാഗോ രൂപതാ ഭാരവാഹികൾ അറിയിച്ചു.

*സിജോയ് പറപ്പള്ളിൽ*

RELIABLE TAX & ACCOUNTING INC.
REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING
THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260

tomvo99@comcast.net | www.CPATaxFiling.com

# സീറോ മലബാർ കൺവെൻഷൻ കിക്കോഫിന് ഓസ്റ്റിനിലെ ദേവാലയത്തിൽ ആവേശകരമായ പ്രതികരണം



ഷിക്കാഗോ: രജതജൂബിലി ആഘോഷിക്കുന്ന സീറോ മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവെൻഷന്റെ ഇടവക തലത്തിലുള്ള കിക്കോഫ് മാർ ജോയ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽ ഓസ്റ്റിനിലെ സെന്റ് അൽഫോൻസാ ദേവാലയത്തിൽ ഡിസംബർ 14ന് തീയതി നടന്നു. കൺവെൻഷന്റെ ഭാഗമായി ഇടവകകൾ സന്ദർശിച്ച ബോബി ചക്കോ, ജിബി പാറക്കൽ, ബിനു മാത്യു, സിജോ വടക്കൻ, മനീഷ് ആന്റണി, റോഷൻ ചാക്കോ, ജെയ്സൺ മാത്യു, ഐഷാ ലോറൻസ് എന്നിവരെ ഇടവക വികാരി ഫാദർ ആന്റോ ജോർജ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു.

കൺവെൻഷൻ ഫിനാൻസ് കമ്മിറ്റി ചെയർമാൻ ആൻഡ്രൂസ് തോമസ് രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, കൺവെൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു. കൺവൻഷൻ വൈസ് ചെയർമാൻ ജേമോൻ ചിറയിൽ ഏവരെയും കൺവെൻഷനിലേക്കു സ്വാഗതം ചെയ്തു. പി.എസ്.ജി ഗ്രൂപ്പ് ഓഫ് കമ്പനീസ്, സ്ഥാപകനും സിഇഒയും ഷെക്കിനാ അമേരിക്കസ് ടിവിയുടെ ഫൗണ്ടിംഗ് ഡയറക്ടറുമായ ജിബി പാറക്കലാണ് ജൂബിലി കൺവെൻഷന്റെ മുഖ്യ സ്പോൺസർ. രൂപതയിലെ എല്ലാ സംരംഭങ്ങളിലും എന്നും ആത്മാർത്ഥമായി സഹകരിച്ചു വരുന്ന ജിബി പാറക്കലിനെയും കുടുംബത്തിനെയും മാർ ജോയ് ആലപ്പാട്ട് തദവസരത്തിൽ ആദരിക്കുകയുണ്ടായി.

ഓസ്റ്റിൻ ഇടവകയുടെ തുടക്കം മുതൽ അതിന്റെ വളർച്ചക്ക് സമഗ്രമായ സംഭാവനകൾ നൽകിയിട്ടുള്ള ജിബി പാറക്കൽ, ഈ കൺവൻഷൻ കൂട്ടായ്മ എത്രയും സുന്ദരവും അനുഗൃഹീതവുമാക്കുവാൻ ഏറ്റവും ഉയർന്ന സ്പോൺസർഷിപ്പായ ക്രൗൺ സ്പോൺസർഷിപ്പ്, നൽകിയതിൽ ടീമംഗങ്ങൾ നന്ദി പറഞ്ഞു.

കൺവെൻഷനിൽ കേരളത്തിൽ നിന്നുള്ള കലാകാരന്മാരായ സ്റ്റീഫൻ ദേവസ്സി, ജയറാം എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേകമായി കലാപരിപാടികൾ ഒരുക്കിയിരിക്കുന്നു. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്. അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ അതിബൃഹത്തായ ഈ ആത്മീയസാംസ്കാരിക സംഗമത്തിൽ പങ്കാളികളാവാൻ ഏവരെയും കൺവെൻഷൻ ടീം ക്ഷണിക്കുന്നു.

ഓസ്റ്റിൻ പള്ളിയിലെ അച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

*ബീനാ വള്ളിക്കളം*

## കാനഡ പ്രിയം കുറയുന്നോ? വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്

ഒട്ടാവ : കാനഡയിൽ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്. 2025 ൽ എല്ലാ മാസങ്ങളിലും, പ്രത്യേകിച്ച് സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ, മുൻ വർഷത്തെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ വരവിൽ കുത്തനെയുള്ള കുറവ് രേഖപ്പെടുത്തി. മൊത്തത്തിൽ, 2025 ലെ ആദ്യ പത്ത് മാസങ്ങൾ കാനഡയിലേക്കുള്ള അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ വരവിൽ 60% കുറവ് രേഖപ്പെടുത്തി. 2024 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2025 ജനുവരി മുതൽ ഒക്ടോബർ വരെ 153,820 പുതിയ വിദ്യാർത്ഥികൾ കുറഞ്ഞു.

2025 ഒക്ടോബറിൽ കാനഡയിൽ പുതിയ വിദ്യാർത്ഥികൾ എത്തിയത് 3,030 പേർ മാത്രമായിരുന്നു, കഴിഞ്ഞ വർഷം ഒക്ടോബറിൽ ഇത് 6,520 ആയിരുന്നു, ഇത് 53% കുറവാണ്. 2025 സെപ്തംബറിൽ കാനഡയിൽ എത്തിയത് 11,390 പുതിയ വിദ്യാർത്ഥികൾ മാത്രമായിരുന്നു, കഴിഞ്ഞ വർഷം സെപ്രംബറിൽ ഇത് 28,910 ആയിരുന്നു, ഇത് 60% കുറവാണ്.

2025 ഓഗസ്റ്റിൽ 45,200 പുതിയ വിദ്യാർത്ഥികൾ എത്തി. എന്നിരുന്നാലും, 2024 ഓഗസ്റ്റിലെ താരതമ്യ കണക്ക് ഒരു വലിയ ഇടിവ് പ്രവണത കാണിക്കുന്നു. 2024 ഓഗസ്റ്റിൽ 79,770 പേർ കാനഡയിൽ പഠനം ആരംഭിക്കാൻ എത്തിയിരുന്നു. സെഷൻ ആരംഭിക്കുന്ന മാസത്തിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഇത് ഏകദേശം 43% കുറവാണിത്. കാനഡയിൽ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ വരവ് കുറയുന്നതിന് പിന്നിൽ നിരവധി കാരണങ്ങളുണ്ട്. കാനഡയിലെ താൽക്കാലിക വിദേശ ജനസംഖ്യ കുറയ്ക്കാൻ കനേഡിയൻ സർക്കാർ ബോധപൂർവമായ തീരുമാനം എടുത്തിട്ടുണ്ട്. 2025 ൽ 437,000 പഠന അനുമതികൾ നൽകാനാണ് ഐആർസിസി പദ്ധതിയിടുന്നത്, ഇത് 2024 ലെ പരിധിയേക്കാൾ 10% കുറവാണ്. കൂടാതെ, പഠന അനുമതി അനുവദിക്കൽ പ്രക്രിയ കർശനമാക്കിയിട്ടുണ്ട്, ഇപ്പോൾ ഐആർസിസിയിലേക്കുള്ള ഓരോ അപേക്ഷയ്ക്കും ഒരു പ്രവിശ്യയിൽ നിന്നോ പ്രദേശത്തു നിന്നോ ഒരു അറ്റസ്റ്റേഷൻ കത്ത് ആവശ്യമാണ്.

2024 സെപ്തംബർ 1 മുതൽ, കരിക്കുലം ലൈസൻസിംഗ് ക്രമീകരണം പിന്തുടരുന്ന അന്താരാഷ്ട്രവിദ്യാർത്ഥികൾക്ക്ബിരുദാനന്തര വർക്ക് പെർമിറ്റിന് യോഗ്യത നേടാനാവില്ല. കൂടാതെ, മാസ്റ്റേഴ്സ്, ഡോക്ടറൽ പ്രോഗ്രാമുകളിൽ ചേരുന്ന അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ ജീവിതപങ്കാളികൾക്ക് മാത്രമായി ഓപ്പൺ വർക്ക് പെർമിറ്റുകൾ പരിമിതപ്പെടുത്തിയിരിക്കുന്നു.

# കുടിയേറ്റ നിയന്ത്രണം ഫലിച്ചു; കാനഡയിൽ ജനസംഖ്യയിൽ ഇടിവ്

ഒട്ടാവ: കാനഡയിൽ ജനസംഖ്യയിൽ ഇടിവ്. ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ കാനഡയിലെ ജനസംഖ്യ 76,068 ആയി കുറഞ്ഞു. പ്രധാനമായും കുടിയേറ്റത്തിലെ നിയന്ത്രണങ്ങളാണ് ഇതിന് കാരണമെന്ന് ഫെഡറൽ സ്റ്റാറ്റിസ്റ്റിക്സ് ഏജൻസി അറിയിച്ചു. 2027 ആകുമ്പോഴേക്കും 41.6 ദശലക്ഷം ജനസംഖ്യയുടെ 5% താൽക്കാലിക താമസക്കാരായി പരിമിതപ്പെടുത്താൻ സർക്കാർ നിർദേശം വന്നതോടെയാണ് സ്ഥിര താമസക്കാരല്ലാത്തവരുടെ എണ്ണത്തിൽ കുറവുണ്ടായതെന്ന് സ്റ്റാറ്റിസ്റ്റിക്സ് കാനഡ പറഞ്ഞു. 'നമ്മുടെ കുടിയേറ്റ സംവിധാനത്തിന്റെ നിയന്ത്രണം തിരിച്ചുപിടിക്കുകയും ആളുകളെ സ്വാഗതം ചെയ്യാനുള്ള നമ്മുടെ ശേഷിയും രാജത്തേക്ക് വരാൻ ആഗ്രഹിക്കുന്ന ആളുകളുടെ എണ്ണവും തമ്മിൽ മികച്ച സന്തുലിതാവസ്ഥ കണ്ടെത്തുകയും ചെയ്യുക' എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കാനഡയുടെ ധനമന്ത്രി




ഫ്രാങ്കോയിസ്ഫിലിപ്പ് ഷാംപെയ്ൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ജനസംഖ്യാ വളർച്ച താൽക്കാലികമായി നിർത്താനുള്ള ശ്രമത്തിൽ കാനഡ രാജത്തേക്ക് അനുവദിക്കുന്ന കുടിയേറ്റക്കാരുടെ എണ്ണത്തിൽ കുത്തനെ കുറവു വരുത്തുമെന്ന് മുൻ പ്രസിഡന്റ് ജസ്റ്റിൻ ട്രൂഡോ കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നു. നിലവിലെ പ്രസിഡന്റ് മാർക്ക് കാർണിയും ആ രീതിയിൽ തന്നെ തുടർന്നു.

അടുത്ത വർഷംജനസംഖ്യ 673,650 ൽ നിന്ന് 385,000 ആയും 2027 ലും 2028 ലും 370,000 ആയും ഗണ്യമായി കുറയ്ക്കാനാണ് കാനഡയുടെ ലക്ഷ്യം.



# സ്വർണക്കൊള്ളയിൽ അന്വേഷണം വീണ്ടും ഊർജ്ജിതം, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറസ്റ്റിൽ

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ ദേവസ്വം മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാറിനെ അറസ്റ്റു ചെയ്തതിലൂടെ കേസിൽ രാഷ്ട്രീയക്കാരടക്കം ഉന്നതരുടെ പങ്കിലേക്ക് അന്വേഷണം നീളുമെന്ന് ഉറപ്പായി. ശ്രീകുമാറിനെ കൂടുതൽ ചോദ്യം ചെയ്ത് ഇതിനുള്ള തെളിവുകൾ കണ്ടെത്താനാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ ശ്രമം. ഉദ്യോഗസ്ഥനെന്ന നിലയിൽ മുകളിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ച് ഫയൽ നീക്കുക മാത്രമാണ് ചെയ്തതെന്നാണ് ശ്രീകുമാറിന്റെ മൊഴി.

തദ്ദേശ തിരഞ്ഞെടുപ്പിനെ തുടർന്ന് മന്ദഗതിയിലായിരുന്ന അന്വേഷണമാണ് എസ്.ഐ.ടി വീണ്ടും സജീവമാക്കുന്നത്. 2019ൽ ദ്വാരപാലക ശില്പപാളികൾ സ്വർണം പൂശാനായി പുറത്തേക്ക് കൊണ്ടുപോയപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്നു ശ്രീകുമാർ. നോട്ടീസ് നൽകി വിളിച്ചുവരുത്തി മണിക്കൂറുകളോളം ചോദ്യം ചെയ്തശേഷം ഇന്നലെ ഉച്ചയോടെയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. ശ്രീകുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി നേരത്തെ തള്ളിയിരുന്നു.

ദ്വാരപാലക ശില്പക്കേസിൽ ആറാം പ്രതിയാണ്. കേസിൽ ദേവസ്വം ബോർഡിലെ രണ്ട് മുൻ പ്രസിഡന്റുമാരടക്കം നേരത്തെ അറസ്റ്റിലായിരുന്നു. ചെമ്പ് തകിടുകൾ എന്നെഴുതിയ മഹസറിൽ



ശ്രീകുമാർ സാക്ഷിയായി ഒപ്പിട്ടെന്നും സ്വർണപ്പാളികൾ 2019 സെപ്തംബർ 11ന് തിരികെ എത്തിച്ചപ്പോൾ തൂക്കം നോക്കാതെ മഹസർ തയ്യാറാക്കിയെന്നുമാണ് എസ്.ഐ.ടിയുടെ കണ്ടെത്തൽ.

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്ക് ശേഷം ശ്രീകുമാറിനെ കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്യും. ദേവസ്വം ബോർഡ് മുൻ സെക്രട്ടറിയും നാലാം പ്രതിയുമായ എസ്. ജയശ്രീ മുൻകൂർ ജാമ്യം തേടി സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്.

സ്വർണപ്പാളികൾ കൊടുത്തു വിടുന്നതിനായി 2019 ജൂലായ് 19ന് തയ്യാറാക്കിയ മഹസറിൽ സാക്ഷിയായി ഒപ്പിടുക മാത്രമായിരുന്നു എന്നാണ് ശ്രീകുമാറിന്റെ മൊഴി. അതിനു രണ്ടു ദിവസം മുമ്പാണ് സ്ഥലം മാറിയെത്തിയത്. അതിനാൽ ക്രമക്കേടിൽ പങ്കില്ലെന്നും മൊഴി നൽകി. എന്നാൽ, ഗുരുതരമായ ഉത്തരവാദിത്വ ലംഘനം കാട്ടിയത് ഉന്നതരുടെ നിർദ്ദേശ പ്രകാരമാണെന്ന് എസ്.ഐ.ടി വിലയിരുത്തുന്നു. അമൂല്യ വസ്തുക്കളുടെ ചുമതലയുള്ള ഉദ്യോഗസ്ഥനെന്ന നിലയിൽ മഹസറിലെ ഉള്ളടക്കം പരിശോധിക്കുകയും സംശയം തീർക്കുകയും ചെയ്യേണ്ടിയിരുന്നു എന്നും വിലയിരുത്തുന്നു.

### ശബരിമല ഭണ്ഡാരത്തിൽ പൊലീസ് കയറിയതിനെതിരെ ഹൈക്കോടതി

കൊച്ചി: ശബരിമല ദേവസ്വം ഭണ്ഡാരത്തിൽ പോലീസ് കയറിയ സംഭവത്തിൽ താക്കീതുമായി ഹൈക്കോടതി. ഐ.ജി എസ്. ശ്യാംസുന്ദറിന്റെ നേതൃത്വത്തിലാണ് പോലീസ് ഡിസംബർ 11ന് രാവിലെ ഭണ്ഡാരമുറിയിൽ പരിശോധനയ്ക്ക് കയറിയത്. പോലീസാണെങ്കിലും അനുവാദമില്ലാതെ ഭണ്ഡാരത്തിൽ കയറരുതെന്ന് കോടതി മുന്നറിയിപ്പ് നൽകി. ശബരിമല സ്പെഷ്യൽ കമ്മിഷണറുടെ റിപ്പോർട്ട് പ്രകാരമാണ് നിർദ്ദേശം. ഭണ്ഡാരത്തിൽ ആവശ്യത്തിന് ജീവനക്കാരെ നിയോഗിക്കണമെന്നും ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വംബെഞ്ച് നിർദ്ദേശിച്ചു.

ശബരിമല തീർത്ഥാടകരുടെ സ്പോട്ട് ബുക്കിംഗിനായി നിലയ്ക്കലിൽ ഒരുക്കിയ കൗണ്ടറുകളിൽ ഒരെണ്ണം പോലീസ് ഉദ്യോഗസ്ഥരുടെ അതിഥികൾക്കും പോലീസ് ആവശ്യങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്നതും സ്പെഷ്യൽ കമ്മിഷണർ ചൂണ്ടിക്കാട്ടി.

പോലീസ് ഉദ്യോഗസ്ഥർക്കായി പ്രത്യേക കൗണ്ടർ അനുവദിക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കി. ഇതുസംബന്ധിച്ച് സർക്കാരിന്റെ വിശദീകരണം തേടി. വിഷയം ജനുവരി 9ന് വീണ്ടും പരിഗണിക്കും.

അരവണ പ്ലാന്റിന് പിന്നിൽ ശർക്കര കൊണ്ടുവന്ന ചാക്കും ഒഴിഞ്ഞ നെയ്യ് ടിന്നുകളും കൂട്ടിയിട്ടിരിക്കുന്നത് ഉടൻ നീക്കണം. വണ്ടിപ്പെരിയാർ-സത്രം-പുല്ലുമേട് വഴി കൂടുതൽ തീർത്ഥാടകർ എത്തുന്നുണ്ടെന്നാണ് റിപ്പോർട്ട്. ഇത് അനുവദനീയമല്ല. വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്തവരെ മാത്രമേ സന്നിധാനത്തേക്ക് കടത്തിവിടാവൂ. അനുവദനീയമായതിലുമധികം തീർത്ഥാടകരെ ഒരു കാരണവശാലും പ്രവേശിപ്പിക്കരുതെന്നും കോടതി നിർദ്ദേശിച്ചു.

### പ്രവാസി വ്യവസായിയുടെ മൊഴിയിൽ അന്വേഷണം

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയ്ക്ക് വിദേശ ബന്ധമുണ്ടെന്ന് പ്രവാസി വ്യവസായി നൽകിയ മെഴിയിൽ എസ്.ഐ.ടി അന്വേഷണം തുടങ്ങി. രമേശ് ചെന്നിത്തലയാണ് കൊള്ളയ്ക്ക് അന്താരാഷ്ട്ര പുരാവസ്തു മാഫിയയുമായി ബന്ധമുണ്ടെന്നും ഇക്കാര്യം നേരിട്ടറിയുന്ന ആൾ മൊഴി നൽകുമെന്നും എസ്.ഐ.ടിയെ അറിയിച്ചത്.

ശബരിമലയിൽ നിന്ന് കടത്തിയ സ്വർണപ്പാളികൾ പുരാവസ്തുക്കളായി 500 കോടിക്ക് വിദേശത്ത് വിറ്റെന്നാണ് ചെന്നിത്തലയുടെ മൊഴി. ഇത് സാധൂകരിക്കുന്ന വിവരങ്ങളാണ് പ്രവാസി വ്യവസായി വെളിപ്പെടുത്തിയത്. ചെന്നിത്തലയുടെ ആരോപണം ശരി വച്ച വ്യവസായി, അഞ്ഞൂറ് കോടിയുടെ പുരാവസ്തു കടത്താണു നടന്നതെന്ന് പ്രത്യേക അന്വേഷണ സംഘത്തിനു മൊഴി നൽകി. ഫോണിലൂടെയാണ് എസ്ഐടി വിവരങ്ങൾ ശേഖരിച്ചത്. മൂന്നു മണിക്കൂറോളം വ്യവസായിയുമായി അന്വേഷണസംഘം സംസാരിച്ചതായാണ് വിവരം. വൈകാതെ നേരിട്ട് മൊഴിയെടുക്കും. പുരാവസ്തു കടത്ത് സംഘത്തെ കുറിച്ചുള്ള വിവരങ്ങൾ വ്യവസായി കൈമാറിയെന്നാണ് സൂചന. മൊഴി ലഭിച്ചതോടെ വിശദാന്വേഷണത്തിലേക്ക് കടക്കാനാണ് നീക്കം.














## ഷിക്കാഗോ രൂപത സീറോ മലബാർ കൺവെൻഷൻ കിക്കോഫ്:

# ന്യൂയോർക്ക് ബുക്കാനൻ സെയിന്റ് ജോസഫ് മിഷനിൽ മികച്ച പ്രതികരണം

ന്യൂയോർക്ക്: സിൽവർജൂബിലി നിറവിൽ നിൽക്കുന്ന ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ചു, 2026 ജൂലൈ 9,10,11 തീയതികളിൽ ഷിക്കാഗോയിൽവച്ചു നടക്കുന്ന സിറോ മലബാർ കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഡിസംബർ 14 ഞായറാഴ്ച ന്യൂയോർക്കിലെ ബുക്കാനൻ സെയിന്റ് ജോസഫ് മിഷനിൽ വിജയകരമായി നടന്നു.

വിശുദ്ധകുർബാനക്ക്ശേഷം നടന്ന ചടങ്ങിൽ വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം വിശ്വാസികളിൽ നിന്നും രജിസ്ട്രേഷനുകൾ ഏറ്റുവാങ്ങി. നിരവധി പേർ കൺവൻഷനിൽ പങ്കെടുക്കുന്നതിൽ താൽപ്പര്യം അറിയിച്ചു മുന്നോട്ടുവന്നു.

പരസ്പരം പരിചയപ്പെടുന്നതിനും, പരിചയങ്ങൾ പുതുക്കുന്നതിനും, സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമെല്ലാം അവസരം നൽകുന്ന ഈ കൺവൻഷനിൽ എല്ലാവരും പങ്കെടുക്കണമെന്ന് വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം അഭ്യർഥിച്ചു. ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാല കൺവൻഷനെ പറ്റി വിശദമായി പ്രതിപാദിച്ചു.

2026 ജൂലൈ മാസം നടക്കുന്ന സിറോ മലബാർ കൺവൻഷൻ, രൂപതയുടെ ചരിത്രത്തിൽതന്നെ സ്ഥാനം പിടിക്കുന്ന തലത്തിൽ വിജയകരമാക്കി തീർക്കുവാൻ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചു വരുന്നതായി അദ്ദേഹം പറഞ്ഞു. കൺവൻഷന്റെ മുന്നോടിയായി രൂപതയിലെ വിവിധ പള്ളികളിൽ കൺവൻഷൻ കിക്കോഫുകൾ വിജയകരമായി നടന്നുവരുന്നതായും ജോസഫ് ചമക്കാല അറിയിച്ചു. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ. ഈ അവസരം എല്ലാവരും ഉപയോഗിക്കണമെന്ന് ജൂബിലി കമ്മിറ്റി ചെയർമാൻ അഭ്യർഥിച്ചു.

മിഷൻ ഡയറക്ടർ റവ. ഫാ. റോയ്സൺ മേനോലിക്കൽ, വികാരി ജനറാളിനേയും, കൺവൻഷൻ ഭാരവാഹികളെയും സ്വാഗതം ചെയ്തു. കൈക്കാരൻ ജോഷി വാളിയംപ്ലാക്കൽ, ജോസഫ് മാത്യു തെള്ളിയാങ്കൽ, സ്മിത ജോൺ തുടങ്ങിയവർ കിക്കോഫിന് നേതൃത്വം നൽകി.

◗ *ഷോളി കുമ്പിളുവേലി*

# റവ. ഫാ. മാത്യു വർഗീസ് കരുത്തലക്കൽ കോറപ്പിസ്കോപ്പ പദവിയിലേക്ക്



യാക്കോബായ സഭയുടെ അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ വൈദീകരിൽ ഒരാളായ റവ. ഫാ. മാത്യു വർഗീസ് കരുത്തലക്കൽ കോറപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. ഡിസംബർ 27-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ വച്ച് വി. കുർബ്ബാനയെ തുടർന്ന് കോറപ്പിസ്കോപ്പാ ശുശ്രൂഷകൾ നടത്തപ്പെടും. ശുശ്രൂഷകൾക്ക് അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ യൽദോ മാർ തീത്തോസ് തിരുമേനി പ്രധാന കാർമ്മികനായിരിക്കും. ഭദ്രാസനത്തിലെ വിവിധ ഇടവകയിലെ വൈദികർ ശുശ്രൂഷയിൽ സംബന്ധിക്കുന്നതാണ്.

വാകത്താനം ഞാലിയാകുഴി സെന്റ് ഇഗ്നേഷ്യസ് പള്ളി ഇടവകാംഗമായ അച്ചൻ 1980ൽ ശെമ്മാശുപട്ടവും 1986ൽ വൈദിക പട്ടവും സ്വീകരിച്ചു. 1983-84 കാലഘട്ടത്തിൽ ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വീതീയൻ വാവായുടെ സെക്രട്ടറി ആയി പ്രവർത്തിച്ചു. തുടർന്ന് അഖില മലങ്കര യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ്, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. മികച്ച സംഘാടകനും സുവിശേഷപ്രസംഗകനുമായ അച്ചൻ കേരളത്തിൽ നാലുന്നാക്കൽ, പള്ളം, ഉള്ളായം, ഒളശ്ശ, പൊൻകുന്നം എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ 31 വർഷം അമേരിക്കൻ ഭദ്രാസനത്തിൽ വൈദികനായി സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളി അസോസിയേറ്റ് വികാരി, മിനിസോട്ട സെന്റ് സൈമൺസ് യാക്കോബായ പള്ളിയുടെ വികാരിയായും പ്രവർത്തിക്കുന്നു. വെട്ടിക്കൽ സെമിനാരി, മലേക്കുരിശു ദയാറ എന്നീ സെമിനാരികളിൽ വൈദിക വിദ്യാഭ്യാസം നേടി.

ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളിയും എല്ലാവിധ പ്രാർത്ഥനകളും നേരുന്നു.

കൂടുതൽ വിവരങ്ങൾക്ക് റവ. ഫാ. ലിജു പോൾ (വികാരി) 224-730-4082, മാമൻ കുരുവിള (വൈസ് പ്രസിഡന്റ്) 630-205-8887, ജിബിൻ ജേക്കബ് (ട്രഷറർ) 848-248-9288, ജോജു കെ. ജോയി (സെക്രട്ടറി) 224-610-9652

◗ *ഷെവലിയാർ ജെയ്മോൻ സ്കറിയ*












# പാരഡി പാട്ടിൽ കേസെടുത്ത് പോലീസ്, വിശ്വാസികളെ വ്രണപ്പെടുത്തുന്നതല്ല: ഗായകൻ ഡാനിഷ്

തിരുവനന്തപുരം: ശബരിമലയിലെ സ്വർണക്കൊള്ള പരാമർശിക്കുന്ന 'പോറ്റിയെ കേറ്റിയേ' എന്ന പാരഡി പാട്ടിന്റെ അണിയറ പ്രവർത്തകരെ പ്രതിയാക്കി പോലീസ് കേസെടുത്തു. പാട്ടെഴുതിയ ഖത്തറിൽ ജോലി ചെയ്യുന്ന നാദാപുരം ചാലപ്പുറം സ്വദേശി ജി.പി. കുഞ്ഞബ്ദുള്ള, സംഗീതം നൽകിയ കോഴിക്കോട് സ്വദേശി ഹനീഫ, പാടിയ ഡാനിഷ് കൂട്ടിലങ്ങാടി തുടങ്ങിയവരെ പ്രതിയാക്കി തിരുവനന്തപുരം സൈബർ പോലീസാണ് കേസെടുത്തത്.

മനോഹരമായ ഭക്തിഗാനത്തെ വികലമായി ഉപയോഗിച്ചെന്നും രാഷ്ട്രീയ ലാഭത്തിനുവേണ്ടിയാണ് പാട്ടിനെ വികലമാക്കിയതെന്നും ചൂണ്ടിക്കാട്ടി തിരുവാഭരണപാത സംരക്ഷണ സമിതി ജനറൽ സെക്രട്ടറി പ്രശാന്ത് കുഴിക്കാല നൽകിയ പരാതി സൈബർ ഓപ്പറേഷൻസ് വിഭാഗത്തിന് കൈമാറിയിരുന്നു. പ്രാഥമിക പരിശോധനയിൽ കേസെടുക്കാമെന്നാണ് കണ്ടെത്തിയതോടെ പരാതി സൈബർ പോലീസ് സ്റ്റേഷനിലേക്ക് കൈമാറുകയായിരുന്നു. ഗാനം തദ്ദേശ തിരഞ്ഞെടുപ്പിൽ വ്യാപകമായി പ്രചരിച്ചിരുന്നു.

**കമ്മിഷനും പരാതി നൽകി സി.പി.എം**

പാരഡിപ്പാട്ട് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകിയതായി സി.പി.എം ജില്ലാ സെക്രട്ടറി രാജു ഏബ്രഹാം പറഞ്ഞു. മതവികാരം വ്രണപ്പെടുത്തുന്നതാണ് പാട്ട്. കോൺഗ്രസും ബി.ജെ.പിയും പാട്ടിനെ വർഗീയ ധ്രുവീകരണത്തിന് ഉപയോഗിച്ച് വോട്ടുപിടിക്കാൻ ശ്രമിച്ചതായി പരാതിയിൽ പറയുന്നു.

തദ്ദേശ തിരഞ്ഞെടുപ്പിൽ വൈറലായ 'പോറ്റിയേ കേറ്റിയേ' എന്ന പാരഡി ഗാനത്തിനെതിരായ കേസിനെ നിയമപരമായി നേരിടുമെന്ന് ഗായകൻ ഡാനിഷ് പറഞ്ഞു. വിശ്വാസികളെ വ്രണപ്പെടുത്തുന്ന ഒന്നും പാട്ടിൽ ഇല്ല. അതുകൊണ്ടാണ് പാട്ട് പാടിയത്. പ്രതിസ്ഥാനത്തായവർക്ക് മാത്രമാണ് വ്രണപ്പെട്ടത്. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കുമായി മുമ്പും പാട്ടുകൾ പാടിയിട്ടുണ്ട്. നിരവധിപേർ തന്നെ വിളിച്ച് പിന്തുണ അറിയിക്കുന്നുണ്ടെന്നും ഡാനിഷ് പറഞ്ഞു. വിശ്വാസികളെ വേദനിപ്പിക്കുന്ന ഒരുവരിപോലും പാട്ടിലില്ലെന്ന് ഗായകസംഘത്തിലെ അംഗവും മാദ്ധ്യമപ്രവർത്തകനുമായ പി.എ.അബ്ദുൽ ഹയ്യ് പറഞ്ഞു. ഗാനം തദ്ദേശ തിരഞ്ഞെടുപ്പിന് മൂന്ന് മാസം മുൻപേ ഇറക്കിയതാണ്. തിരഞ്ഞെടുപ്പ് പ്രചാരണ ഗാനമായല്ല പാടിയതെന്നും അബ്ദുൽ ഹയ്യ് പറഞ്ഞു.
















# ശബരിമല സ്വർണക്കൊള്ള: നേരറിയാൻ സി.ബി.ഐ വരട്ടെ





ബാബു കദളിക്കാട്

ഉന്നത കോടതികളുടെ മേൽനോട്ടത്തിലായാലും ശബരിമലയിലെ സ്വർണക്കൊള്ള സംബന്ധിച്ച അന്വേഷണം കേരള പൊലീസിനു യഥാവിധി നിർവഹിക്കാനും സത്യം കണ്ടെത്താനും കഴിയില്ലെന്ന ചിന്ത മലയാളി സമൂഹത്തിൽ ബലപ്പെട്ടുവരുന്നു. തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിന്റെ ഫലം ഭരണ കക്ഷിയുടെ ആത്മവിശ്വാസം തരിപ്പണമാക്കിയതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് ശബരിമലയിലെ സ്വർണക്കൊള്ള തന്നെയാണെന്ന നിരീക്ഷണം സി.പി.ഐ പോലും പങ്കുവയ്ക്കുന്നു.

ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണസംഘം നിലവിൽ അന്വേഷണം നടത്തിവരികയാണ്. രണ്ട് മുൻ ദേവസ്വം പ്രസിഡന്റുമാർ ഉൾപ്പെടെ ദേവസ്വം ബോർഡിലെ ഉന്നത തസ്തികകളിലിരുന്ന ഏതാനും ഉദ്യോഗസ്ഥരും കേസിൽ പ്രതികളായി. അവരെ അറസ്റ്റ് ചെയ്തു. ഹൈക്കോടതിയുടെ മേൽനോട്ടം ഉള്ളതിനാൽ അന്വേഷണം ശരിയായ ദിശയിലാണ് നീങ്ങുന്നതെന്നുതന്നെ കരുതാം. എന്നാൽ,പഞ്ചായത്ത് തിരഞ്ഞെടുപ്പുമായിബന്ധപ്പെട്ട് അന്വേഷണവും തുടർ അറസ്റ്റുകളും മന്ദീഭവിപ്പിച്ചിരിക്കുകയാണെന്ന വിമർശനം ചിലർ ഉന്നയിക്കുന്നുണ്ട്.

ശബരിമലയിലെ സ്വർണക്കൊള്ള സംബന്ധിച്ചു സി.ബി.ഐ അന്വേഷണമാവശ്യപ്പെട്ട് ബി.ജെ.പി. നേതാവ് രാജീവ് ചന്ദ്രശേഖർ ഉൾപ്പെടെ ഹർജി നൽകിയിട്ടുണ്ട്. സ്വർണക്കൊള്ള കേസിൽ അഴിമതി നിരോധന നിയമപ്രകാരമുള്ള വകുപ്പുകൾ ചേർത്തതും സി.ബി.ഐയ്ക്ക് രംഗത്തു വരാൻ കളമൊരുക്കിയിരിക്കുകയാണ്. ഏതിനും ഹൈക്കോടതിയുടെ അനുമതി വേണമെന്നാണ് പ്രധാനം.

കേരളത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല സ്വർണക്കൊള്ള സംബന്ധിച്ച അന്വേഷണം. ദ്വാരപാലക ശില്പങ്ങളിൽ നിന്ന് ഇളക്കിയെടുത്ത സ്വർണപ്പാളി ചെമ്പെന്ന് രേഖപ്പെടുത്തി സ്വർണം പൂശാൻ അന്യ സംസ്ഥാനത്തേക്കാണ് കൊണ്ടുപോയത്. ഇതുസംബന്ധിച്ച് ഏറ്റവും കുറഞ്ഞത്, കേരളത്തിനു പുറമെ തമിഴ്നാട്ടിലും ആന്ധ്രയിലും വിശദമായ അന്വേഷണം വേണ്ടിവരും. സ്വർണപ്പാളികൾ വിദേശത്തേക്കു കടത്തി 500 കോടിയുടെ പുരാവസ്തു തട്ടിപ്പ് നടത്തിയെന്ന ആരോപണം കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പത്രസമ്മേളനത്തിൽ ഉന്നയിച്ചു. വിദേശ മോഡൽ സ്വർണക്കൊള്ളയാണോ ശബരിമലയിൽ നടന്നതെന്ന സംശയം ആദ്യം ഉന്നയിച്ചത് ഹൈക്കോടതി തന്നെയാണ്.

ശബരിമലയിലെ അമൂല്യ വസ്തുക്കൾ വിദേശത്തേക്ക് കടത്തിയിട്ടുണ്ടോ എന്നത് പഴുതടച്ച അന്വേഷണത്തിലൂടെ ബോദ്ധ്യപ്പെടേണ്ട കാര്യമാണ്. അതാകട്ടെ, സംസ്ഥാന സർക്കാരിനു കീഴിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുന്ന കാര്യമല്ല. അന്യസംസ്ഥാനങ്ങളിലെ പൊലീസിന്റെയും അന്താരാഷ്ട്ര അന്വേഷണ ഏജൻസികളുടെയും സഹായം അതിന് ആവശ്യമാണ്. അയ്യപ്പന്റെ സ്വർണം വിദേശത്തേക്കു കടത്തിയെന്ന് ബോദ്ധ്യപ്പെട്ടാൽ ഗുരുതരമായ ഭവിഷ്യത്തുകൾ സൃഷ്ടിക്കുന്ന സംഭവവികാസമായി ശബരിമലയിലെ സ്വർണക്കൊള്ള മാറുമെന്നതിൽ സംശയമില്ല. അതിനാൽ അന്യ സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ഒരുപോലെ അന്വേഷണം നടത്താൻ പ്രാപ്തിയുള്ള സി.ബി.ഐ പോലുള്ള ഒരു ദേശീയ ഏജൻസി കേസ് അന്വേഷിക്കുന്നതാവും ജനങ്ങളിൽ കൂടുതൽ വിശ്വാസ്യത സൃഷ്ടിക്കാൻ പര്യാപ്തമാവുക.

ആരോപണങ്ങളുടെ വെളിച്ചത്തിൽ പ്രഥമദൃഷ്ട്യാ ലഭിച്ച സൂചനകൾ വിലയിരുത്തി ഇക്കാര്യത്തിൽ ഹൈക്കോടതിയിൽ നിന്നുതന്നെ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതാകും യുക്തി. ശബരിമല ക്ഷേത്രത്തിലെ സ്വർണാപഹരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ കേന്ദ്ര ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇതിനകംതന്നെ നീക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഈ കേസിന്റെ വിവരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ് കൈമാറണമെന്ന് ആവശ്യപ്പെട്ട് ഇ.ഡി കൊല്ലം വിജിലൻസ് കോടതിയിൽ അപേക്ഷ നൽകിയിരിക്കുകയാണ്. കേസിന്റെ എഫ്.ഐ.ആറുകൾ, റിമാൻഡ് റിപ്പോർട്ടുകൾ, അറസ്റ്റിലായവരുടെ മൊഴികൾ, പിടിച്ചെടുത്ത രേഖകൾ തുടങ്ങിയവയുടെ പകർപ്പാണ് ഇ.ഡി ആവശ്യപ്പെട്ടിരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ ലഭിച്ച പണം എത്രയെന്ന് കണക്കാക്കുന്നതിനും ആ തുക കണ്ടുകെട്ടുന്നതിനും അധികാരമുള്ള ഏജൻസിയാണ് ഇ.ഡി.

അയ്യപ്പന്റെ സ്വർണം കൊള്ള ചെയ്തതിന്റെയും വിദേശത്തേക്ക് കടത്തിയിട്ടുണ്ടെങ്കിൽ അതിന്റെയും പ്രതിഫലമായി ലഭിച്ച പണം കൈപ്പറ്റിയ ഒരാൾപോലും നിയമത്തിന്റെ വലയിൽ നിന്ന് രക്ഷപ്പെടരുതെന്നാണ് വിശ്വാസികൾ ആഗ്രഹിക്കുന്നത്. അത് തന്ത്രിയായാലും മന്ത്രിയായാലും കുറ്റം ചെയ്തെന്ന് തെളിയിക്കപ്പെടുകയാണെങ്കിൽ പിടിക്കപ്പെടുക തന്നെ വേണം. വസ്തുതകളുടെയും തെളിവുകളുടെ പിൻബലത്തോടുകൂടിയ അന്വേഷണത്തിലുമാണ് ഇതൊക്കെ സംശയാതീതമായി തെളിയിക്കപ്പെടേണ്ടത്. അതിന് ഇന്ത്യയിലെ ഏറ്റവും വൈദഗ്ദ്ധ്യമുള്ള അന്വേഷണ ഏജൻസിയായ സി.ബി.ഐ തന്നെ വരുന്നതാവും ഉചിതമെന്നതിൽ സംശയത്തിനു പഴുതില്ല.

## ബെല്ലാരി രാജാ

ശബരിമല സ്വർണക്കൊള്ളയുടെ പല അന്തർ സംസ്ഥാന കണക്ഷനുകളും ഇതിനോടകം പുറത്തുവന്നിട്ടുണ്ട്. ബംഗ്ളൂരു കേന്ദ്രമാക്കിയായിരുന്നു ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ പ്രവർത്തനം. ദ്വാരപാലക ശില്പങ്ങളും കട്ടിളപ്പാളികളും ശ്രീകോവിൽ വാതിലുമെല്ലാം സ്വർണം പൂശാൻ പല ഘട്ടങ്ങളിലായി എത്തിച്ചത് ചെന്നൈയിലെ സ്മാർട് ക്രിയേഷൻസിലാണ്. പോറ്റിയുടെ നിർദ്ദേശപ്രകാരം പുതുതായുണ്ടാക്കിയ വാതിൽ ചെമ്പുപൊതിഞ്ഞത് ഹൈദരബാദിലാണ്. ഉരുക്കി മോഷ്ടിച്ച സ്വർണം വാങ്ങിയത് ബെല്ലാരിയിലെ സ്വർണക്കട ഉടമയും ദുരൂഹ വ്യക്തിത്വവുമായ ഗോവർദ്ധനാണ്. ഇയാൾക്ക് ഇടനില നിന്നത് രാജസ്ഥാൻ സ്വദേശി കൽപേഷാണ്. ഇവിടേയ്ക്കെല്ലാം വിശദമായ അന്വേഷണം എത്തേണ്ടതുണ്ട്. രേഖകൾ കണ്ടെടുക്കുന്നതിനും കുറ്റകൃത്യത്തിന്റെ റൂട്ട് പിൻതുടരുന്നതിനും സംസ്ഥാന പൊലീസിന് പരിമിതികളുണ്ടായേക്കും. ഈ പശ്ചാത്തലത്തിലാണ് കേന്ദ്ര അന്വേഷണ ഏജൻസിയായ സി.ബി.ഐയുടെ ഇടപെടൽ പ്രസക്തമാകുന്നത്.

സംഭവത്തിന് പിന്നിൽ ഇന്ത്യയ്ക്ക് പുറത്തുള്ള കണ്ണികൾ ഉണ്ടെന്ന സംശയം കൂടി നിലനിൽക്കുന്നത്, 'നേരറിയാൻ സി.ബി.ഐ' എത്താനുള്ള സാദ്ധ്യത ബലപ്പെടുത്തുന്നു. ശൈലിക്ഷേത്ര കലാസൃഷ്ടികളും പുരാവസ്തുക്കളും മോഷ്ടിച്ച് രാജ്യാന്തര വിപണിയിലെത്തിച്ച് സഹസ്ര കോടികളുടെ ഇടപാടു നടത്തിയ സുഭാഷ് കപൂർ എന്ന രാജ്യാന്തര കുറ്റവാളി ഇപ്പോൾ തമിഴ്നാട്ടിലെ ജയിലിലാണ്. ശബരിമല സ്വർണക്കൊള്ളക്കേസിൽ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളിലൊന്നിൽ ഈ കുറ്റവാളിയുടെ പേര് പരാമർശിക്കുന്നുണ്ട്. ഉണ്ണികൃഷ്ണൻ പോറ്റിയുടെ നേതൃത്വത്തിൽ ശബരിമലയിലെ സ്വർണം കവർച്ച ചെയ്തത് സുഭാഷ് കപൂറിന്റെ 'മോഡസ് ഓപ്പറാൻഡി'ക്കു സമാനമാണെന്നാണ് കോടതി പരാമർശിച്ചത്.

ഒറിജിനൽ കലാരൂപങ്ങൾ മാറ്റിവച്ച് പകരം ഡ്യൂപ്ലിക്കേറ്റ് സമർപ്പിക്കുന്ന രീതിയും ഉണ്ണികൃഷ്ണൻ പോറ്റി നടപ്പാക്കിയെന്നും നിരീക്ഷിച്ചിരുന്നു. പോറ്റി പല വിദേശയാത്രകളും നടത്തിയിരുന്നുവെന്ന് സൂചന ലഭിച്ചിട്ടുണ്ട്. ശബരിമല കേസിലെ രാജ്യാന്തര ബന്ധം സംബന്ധിച്ച് ദുബായിൽ നിന്നും മറ്റും ചില വിവരങ്ങൾ ലഭിച്ചതായി മുൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല വെളിപ്പെടുത്തുകയും എസ്.ഐ.ടിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര തലത്തിൽ വിപുലമായ അന്വേഷണത്തിന് ആവശ്യം ശക്തമാകുന്നുവെന്നു വ്യക്തം.

പ്രശസ്തമായ ആരാധനാലയങ്ങളിൽ നിന്നും മ്യൂസിയങ്ങളിൽ നിന്നും കവരുന്ന പുരാവസ്തുക്കൾ കൃത്രിമരേഖ ചമച്ച് വിൽക്കുന്ന ഗൂഢസംഘങ്ങൾ വിപുലമാണ്. രാജ്യാന്തര വിപണിയിൽ ഇവയ്ക്ക് മോഹവിലയാണ്. ഇത്തരത്തിലുള്ള പല കുറ്റ കൃത്യങ്ങളും അന്വേഷിച്ചു തെളിയിച്ച് നഷ്ടമായ അമൂല്യ വസ്തുക്കൾ തിരിച്ചുപിടിച്ച അനുഭവ പരിചയം സി.ബി.ഐയ്ക്കുണ്ട്. അതിപുരാതന ലോഹ വിഗ്രഹങ്ങളും വിലമതിക്കാനാകാത്ത രവി വർമ്മ ചിത്രങ്ങളും കുറ്റവാളികളിൽ നിന്ന് പിടിച്ചെടുത്തവയിൽ ഉൾപ്പെടും. അതിനാൽ ശബരിമല കേസിൽ പ്രഥമദൃഷ്ട്യാ രാജ്യാന്തര ഗൂഢാലോചന ബോദ്ധ്യപ്പെട്ടാൽ ഹൈക്കോടതി സി.ബി.ഐയുടെ നിലപാട് തേടാനിടയുള്ളതായി പ്രമുഖ അഭിഭാഷകർ പറയുന്നു. ഈ ആവശ്യവുമായി ഹർജികൾ പരിഗണനയ്ക്ക് വന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.

ശബരിമല കേസിന് പിന്നിലെ രാഷ്ട്രീയവും കണക്കിലെടുക്കേണ്ടതുണ്ട്. രാജീവ് ചന്ദ്രശേഖറും രമേശ് ചെന്നിത്തലയുമടക്കമാണ് രംഗത്തുള്ളത്. അഴിയ്ക്കുള്ളിലുള്ളവരിൽ സി.പി.എമ്മിന്റെ പ്രധാന നേതാക്കളുണ്ട്. ദ്വാരപാലക ശില്പങ്ങൾ 2025ലും പോറ്റിക്ക് കൊടുത്തുവിട്ടതിലേക്ക് അന്വേഷണം എത്തേണ്ടതുണ്ട്. മൂന്നു മാസത്തിനകം കേരളം നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിലേക്ക് കടക്കുകയാണ്. തദ്ദേശ തെരഞ്ഞെടുപ്പു ഫലം പ്രതികൂലമെങ്കിലും മൂന്നാം ഭരണ സ്വപ്നം ഉപേക്ഷിക്കാതെ ഇടതുപക്ഷ ചേരി അടിയുറച്ചുള്ള മുന്നൊരുക്കം തുടരുന്നു. നിർണായകമായ ഈ അവസരത്തിൽ സി.ബി.ഐ രംഗപ്രവേശം ചെയ്താൽ അത് നിർണ്ണായക സംഭവം തന്നെയാകുമെന്നു തീർച്ച.

# യഥാർത്ഥ അയ്യപ്പഭക്തർക്ക് മതവികാരം വ്രണപ്പെട്ടെങ്കിൽ ഖേദം പ്രകടിപ്പിക്കും: ജി പി കുഞ്ഞബ്ദുള്ള

കൊച്ചി: പോറ്റിയെ കേറ്റിയേ പാരഡിയിൽ കേസെടുക്കേണ്ട കാര്യമെന്താണ് എന്ന് തനിക്കറിയില്ലെന്ന് ഗാനരചയിതാവ് ജി.പി. കുഞ്ഞബ്ദുള്ള.

തന്റെ പാരഡി മൂലം യഥാർത്ഥ അയ്യപ്പ ഭക്തർക്ക് മതവികാരം വ്രണപ്പെട്ടിട്ടുണ്ടെങ്കിൽ ഖേദം പ്രകടിപ്പിക്കാൻ തയ്യാറാണെന്നും ജി.പി. കുഞ്ഞബ്ദുള്ള പറഞ്ഞു.

മതവികാരമൊന്നും താൻ വ്രണപ്പെടുത്തിയിട്ടില്ലെന്നും അയ്യപ്പനോട് വിശ്വാസികൾ സ്വർണം കട്ടുപോയതിലെ പരാതി പറയുന്നതായാണ് താൻ എഴുതിയതെന്നും അദ്ദേഹം പറഞ്ഞു.

അയ്യപ്പാ എന്ന് വിളിച്ച് സ്വർണം കട്ടുപോയതിൽ പരാതി പറയുന്നതായാണ് ഞാൻ എഴുതിയത്. അയ്യപ്പനോട് വിശ്വാസികൾ പറയുന്നതാണ്. അത്രയേയുള്ളു.

യഥാർത്ഥ അയ്യപ്പ ഭക്തർക്ക് മതവികാരം വ്രണപ്പെട്ടിട്ടുണ്ടെങ്കിൽ ഖേദം പ്രകടിപ്പിക്കാൻ തയ്യാറാണ്. ഒരു മതവികാരവും വ്രണപ്പെടുത്താൻ പാടില്ലല്ലോ എന്നും ജി.പി. കുഞ്ഞബ്ദുള്ള പറഞ്ഞു.

താൻ കോൺഗ്രസുകാരനാണെന്നും കോൺഗ്രസിന്റെ സംഘടനയുമായി ബന്ധമുണ്ടെന്നും ജി.പി. കുഞ്ഞബ്ദുള്ള വ്യക്തമാക്കികോൺഗ്രസ് പറയേണ്ട രാഷ്ട്രീയമാണ് പറഞ്ഞതെന്നും താൻ നേരത്തെയും ഒരുപാട് പാട്ടുകളെഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# വിധിച്ചിട്ടും കോടതിമുറി വിട്ടു പോകാത്ത വിവാദങ്ങൾ

രണ്ട് സുപ്രധാന വിധി പ്രസ്താവങ്ങൾ അറിഞ്ഞ് കേരളം ഞെട്ടിപ്പോയ മണിക്കൂറുകളാണ് ഈ വാരം കടന്നുപോയത്.

ഒന്ന്: തദ്ദേശ തെരഞ്ഞെടുപ്പിൽ ജനങ്ങൾ കുറിച്ചിട്ട സുപ്രധാന വിധി.

രണ്ട്: നടിയെ ആക്രമിച്ച കേസിൽ എട്ടരവർഷം കഴിഞ്ഞ് പുറത്തുവന്ന 'പ്രതീക്ഷിത' കോടതിവിധി.








രണ്ട് വിധിക്കും അതിന്റേതായ മാനങ്ങളിൽ പൊതുസമൂഹത്തിൽ ഞെട്ടൽ ഉളവാക്കാനുള്ള നിരവധി കാരണങ്ങൾ ഉണ്ടായിരുന്നു. ആ കാരണങ്ങൾ സമകാലിക കേരളീയ സമൂഹം ഇഴകീറി ചർച്ച ചെയ്യുകയാണ് ഇപ്പോൾ. രണ്ടിലും ഒരുതരം ഗൂഢലോചനാ സിദ്ധാന്തം നമുക്ക് ആരോപിക്കാവുന്നതാണ്.

ആദ്യത്തേതിൽ പോളിംഗ് സ്റ്റേഷനിലെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീന് മുന്നിലെത്തുന്നതുവരെ പൗരൻ മനസ്സിൽ ഒളിപ്പിച്ചുവെക്കുന്ന ആ ഇഷ്ടം. അല്ലെങ്കിൽ അനിഷ്ടം. അത് ഒരു ആയുധ പ്രയോഗമാണ്.

ഒരാളോടുള്ള ഇഷ്ടത്തിനപ്പുറം മറ്റു നാലുപേരോടുള്ള അനിഷ്ടത്തിൻമേലാണ് ചൂണ്ടുവിരൽ അമരുന്നത്. അതൊരു കുട്ടേഷനല്ല. പക്ഷേ,നിഗൂഢമായ ഒരു ആത്മാവിഷ്കാരമാണ്.ആ നിലയ്ക്ക് അതും വ്യക്തികളുടെ ഗൂഢാലോചനയാണ് !

അതുകൊണ്ടാണ് തോൽവിയോടുള്ള പ്രതികരണത്തിൽ പോലും സി.പി.എം അനുഭാവികൾ ഒരു കേഡർ സ്വഭാവം വോട്ടർമരോട് പ്രകടിപ്പിക്കുന്നത്. സി.പി.എം അണികളുടെ പ്രകടനം, അത് ആഹ്ളാദിക്കാനാണെങ്കിലും ആക്രമിക്കാനാണെങ്കിലും സംഘബലം കാട്ടുന്ന കാഴ്ച! ജനവിധിയെന്ന ഗൂഢാലോചനയോടുള്ള അമർഷം! അവരുടെ ഞെട്ടൽ സ്വാഭാവികം. എന്നാൽ ജനവിധി അറിഞ്ഞ് ശരിക്കും ഞെട്ടിയത് കോൺഗ്രസും യു.ഡി.എഫുമാണ്. വിജയത്തിന്റെ ഗ്രാഫ് അവർപോലും കണക്കാക്കിയതിനു മുകളിൽ ചെന്നു തൊട്ടു.

ഇടതുപക്ഷത്തിനാവട്ടെ, തോൽവി ഏത് ചുമലിൽ ചാരണമെന്നേ നോക്കേണ്ടതുള്ളു. വെള്ളാപ്പള്ളിയുമായി ഏറ്റവും ഒടുവിൽ ചങ്ങാത്തം കൂടിയത് പ്രതീക്ഷിച്ച ഗുണം ചെയ്തില്ല. ഈഴവ സമുദായത്തെ മുഴുവൻ വെള്ളാപ്പള്ളി നടേശൻ പ്രതിനിധീകരിക്കുന്നില്ല എന്ന് ഒരിക്കൽ കൂടി തെളിയിച്ചു ഈ തദ്ദേശ തെരഞ്ഞെടുപ്പ്. തോൽവിയെത്തുടർന്ന് രംഗത്ത് വന്ന വെള്ളാപ്പള്ളി, സഖാക്കളുടെ മസിലുപിടുത്തം കുറയ്ക്കണമെന്ന് ഉപദേശം നൽകുകയാണ് പകരം ചെയ്തത്.

വീഴ്ചകൾ എണ്ണിയാൽ തീരില്ലെന്ന് ഗോവിന്ദൻമാസ്റ്റർക്കും ടി.പി. രാമകൃഷ്ണനും നന്നായറിയാം. നേരത്തെ, പൂരം കലക്കൽ തുടങ്ങിയ വിഷയങ്ങളിൽ ആക്ഷേപം ഉയർന്നപ്പോൾ സി.പി.എം നേതൃത്വം പരിഹാരത്തിന് ശ്രമിക്കാതെ പലരെയും രക്ഷിക്കാൻ നോക്കുകയാണ് ചെയ്തത്. 9 വർഷത്തെ ഭരണത്തിനെതിരെയും പാർട്ടിക്കെതിരെയും വിമർശനങ്ങൾ ഉയർന്നപ്പോൾ, പാർട്ടി യോഗങ്ങളിൽ പോലും അത് തുറന്നു പറയാൻ സഖാക്കൾ ധീരത കാട്ടിയില്ല.

## നല്ല സഖാക്കൾ

ഗോവിന്ദൻമാസ്റ്ററുടെ വ്യാഖ്യാനങ്ങൾ അല്ല പൊതുജനത്തിന്റെ ബോധ്യമെന്ന് കുറഞ്ഞപക്ഷം സി.പി.എം സെക്രട്ടറിയേറ്റ് അംഗങ്ങളെങ്കിലും ചിന്തിക്കണമായിരുന്നു. പാർട്ടിയിൽ ഏകചത്രാധിപതിയായി പിണറായി വിജയൻ ഭാവിക്കുന്നില്ലെങ്കിലും കാര്യങ്ങൾ അങ്ങനെയാണെന്ന പ്രതീതി പൊതു സമൂഹത്തിനുണ്ടായി. ഇത് സഖാക്കൾക്കിടയിൽ പോലും ചർച്ചാവിഷയമായിരുന്നു. പാർട്ടി ഘടകങ്ങളിൽ നിന്നുയരുന്ന സ്വയം വിമർശനങ്ങൾ മേലെത്തട്ടിലേക്ക് എത്തുമ്പോൾ നിർവീര്യമായിപ്പോകുന്ന അനുഭവം. അതുകൊണ്ടാണ് വിജയശ്രീലാളിതനായ വി.ഡി. സതീശൻ പറഞ്ഞത്, 'നല്ല' സഖാക്കളെല്ലാം യു.ഡി.എഫിനെ പിന്തുണച്ചു എന്ന്.

വിവിധങ്ങളായ പദ്ധതികളുമായി ജനുവരി മുതൽ യു.ഡി.എഫ് നിയമസഭാ തെരഞ്ഞെടുപ്പ് ഒരുക്കങ്ങളിലേക്ക് കടക്കുകയാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. കൃത്യമായ പദ്ധതികളോടെയാണ് യു.ഡി.എഫ് നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും, 2026 ലെ തെരഞ്ഞെടുപ്പിൽ നൂറിലധികം സീറ്റുകളുമായി അധികാരത്തിലെത്തുമെന്നും പറയാനുള്ള ആത്മവിശ്വാസം സതീശനുണ്ടായി.

രാഹുൽ മാങ്കൂട്ടവും അടൂർ പ്രകാശും രാഹുൽ ഈശ്വറും ചേർന്ന് തെരഞ്ഞെടുപ്പിന്റെ കൊട്ടിക്കലാശത്തിന് തൊട്ടുമുമ്പ് നടത്തിയ കൂട്ടപ്പൊരിച്ചിലിൽ കോൺഗ്രസ് എന്ന പ്രസ്ഥാനം നന്നായി വിയർത്തതാണ്. തദ്ദേശ തെരഞ്ഞെടുപ്പുനാളിലെ വലിയ വിവാദത്തിന് തിരികൊളുത്തിയത് യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശായിരുന്നു. വോട്ട് രേഖപ്പെടുത്തിയശേഷം മാധ്യമങ്ങളെക്കണ്ട അടൂർ പ്രകാശ്, നടി ആക്രമിക്കപ്പെട്ട കേസിൽ ദിലീപിന് നീതി ലഭിച്ചുവെന്നതാണ് തന്റെ വ്യക്തിപരമായ അഭിപ്രായമെന്ന് തുറന്നടിച്ചു. അതിജീവിതക്കൊപ്പമെന്ന് പറഞ്ഞ് അപ്പീലിനു പോകുന്നത് സർക്കാരിന് വേറെ പണിയില്ലാത്തതു കൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. നടി എന്ന നിലയിൽ അതിജീവിതയ്ക്ക് ഒപ്പമാണെന്ന് പറയുമ്പോഴും നീതി എല്ലാവർക്കും ലഭിക്കണം.

ദിലീപിന് അനുകൂലമായി അടൂർ പ്രകാശ് നടത്തിയ പ്രസ്താവന കോൺഗ്രസിന്റെ സ്ത്രീവിരുദ്ധതയാണ് വെളിപ്പെടുത്തുന്നതെന്ന് സി.പി.എം കയ്യോടെ പ്രതികരിച്ചെങ്കിലും ഭാഗ്യത്തിന് അത് മലവെള്ളം പോലെ ഒന്നാകെവന്ന യു.ഡി.എഫ് തരംഗത്തിൽ ഒലിച്ചുപോയി. ഒളിവിൽ പോയ മാങ്കൂട്ടം തെരഞ്ഞെടുപ്പിന്റെ അവസാന നിമിഷംവരെ കോൺഗ്രസിനെ പരിഹാസ്യമാക്കിക്കൊണ്ടിരുന്നു. അകറ്റി നിർത്തിയിട്ടും രാഹുൽ ബാധ്യതയായി. അവിടെയാണ് ഞെട്ടലിന്റെ കഥ പൂർത്തിയാകുന്നത്.

എങ്ങനെ നമ്മൾ ജയിച്ചു എന്ന ചോദ്യം സ്വയം ചോദിക്കേണ്ടി വന്ന അവസ്ഥ. യു.ഡി.എഫിന്റെ എല്ലാ പ്രതികൂല ഘടകങ്ങളെയും തള്ളി മാറ്റുന്ന നെഗറ്റീവ് തരംഗം മറുവശത്ത് ഒരു സുനാമിക്ക് മുൻപുള്ള നിശബ്ദത പോലെ മയങ്ങി കിടന്നിരുന്നു. അതിനിടെ, തിരഞ്ഞെടുപ്പ് പരാജയത്തിൽ ഭരണവിരുദ്ധ വികാരമാണ് അലയടിച്ചതെന്ന സി.പി.ഐയുടെ വിമർശനം വല്യേട്ടനോടുള്ള പ്രതിഷേധം തന്നെയായി. സി.പി.എമ്മിന്റെ നിലപാടിന് വിരുദ്ധമാണ് ഇത്.

ന്യൂനപക്ഷ വോട്ടുകളിൽ ചോർച്ച സംഭവിച്ചത് മുഖ്യമന്ത്രിയുടെ വെള്ളാപ്പള്ളിയോടുള്ള മനോഭാവം കൊണ്ടാണ്. വർഗീയ പരാമർശം നടത്തിയ വെള്ളാപ്പള്ളിയെ ഒപ്പം കൂട്ടിയത് മുസ്ലീങ്ങളെ എൽ.ഡി.എഫിൽ നിന്ന് അകറ്റി. എന്നാൽ ന്യൂനപക്ഷ പ്രീണനത്തിനെതിരെ എൻ.എസ്.എസും പറഞ്ഞിട്ടുണ്ട് എന്നാണ് വെള്ളാപ്പള്ളിയുടെ മറുവാദം. ഇടത് വസന്തം വാടിയതിന് പിന്നിലെ കൊച്ചു കൊച്ചു കാര്യങ്ങൾ തിരക്കിയാൽ ആ പട്ടിക നീളും. അത് പൊതുവേ പറയപ്പെടുന്നതുപോലെ ശബരിമലയുടെ മേൽ മാത്രം ചാർത്തപ്പെടേണ്ടതല്ല. അത് ആശമാരുടെ രാപ്പകൽ സമരം മുതൽ ദേശീയപാതയുടെ തകർച്ച വരെയും, വയനാട് പുനരധിവാസം മുതൽ പോലീസുകാരുടെ ആത്മഹത്യ വരെയും നീളും. രണ്ടു കുപ്പി കുടിവെള്ളം ബസ്സിന് മുന്നിൽ വെച്ചതിന് കെ.എസ്.ആർ.ടി.സി ഡ്രൈവറെ സസ്പെൻഡ് ചെയ്ത ആ ജാഗ്രത എത്ര ജീവനക്കാരുടെ കുടുംബങ്ങളെ ഇരുത്തി ചിന്തിപ്പിച്ചു കാണും?


ഏറ്റവും ഒടുവിൽ, സ്വർണ്ണപ്പാളി കടത്തിയ പോറ്റിയെ ട്രോളി പുറത്തുവന്ന അയ്യപ്പഭക്തി പാരഡിഗാനം വരെ തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന് വേണം പറയാൻ. ഏതായാലും, തോൽവിയുടെ താത്വിക അവലോകനം മാഷ് നടത്തിക്കഴിഞ്ഞു. തോറ്റതല്ല; പക്ഷേ, ജയിക്കാനായില്ല. പരിശോധിക്കും. മിഷൻ 2025, ടീം കെ.പി.സി.സി എന്നിങ്ങനെ യു.ഡി.എഫ് കളം പിടിക്കുന്ന കാഴ്ചയാണ് രാഷ്ട്രീയത്തിന്റെ സ്ക്രീനിൽ ഇപ്പോൾ തെളിയുന്നത്.

## അതിജീവിതം

അതിനിടെ, നടിയെ ആക്രമിച്ച കേസിൽ വിധി പറഞ്ഞ ജഡ്ജി ഹണി എം. വർഗീസിനെതിരായ സൈബർ അധിക്ഷേപത്തിൽ നടപടിയാവശ്യപ്പെട്ട് ന്യായാധിപരുടെ സംഘടന ഹൈക്കോടതിയിലെത്തി. ജുഡീഷ്യറിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ ഇടപെടണമെന്നാണ് ആവശ്യം. അധിക്ഷേപ പരാമർശം ഉയർത്തുന്നവർക്കെതിരെ കോടതിയലക്ഷ്യ നടപടി സ്വീകരിക്കണമെന്നും കേരള ജുഡീഷ്യൽ ഓഫീസേഴ്സ് അസോസിയേഷന് പറയേണ്ടിവന്നു.

നമുക്ക് ഹിതം അല്ലാത്ത വിധികൾ ഉണ്ടായാൽ വിധി പറഞ്ഞ കോടതിയെ തിരുത്താൻ മേൽകോടതികളെ സമീപിക്കാനുള്ള നിയമപരമായ സ്വാതന്ത്ര്യവും അവകാശവും നിലനിൽക്കുന്ന രാജ്യമാണിത്. അവിടെയാണ് ജുഡീഷ്യറിയുടെ അന്തസ്സിനുവേണ്ടി ജുഡീഷ്യൽ ഉദ്യോഗസ്ഥർക്ക് കോടതിയെ തന്നെ സമീപിക്കേണ്ട സാഹചര്യം സംജാതമായത്. ഈ കേസിൽ ഇരയായ നടിയും പ്രതിയായ നടനും ഒരുപോലെ അതിജീവനത്തിന് വേണ്ടി കേഴുന്ന ദൃശ്യങ്ങളാണ് ഇരവാദത്തിന്റെ മേമ്പൊടിയോടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കോടതിവിധി ചോർന്നതിന്റെ പേരിൽ കോടതി തന്നെ ഇരയാക്കപ്പെടുന്നു. ഡിജിറ്റൽ തെളിവുകളും ദൃശ്യങ്ങളും അഭിമുഖങ്ങളും ഇരുട്ടിൽ നിന്ന് മറനീക്കി പുറത്തുവരുമ്പോൾ ഇരുഭാഗത്തും ഞെട്ടൽ തുടരുകയാണ്. ക്രിസ്മസ് അവധിക്ക് ശേഷം നടി കേസിൽ നിയമപോരാട്ടം തുടരുമ്പോൾ മലയാളിയുടെ ഞെട്ടൽ പരമ്പര തുടരുമെന്ന് തന്നെ വേണം കരുതാൻ. എല്ലാറ്റിനുമപ്പുറം ശബരിമലയിലെ സ്വർണ്ണ കൊള്ള വിവാദം നിയമസഭാ തെരഞ്ഞെടുപ്പ് വരെ നീളുന്ന മെഗാ പരമ്പരയായി മാറും. ക്ലൈമാക്സിൽ കൈവിലങ്ങ് അണിയുന്ന ചില സമുന്നതർ കൂടി ഉണ്ടാവുമെന്നാണ് സൂചന.

◗ പ്രിജിത്ത് രാജ്



## അധ്യായം 11

# വിചിത്ര സ്വഭാവമുള്ള സുന്ദരികളുടെ വിളയാട്ടം

ഒരുനിമിഷം, കാലം നിശ്ചലമായത പോലെ ഗിച്ചാരുവിന് തോന്നി.

വിജനമായ റോഡ്. ചന്ദ്രൻ മേഘങ്ങൾക്കിടയിൽ ഒളിച്ചു കളിക്കുന്നു. ലാൻക്രൂയിസർ അപ്പോൾ ബ്രേക്കിട്ടില്ലായിരുന്നുവെങ്കിൽ ആ സ്ത്രീ വണ്ടിയുടെ മുന്നിലേക്ക് ചാടും എന്ന് കലേബിനു തോന്നി. സംയമനം പാലിച്ചിരിക്കുകയാണ് റോബിൻസ്. ആ സ്ത്രീയുടെ പിന്നാലെ മറ്റ് രണ്ട് സ്ത്രീകൾ കൂടെയിറങ്ങി. അവരുടെ നാമമാത്രമായ വസ്ത്രങ്ങൾ അലക്ഷ്യമായി കിടക്കുന്നു.

കണ്ണുകളിൽ തിളങ്ങുന്നത് ഒരു പരിചിതമല്ലാത്ത, മയക്കുമരുന്നിന്റെ തിളക്കമോ, അല്ലെങ്കിൽ അതിലും ഭീഷണിയായ മറ്റെന്തിന്റേയോ മാരകമായ ലഹരിയിൽ ജീവിതം തുലച്ചുകൊണ്ട് ആടിത്തിമിർക്കുന്നവർ.

അവരുടെ നടപ്പ് സാധാരണരീതിയിലല്ല. കാലുകൾ നിലത്തുറക്കുന്നില്ല. അവരിൽ ഒരാൾ കൈ ഉയർത്തി.

ഗിച്ചാരു പതുക്കെ പറഞ്ഞു:

''നിർത്തരുത്...''

അപ്പോഴേയ്ക്കും കലേബ് വാണ്ടി അതിശക്തമായി പിന്നിലേക്കെടുത്തു.

വേണ്ട, റിവേഴ്സ് എടക്കേണ്ട. വണ്ടി നിർത്തിക്കേ, ഞാൻ പുറത്തേക്കിറങ്ങാം. ഗിച്ചാരുവും കലേബും തടസം പറഞ്ഞെങ്കിലും റോബിൻസ് അത് കാര്യമാക്കാതെ അസാധാരണ വേഗതയിൽ ഡോർ തുറന്നു പുറത്തേക്കിറങ്ങി.

ഹെഡ്ലൈറ്റിന്റെ വെളിച്ചത്തിൽ അവന്റെ നിഴൽ നീണ്ടു നീണ്ടു വന്നു. സ്ത്രീകളുടെ മുഖങ്ങളിൽ ഉന്മാദത്തിൽ കുതിർന്ന വികൃതച്ചിരി. അതിൽ സൗഹൃദമില്ല. ഭ്രാന്തിന്റെ ശാന്തത.

ഗിച്ചാരു വണ്ടിക്കുള്ളിലിരുന്നു നോക്കി. ചരിത്ര പുസ്തകങ്ങളിൽ കണ്ടിട്ടില്ലാത്ത ഒരു നിമിഷം. ഇത് ഒരു കവർച്ചയല്ലെന്ന് അവനു മനസ്സിലായി. റോബിൻസ് ഒരു വാക്കും ഉരിയാടാതെ മുന്നോട്ട് നീങ്ങി.

ഭയമില്ലാതെ, അല്ല പക്ഷേ ഭയം നിയന്ത്രിച്ചുകൊണ്ട്. അയാൾ അവരെ സുഷ്മമായി നിരീക്ഷിച്ചു.

''നിങ്ങൾക്ക് എന്താണ് വേണ്ടത്?''

ശബ്ദം ഉയർത്തിയല്ല അയാൾ അത് ചോദിച്ചത്. അവരുടെ ഭ്രാന്തിനൊപ്പം ഒഴുകിയതുമില്ല. ആ മൂന്നു സ്ത്രീകളും പരസ്പരം നോക്കി ചിരിച്ചു. അത് ചിരിയല്ല ശരീരത്തിലേക്ക് കയറിയ ലഹരിയുടെ ഉന്മാദത്തള്ളലിലുള്ള വല്ലാത്തൊരു ചിരി..!

ഒരുത്തി മുന്നോട്ട് വന്നു. അവളുടെ കണ്ണുകൾ ചുവന്നന്നു കലങ്ങിയിരുന്നു. ചുണ്ടുകൾ വരണ്ടിരുന്നു.

''നിനക്ക് അറിയില്ല... നിനക്ക് ഒന്നും അറിയില്ല...'

അവൾ പിറുപിറുത്തു. അവളുടെ കൈകൾ വിറച്ചു. റോബിൻസ് അത് കണ്ടു. കണ്ടത് മാത്രമല്ല അവിടെ ഒരു കഥ ഒളിച്ചിരിക്കുന്നുണ്ടെന്ന് അവൻ തിരിച്ചറിഞ്ഞു.

അപ്പോഴാണ് പിന്നിൽ നിന്ന് ഒരു കാറിന്റെ എൻജിൻ ശബ്ദം. അത് ചീറിപ്പാഞ്ഞ് അടുത്തുവന്നു.

ബ്രേക്ക് അമർത്തിയപ്പോൾ പൊടി ഉയർന്നു. ആ കാറിൽ നിന്നും മൂന്നു പുരുഷന്മാർ ചാടിയിറങ്ങി.

മുഖങ്ങളിൽ കോപവും ഭയവും ചേർന്ന ഒരു ഭാവം.

നിങ്ങളൊക്കെ ആരാണ്. റോബിൻസ് ആകാംക്ഷയോടെ ചോദിച്ചു:

ഒരാൾ ആ സ്ത്രീകളുടെ നേർക്ക് വിരൽ ചൂണ്ടി.

''ഇവരാണ് ഞങ്ങളുടെ കുട്ടിയെ തട്ടിക്കൊണ്ടപോയത്. അതേ, ഈ വണ്ടിയിൽ തന്നെ..!

മറ്റൊരാൾ ദേഷ്യത്തോടെ പറഞ്ഞു: ''ഇവരുടെ കസ്റ്റഡിയിൽ ഉള്ള ആ കുട്ടിയുടെ ബന്ധുക്കളാണ് ഞങ്ങൾ'' റോബിൻസ്പെട്ടെന്ന്തിരിഞ്ഞു.

ഗിച്ചാരു കാറിനുള്ളിൽ നിന്ന് എല്ലാം കണ്ടു.

ബന്ധുക്കളിൽ മൂന്നാമൻ തുടർന്നു:

''ഈ സ്ത്രീകൾ നൈറോബിയിലെ ചില സമ്പന്നരുടെ മക്കളാണ്. മയക്കുമരുന്ന് ക്രമം വിട്ടു കഴിച്ച് ഒരുതരം ഭ്രാന്തമായ അവസ്ഥയിലെത്തിയവരാണ്. ലഹരി വിതരണവും, പിന്നെ കുട്ടികളെ ഉപയോഗിച്ചുള്ള ഇടപാടുകളും.''

റോബിൻസ് കൈകൾ കൂട്ടിത്തിരുമി ഞെട്ടൊടിച്ച ശേഷം പിറകിൽ കെട്ടി ഒന്നുനിവർന്നു നിന്നു. അയാൾ ആ സ്ത്രീകളോട് ശാന്തഗംഭീരമായ സ്വരത്തിൽ ചോദിച്ചു:

''കുട്ടി ഇപ്പോൾ എവിടെയാണ്?''

സ്ത്രീകളിൽ ഒരുത്തി പൊട്ടിച്ചിരിച്ചു.

''കുട്ടിയൊ...? ഏതുകുട്ടി...?'

അവളുടെ ആ വാക്ക് റോഡിലെ തണുത്ത കാറ്റിനെക്കാൾ കൂടുതൽ തണുപ്പും അസ്വസ്ഥതയും ഉണ്ടാക്കി.

അപ്പോൾ റോബിൻസിന് ഒന്നു മനസ്സിലായി..!

ഇത് ഒരു വാർത്ത മാത്രമല്ല. തനിക്ക് പിന്മാറാൻ പറ്റാത്ത ഞെട്ടിപ്പിക്കുന്ന ഒരു സത്യമാണ്..!

റോബിൻസ് ശബ്ദം താഴ്ത്തി പറഞ്ഞു:

''അവനെ കാണണം.'

ഡ്രൈവിങ് സീറ്റിൽ ഇരുന്ന കലേബ് അപ്പോൾ ചാടിയിറങ്ങി.

കെനിയൻ ഹൈലാൻഡ്സിൽ വളർന്ന ശരീരം.

ഇരുട്ട് അവന്റെ ശത്രുവല്ല...! സിംഹത്തിന്റെ ജാഗ്രതയോടെ അവൻ ആ സ്ത്രീകളുടെ കാറിന്റെ ഡിക്കി തുറന്നു. അവന്റെ കണക്കുകൂട്ടലുകൾ പിഴച്ചില്ല. അതിനുള്ളിൽ പതിനാലോ, പതിനഞ്ചോ വയസ്സുള്ള ഒരു കുട്ടി. അവന്റെ കൈകാലുകൾ കെട്ടിയിട്ടിരിക്കുന്നു. വായിൽ തുണി തിരികിയിട്ടുമുണ്ട്. നിമിഷ നേരം കൊണ്ട് കലേബ് കുട്ടിയെ പിടിച്ചു, ഒരു കൈ കൊണ്ട് തന്നെ അവനെ ഉയർത്തി.

അതേസമയം മൂവരിലൊരുത്തി കത്തികൊണ്ട് കലേബിനടുത്തേക്ക് ഒരു വന്യമൃഗത്തെപ്പോലെ പാഞ്ഞു വന്നു. എന്നാൽ അയാൾ മറ്റേ കൈ കൊണ്ട് കത്തിയുമായി വന്ന സ്ത്രീയെ പുറകോട്ട് തള്ളി.

''പിന്നോട്ട്!''

അവന്റെ ശബ്ദം ഇരുട്ടിൽ മുഴങ്ങി. അതിനിടെ മറ്റൊരുത്തി അരക്കെട്ടിൽ നിന്നും പിസ്റ്റൾ വലിച്ചെടുക്കുന്നത് റോബിൻസ് കണ്ടു. ഞൊടിയിടയിൽ ഒരഭ്യാസിയുടെ മെയ് വഴക്കത്തോടെ റോബിൻസ് കാലുകൊണ്ട് അവളുടെ കൈയിലിരുന്ന പിസ്റ്റൾ തട്ടിത്തെറിപ്പിച്ചു. അത് എവിടെയാണ് വീണതെന്ന് ആ ഇരുട്ടിൽ ആർക്കും കാണാൻ കഴിഞ്ഞില്ല. കുട്ടിയുടെ ബന്ധുക്കൾ ഇതെല്ലാം കണ്ട് ആദ്യമൊന്നമ്പരന്നു. പിന്നയവർ കുട്ടിയുടെ കൈകളിലെ കെട്ടുകൾ അഴിച്ചു.

അവൻ ദീർഘമായി ശ്വാസമെടുത്തു. ഗിച്ചാരുവാകട്ടെ വണ്ടിയിൽ കരുതിയിരുന്ന വെള്ളമെടുത്ത് അവന് കുടിക്കാൻ കൊടുത്തു. അതിനിടെ മറ്റൊന്നു സംഭവിച്ചു. അതുവരെ സിഗരറ്റ് വലിച്ച് തൂങ്ങിപ്പിടിച്ചിരുന്ന മൂന്നാമത്തെ സ്ത്രീ ഒരു പന്തുപോലെ ചുരുണ്ടുകൂടി റോബിൻസിന്റെ ദേഹത്തേക്ക് വന്നു വീണു. ഓർക്കാപ്പുറത്തായതിനാൽ അയാൾ ഒന്നു തെന്നിയെങ്കിലും അവൾ താഴേ വീഴും മുമ്പ് ഇരുകൈകൊണ്ടും അവളെ കോരിയെടുത്തു. പിന്നെ നിലത്തിരുത്തി.

കുട്ടിയുടെ ബന്ധു ഒരുത്തൻ പറഞ്ഞു:

'എന്തായാലും ഞങ്ങൾക്ക് ഞങ്ങളുടെ കുഞ്ഞിനെ കിട്ടി. ഇനി കേസിനും കൂട്ടത്തിനുമൊന്നും നിക്കുന്നില്ല. വലിയ സന്തോഷമുണ്ട്. നിങ്ങൽ കാരണമാണ് ഞങ്ങൾക്ക് ഇവനെ തിരിച്ചു കിട്ടിയത്. നന്ദി. ഒത്തിരി നന്ദി.'

മറ്റുള്ളവരും നന്ദിസൂചകമായി ചിരിച്ച് കുട്ടിയേയും കൊണ്ട് അവരുടെ വണ്ടിയിൽ മടങ്ങി.

അപ്പോൾ പിസ്റ്റൾ നഷ്ടപ്പെട്ട സ്ത്രീ വീണ്ടും മുന്നോട്ട് വന്നു.

കണ്ണുകളിൽ ഇനിയും ലഹരിയുടെ മയക്കം മാഞ്ഞിട്ടില്ല.

കലേബ് അവളുടെ മുമ്പിൽ നിന്നു.

''ഇത് ഇവിടെ അവസാനിച്ചു,''

അവൻ പറഞ്ഞു. ചർച്ചയില്ലാത്ത ഒരു വാക്ക്.

സ്ത്രീ നിശ്ചലമായി. അവൾക്ക് മനസ്സിലായി ഇവിടെ ഇനി നിന്നിട്ട് കാര്യമില്ല എന്ന്.

അവൾ റോബിൻസിന്റെ വലതു കൈയുടെ തോളിൽ തട്ടി. 'ചാമിങ്ങ്..യങ്ങ്മാൻ.. നീ ഞങ്ങളോടൊപ്പം പോരുന്നോ..?'

അയാൾ ഒന്നു ചിരിച്ചിട്ടു പറഞ്ഞു: 'വേഗം സ്ഥലം വിടാൻ നോക്ക്. ഞങ്ങൾക്ക് വേറെ പണിയുണ്ട്.?'

എന്നാൽ മറ്റുരണ്ടുപേരും തങ്ങളുടെ കൈകളിൽ നിന്നും ഇര വഴുതിപ്പോയതിന്റെ അമർഷത്തിൽ മൃഗങ്ങൾ കാണിക്കുന്നതുപോലെ മുരണ്ടു. പിന്നെ, മൂന്നാമത്തവളെ കഠിനമായി തെറിവിളിച്ച് നിരാശയോടെ അവരുടെ വണ്ടിയിലേക്ക് കയറി. പിറകെ മൂന്നാമത്തവൾ റോബിൻസനെതന്നെ നോക്കിക്കൊണ്ട് ചുണ്ട് കടിച്ചമർത്തി വണ്ടിയിലേക്ക് യാന്ത്രികമായ കയറി. ഉടൻ തന്നെ വളരെ വേഗത്തിൽ ആ വാഹനം മുന്നോട്ടുകുതിച്ചു.

'ഹോ... സമാധാനമായി.' ഒരു നെടുവീർപ്പിട്ടുകൊണ്ട് ഗിച്ചാരു പറഞ്ഞു.

''ഇപ്പോൾ നമ്മൾ സുരക്ഷിതരാണ് സാർ.'' ഗലേബാണതു പറഞ്ഞത്.

അയാളോട് റോബിൻസ് ചോദിച്ചു: നിങ്ങൾക്ക് ആ സ്ത്രീകളെക്കുറിച്ച് വല്ലതും അറിയാമോ..?


'അറിയാം സാർ..!' ഗലേബ് തുടർന്നു: 'ഈ ഏരിയായിൽ ഇത്തരം സ്ത്രീകൾ ഏറെയുണ്ട്. സുന്ദരന്മാരായ ആണുങ്ങളേയും കൗമാരക്കാരേയുമാണ് അവർ തേടിനടക്കുന്നത്. അവർ പൂർണ്ണമായും മയക്കുമരുന്നുകൾക്കടിമകളാണ്. വേണ്ടുവോളം പണമുള്ളവരും. സുന്ദരന്മാരെ ആകർഷിച്ച് കൂട്ടിക്കൊണ്ടുപോകും. കൗമാരക്കാരെ തട്ടിക്കൊണ്ടുപോകും. അവരെ പലതരത്തിലും പീഡിപ്പിക്കും. ശാരീരിക ആവശ്യം കഴിയുമ്പോൾ ചുരുട്ട്, സിഗരറ്റ്, പുകയില എന്നിവ കത്തിച്ച് ദേഹം മുഴുവൻ പൊള്ളിക്കും. പിന്നെ ഒരുതരം കാട്ടുമുള്ളുള്ള വള്ളികൊണ്ട് ദേഹത്ത് മുഴുവൻ മുറിവുണ്ടാക്കും. അതിൽ ഏതോ ലഹരിയുള്ള പൊടി വിതറിയ ശേഷം ഉണങ്ങിക്കഴിയുമ്പോൾ ആ പൊറ്റ ബ്ലേഡുകൊണ്ടോ, കത്തികൊണ്ടോ വടിച്ചെടുക്കും. അത് ഏറെ ലഹരികിട്ടുന്ന ഒരുതരം പൗഡറാണത്രെ..!'

റോബിൻസും ഗിച്ചാരുവും ആശങ്കയോടെയാണ് ആ കഥ കേട്ടുകൊണ്ടിരുന്നത്.

(തുടരും)

### കഥ ഇതുവരെ

കെന്നഡി ജൂനിയർ പറത്തിയ വിമാനം തകർന്ന് വീണു. അതിനെ ചുറ്റിപ്പറ്റി ന്യൂയോർക്കിലെ ദി വേൾഡ് ടൈംസ് ന്യൂസ് പേപ്പറിന്റെ ഓഫീസിൽ നടക്കുന്ന കാര്യങ്ങൾ. അതിനിടെ ചില അത്യാഹിതങ്ങൾ സംഭവിക്കുന്നു. അതിന്റെ അന്വേഷണത്തിന് റിപ്പോർട്ടർ റോബിൻസ് നിയോഗിക്കപ്പെടുന്നു. കൂടുതൽ അന്വേഷണങ്ങൾക്കായി അയാൾ കെനിയായിൽ എത്തി. അവിടത്തെ ദരിദ്ര്യാവസ്ഥ ഭയാനകമായിരുന്നു. അതിനിടെ അയാളും സംഘവും റോഡ് മാർഗം ടാൻസാനിയായിലേക്കൊരു യാത്ര നടത്തുന്നു. തുടർന്നു വായിക്കുക



# ട്രംപിന്റെ മൂന്നാം ലോക മഹായുദ്ധ മുന്നറിയിപ്പ്

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒരു മൂന്നാം ലോക മഹായുദ്ധത്തിന്റെ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. റഷ്യ-ഉക്രെയ്ൻ യുദ്ധം തുടർന്നാൽ അത് മൂന്നാം ലോകമഹായുദ്ധത്തിൽ കലാശിക്കുമെന്നാണ് ട്രംപിന്റെ മുന്നറിയിപ്പ്. കഴിഞ്ഞ മാസം ഏകദേശം 25,000 സൈനികർ കൊല്ലപ്പെട്ടുവെന്ന കണക്കുകൾ ചൂണ്ടിക്കാട്ടിയാണ് ട്രംപിന്റെ മുന്നറിയിപ്പ്.

വൈറ്റ് ഹൗസിൽ മാധ്യമങ്ങളോട് സംസാരിക്കവേ നിലവിലെ സ്ഥിതിയിൽ നിരാശ പ്രകടിപ്പിച്ച അദ്ദേഹം, അക്രമം ഉടനടി അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ മാസം 25,000 സൈനികരാണ് മരിച്ചത്. ഈ കൂട്ടക്കൊലകൾ അവസാനിക്കാൻ താൻ ആഗ്രഹിക്കുന്നു. അതിനായി കഠിനമായി പരിശ്രമിക്കുന്നുണ്ടെന്നും ട്രംപ് വ്യക്തമാക്കി. ഇത്തരം കാര്യങ്ങൾ ഇനിയും തുടർന്നാൽ അതൊരു മൂന്നാം ലോകമഹായുദ്ധത്തിൽ കലാശിക്കും. അത് സംഭവിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.



മണിക്കൂറുകൾക്കകം യുദ്ധം അവസാനിപ്പിക്കുമെന്ന് മുൻപ് അവകാശപ്പെട്ടിരുന്ന ട്രംപിന് റഷ്യയും ഉക്രെയ്നും വഴങ്ങാത്തതിനാൽ ഇപ്പോഴും വെറുമൊരു കാഴ്ചക്കാരനായി നോക്കിനിൽക്കേണ്ടി വരികയാണ്. ഈ സാഹചര്യത്തിൽ അദ്ദേഹം അതീവ നിരാശനാണെന്നാണ് വാക്കുകളിൽ നിന്ന് വ്യക്തമാവുന്നത്. വെടിനിർത്തൽ ചർച്ചകളിലെ മന്ദഗതിയിൽ മോസ്കോയോടും കീവിനോടും ട്രംപ് അതൃപ്തി രേഖപ്പെടുത്തിയതായി വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് പറഞ്ഞു. നാല് വർഷം നീണ്ട യുദ്ധം അവസാനിപ്പിക്കാൻ യുഎസ് പ്രധാന മധ്യസ്ഥത വഹിക്കുന്നുണ്ട്. എന്നാൽ ഇരുകൂട്ടരും അമ്പിനും വില്ലിനും അടുക്കുന്നില്ലെന്നതാണ് നിലവിലെ സ്ഥിതി.

ഈ യുദ്ധത്തിലെ ഇരുപക്ഷത്തോടും പ്രസിഡന്റ് അതീവ അമർഷത്തിലാണ്. വെറുതെ കൂടിക്കാഴ്ചകൾ നടത്തുന്നത് അദ്ദേഹത്തിന് മടുത്തു. സംസാരങ്ങളല്ല, നടപടികളാണ് വേണ്ടത്. ഈ യുദ്ധം അവസാനിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നുവെന്നാണ് കരോലിൻ ലീവിറ്റ് പറയുന്നത്. നേരത്തെയും ഇക്കാര്യത്തിൽ ട്രംപ് കടുംപിടിത്തം നടത്തിയെങ്കിലും അതൊന്നും വിലപോവുന്ന ലക്ഷണമല്ല കാണുന്നത്.

നേരത്തെ തന്നെ വിഷയത്തിൽ ട്രംപ് ഭരണകൂടം സമാധാന ശ്രമങ്ങളിൽ സജീവമാണ്. ബുധനാഴ്ച യൂറോപ്യൻ നേതാക്കളുമായി ഇക്കാര്യത്തിൽ ട്രംപ് ചർച്ച നടത്തുകയും, പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫും സംഘവും ഇരുപക്ഷവുമായി നേരിട്ടുള്ള കൂടിയാലോചനകൾ തുടരുന്നുണ്ടെന്നും ലീവിറ്റ് സ്ഥിരീകരിച്ചിട്ടുണ്ട്. എന്നിട്ടും ചർച്ചകൾ ഒന്നും ഫലവത്താവുന്നില്ല എന്നതാണ് ആശങ്കപ്പെടുത്തുന്ന കാര്യം.

റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാറിന്റെ ഭാഗമായി ഉക്രെയ്ന് സുരക്ഷാ സഹായം നൽകാൻ യുഎസ് തയ്യാറാണെന്ന് ട്രംപ് സൂചിപ്പിച്ചിരുന്നു. എന്നാൽ, അമേരിക്കൻ സമാധാന പദ്ധതി അംഗീകരിക്കാൻ സെലെൻസ്കി തയ്യാറാകാത്തതിൽ അദ്ദേഹം നിരാശനാണ്. റഷ്യക്ക് പക്ഷപാതപരമായ മുൻതൂക്കം നൽകുന്നതാണ് ട്രംപിന്റെ സമാധാന പദ്ധതി എന്ന ആക്ഷേപത്തിന് പിന്നാലെ ഉക്രെയ്ൻ അത് നിരസിക്കുകയായിരുന്നു.

യുഎസ് ഉക്രെയ്നിന് നേരിട്ടുള്ള സൈനിക സഹായം കുത്തനെ കുറച്ചിരുന്നു. പകരം മറ്റ് നാറ്റോ സഖ്യകക്ഷികൾക്ക് അവർക്ക് വേണ്ടി അമേരിക്കൻ ആയുധങ്ങൾ വാങ്ങാൻ കഴിയുന്ന ഒരു മാതൃകയിലേക്ക് മാറി. നിലവിലെ സാഹചര്യത്തിൽ റഷ്യയും യുക്രൈനും ഒരുപോലെ പിടിവാശിയിലാണ്. ഇരുകൂട്ടരും വിട്ടുവീഴ്ചയ്ക്ക് തയ്യാറാവാതെ മേഖലയിൽ സമാധാനം പുലരില്ലെന്നതാണ് യാഥാർഥ്യം.









# പുതുവർഷത്തിൽ സി.എൻ.ജിക്കും പി.എൻ.ജിക്കും മൂന്നുരൂപവരെ കുറയും




ന്യൂഡൽഹി: രാജ്യമൊട്ടാകെ പ്രകൃതി വാതക ഉപഭോഗം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് ഏകീകൃത ട്രാൻസ്പോർട്ടേഷൻ താരിഫിന് പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് അംഗീകാരം നൽകി . ഒരു രാജ്യം, ഒരു ഗ്രിഡ്, ഒരു താരിഫ് ഘടന 2026 ജനുവരിഒന്നുമുതൽപ്രാബല്യത്തിൽവരും.

സി.എൻ.ജിക്കും പൈപ്പ് വഴി ലഭിക്കുന്ന ഗാർഹിക പ്രകൃതി വാതകത്തിനും (പി.എൻ.ജി) മൂന്നു രൂപ വരെ കുറയും. സി.എൻ.ജി വില കിലോഗ്രാമിന് 1.25 മുതൽ 2.50 രൂപ വരെയും, പൈപ്പ് വഴി ലഭിക്കുന്ന ഗാർഹിക പ്രകൃതി വാതകത്തിന്റെ (പി.എൻ.ജി) വില ഒരു സ്റ്റാൻഡേഡ് ക്യൂബിക് മീറ്ററിന് 0.90 മുതൽ 1.80 രൂപ വരെയുമാണ് കുറയുന്നത്. ഏകീകൃത താരിഫ് ഘടന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സെക്ടറിലെ ഗതാഗത ചെലവ് പ്രതിവർഷം 1000 കോടിയിൽപ്പരം കുറയ്ക്കുമെന്ന് പി.എൻ.ജി.ആർ.ബി അംഗം എ.കെ. തിവാരി വ്യക്തമാക്കി. 312 മേഖലകളിലായി പൊതുമേഖലയിലെ അടക്കം 40 സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (സി.ജി.ഡി) കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

### ആശ്വാസമാകുന്നത് എങ്ങനെ ?

ട്രാൻസ്പോർട്ടേഷൻ താരിഫ് നിശ്ചയിച്ചിരുന്നത് മൂന്ന് സോണുകളായി തിരിച്ചാണ്. അതു രണ്ടു സോണായി കുറച്ചു. ഇതോടെ, ഗ്യാസ് സോഴ്സിൽ നിന്ന് ദീർഘദൂരമുണ്ടെങ്കിലും സി.എൻ.ജി, പി.എൻ.ജി ഉപഭോക്താക്കൾ സോണൽ ഒന്നിലെ റേറ്റായ ഒരു യൂണിറ്റിന് (എം.എം.ബി.ടി.യു) 54 രൂപ നൽകിയാൽ മതിയാകും.

1.സോൺ ഒന്ന് 300 കിലോമീറ്റർ വരെ ഒരു എം.എം.ബി.ടി.യുവിന് 54 രൂപ (മില്യൺ ബ്രിട്ടീഷ് തെർമൽ യൂണിറ്റ്സ് പ്രകൃതി വാതകത്തിന്റെ സ്റ്റാൻഡേഡ് എനർജി യൂണിറ്റ്) 2. സോൺ രണ്ട് 300 കിലോമീറ്ററിന് മുകളിൽ ഒരു എം.എം.ബി.ടി.യുവിന് 102.86 രൂപ

# ഗ്ലോബൽ സൗത്ത് സ്വന്തം വിധി എഴുതുന്നു: മോദി



ആഡിസ് അബബ: ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ ഇപ്പോൾ സ്വന്തം വിധി എഴുതുകയാണെന്നും ബാഹ്യശക്തികളാൽ രൂപപ്പെടുന്ന കാലം കഴിഞ്ഞെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. എത്യോപ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇതോടെ ഈ നേട്ടം കൈവരിക്കുന്ന ആദ്യ പ്രധാനമന്ത്രി കൂടിയായി അദ്ദേഹം. 18-ാം തവണയാണ് വിദേശ പാർലമെന്റിനെ മോദി അഭിസംബോധന ചെയ്യുന്നത്.

ഇന്ത്യ അദ്ധ്യക്ഷത വഹിക്കവെ ആഫ്രിക്കൻ യൂണിയന് ജി20 സ്ഥിരാംഗത്വം ലഭിച്ചത് സുപ്രധാന വഴിത്തിരിവാണെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം,ആഫ്രിക്കയുടെ വികസനത്തിനായുള്ള ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ചു.

ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾ എന്ന നിലയിൽ വികസ്വര രാജ്യങ്ങളുടെ ശബ്ദം ഉയർത്താൻ ഇന്ത്യയും എത്യോപ്യയും ഒന്നിച്ച് നിൽക്കണമെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

90 സെക്കൻഡ് എഴുന്നേറ്റ് നിന്ന് കൈയ്യടിച്ചാണ് എം.പിമാർ പ്രസംഗത്തെ അഭിനന്ദിച്ചത്. സന്ദർശനം പൂർത്തിയാക്കിയ മോദിയെ എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലി സ്വയം കാർ ഡ്രൈവ് ചെയ്ത് വിമാനത്താവളത്തിൽ എത്തിച്ചു. ചൊവ്വാഴ്ച രാജ്യത്തെത്തിയ പ്രധാനമന്ത്രിയെ വിമാനത്താവളത്തിൽ നിന്ന് ഹോട്ടലിൽ എത്തിച്ചതും അലി സ്വയം കാറോടിച്ചായിരുന്നു.

### ഇന്ത്യയുടെ സഹായം

1. ആരോഗ്യ മേഖലയിലെ സഹകരണം അടക്കം എട്ട് ധാരണാപത്രങ്ങളിൽ ഒപ്പിട്ടു
2. എത്യോപ്യൻ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ ഇന്ത്യ വർദ്ധിപ്പിക്കും. പ്രത്യേക എ.ഐ കോഴ്സുകൾ തുടങ്ങും
3. ആഡിസ് അബബയിലെ മഹാത്മാഗാന്ധി ആശുപത്രിയിലെ മാതൃ ശിശു വിഭാഗം ഇന്ത്യ നവീകരിക്കും
4. എത്യോപ്യൻ വിദേശകാര്യ മന്ത്രാലയത്തിൽ ഡേറ്റാ സെന്റർ സ്ഥാപിക്കും

### മോദി ഒമാനിൽ

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഇന്നലെ ഒമാനിൽ എത്തി. ഒമാൻ ഉപപ്രധാനമന്ത്രി സയ്യീദ് ഷിഹാബ് ബിൻ താരിഖ് അൽ സൈദ് വിമാനത്താവളത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. തുടർന്ന് സയ്യീദുമായി മോദി കൂടിക്കാഴ്ച നടത്തി. ഇന്ന് ഒമാൻ സുൽത്താനുമായി അദ്ദേഹം ചർച്ച നടത്തും. സ്വതന്ത്ര വ്യാപാര കരാറിലടക്കം ഒപ്പിടും.

# മനുഷ്യരാശി നേരിടാൻ പോകുന്ന ആ വലിയ മാറ്റങ്ങൾ ഇവയാണ്

മനുഷ്യന് അജ്ഞാതമായ ഭാവിയെക്കുറിച്ചുള്ള ഭയവും കൗതുകവും എന്നും നമ്മെ വേട്ടയാടാറുണ്ട്. ഈ ആകാംക്ഷയുടെയും ഗൂഢാലോചന സിദ്ധാന്തങ്ങളുടെയും കേന്ദ്ര ബിന്ദുവാണ് ബാബ വാംഗ എന്ന അന്ധയായ ബൾഗേറിയൻ മിസ്റ്റിക്. ഓരോ വർഷം അവസാനിക്കുമ്പോഴും ലോകമെമ്പാടുമുള്ള ഇന്റർനെറ്റ് ഉപയോക്താക്കൾ ഒരുപോലെ തിരയുന്ന ഒരു പേരുണ്ട്. 'ബാൽക്കണിലെ നോസ്ട്രഡാമസ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബാബ വാംഗയുടേതാണ് ആ പേര്.

ചെർണോബിൽ ആണവ ദുരന്തം, സെപ്തംബർ 11ലെ ഭീകരാക്രമണം, സോവിയറ്റ് യൂണിയന്റെ തകർച്ച തുടങ്ങി ചരിത്രത്തിന്റെ ഗതി മാറ്റിയ പല സംഭവങ്ങളും വാംഗ മുൻകൂട്ടി കണ്ടിരുന്നു എന്ന വിശ്വാസം അവരുടെ പ്രവചനങ്ങൾക്ക് ഇന്നും വലിയ സ്വീകാര്യത നൽകുന്നു. എന്നാൽ 2026ലേക്ക് വിരൽചൂണ്ടുമ്പോൾ വാംഗയുടെ വാക്കുകൾ മുമ്പത്തേക്കാളും ഇരുണ്ടതും അസ്വസ്ഥതയുളവാക്കുന്നതുമായി മാറുകയാണ്. കേവലം പ്രകൃതിദുരന്തങ്ങൾക്കപ്പുറം, മനുഷ്യരാശിയുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന ഭൗമരാഷ്ട്രീയ മാറ്റങ്ങളും, അന്യഗ്രഹ ജീവികളുടെ സന്ദർശനവും, സാങ്കേതിക വിദ്യയുടെ അനിയന്ത്രിതമായ കടന്നുകയറ്റവും വാംഗ പ്രവചിക്കുന്നു. വാർത്താ ചാനലുകളിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും വരാനിരിക്കുന്ന വർഷത്തെക്കുറിച്ചുള്ള ചർച്ചകൾ കൊടുമ്പിരിക്കൊള്ളുമ്പോൾ, ഭയത്തോടെയും പ്രതീക്ഷയോടെയുമാണ് ലോകം വാംഗയുടെ വരികളെ ഉറ്റുനോക്കുന്നത്. 2026 ബാബ വാംഗയുടെ നിഗൂഢമായ ആ പ്രവചനങ്ങൾ എന്താണെന്ന് നോക്കാം.

വാംഗയുടെവാക്കുകളിൽ നിന്ന് വ്യാഖ്യാതാക്കൾ കണ്ടെത്തുന്ന പ്രധാന ഭീഷണി ഭൗമരാഷ്ട്രീയ തലത്തിൽ വലിയ അഴിച്ചുപണികൾ നടക്കും എന്നതാണ്. യൂറോപ്പും ഏഷ്യയും കടുത്ത പിരിമുറുക്കത്തിലൂടെ കടന്നുപോകുമെന്നും ഇത് ആഗോള സഖ്യങ്ങളെ തന്നെ പുനർനിർമ്മിക്കുമെന്നും പറയപ്പെടുന്നു. തായ്‌വാൻ കടലിടുക്കിലും ഇന്ത്യ-ചൈന അതിർത്തിയിലും വരാനിരിക്കുന്ന സംഘർഷങ്ങൾ ഒരുപക്ഷേ പുതിയൊരു ലോകക്രമത്തിന് തന്നെ സാക്ഷ്യം വഹിച്ചേക്കാം.

ഒരു വലിയ യുദ്ധം എന്നതിലുപരി, ലോകരാജ്യങ്ങൾക്കിടയിലുണ്ടാകുന്ന കടുത്ത ഭിന്നതകളും സൈനിക വിന്യാസങ്ങളും മനുഷ്യരാശിയെ മുൾമുനയിൽ നിർത്തുന്ന അവസ്ഥയാണ് വാംഗയുടെ വാക്കുകളിൽ നിഴലിക്കുന്നത്. അതായത് ശാസ്ത്രലോകത്തെ വിസ്മയിപ്പിക്കുന്നതും അതേസമയം ഭയപ്പെടുത്തുന്നതുമായ മറ്റൊരു പ്രവചനം അന്യഗ്രഹ ജീവികളുടെ സന്ദർശനമാണ്. 2026 ൽ മനുഷ്യരാശി ഭൂമിക്ക് പുറത്തുള്ള ഒരു ശക്തിയെ നേരിട്ട് കണ്ടുമുട്ടിയേക്കാം എന്നാണ് സൂചന. 3I/ATLAS എന്നറിയപ്പെടുന്ന, സൗരയൂഥത്തിന് പുറത്തുനിന്നെത്തിയ നിഗൂഢമായ ബഹിരാകാശ വസ്തുവിനെ ചുറ്റിപ്പറ്റിയാണ് ഈ കിംവദന്തികൾ ശക്തമാകുന്നത്.

2026 നവംബറോടെ ഒരു ഭീമൻ പേടകം ഭൂമിയുടെ അന്തരീക്ഷത്തിൽ പ്രവേശിക്കുമെന്ന വാദങ്ങൾ ബാബ വാംഗയുടെ പഴയകാല പ്രവചനങ്ങളുമായി കൂട്ടിയിവായിക്കപ്പെടുന്നു. ജ്യോതിശാസ്ത്രജ്ഞർ ഈ വസ്തുവിനെ നിരീക്ഷിച്ചുവരികയാണെങ്കിലും, വാംഗയുടെ വിശ്വാസികൾ ഇതിനെ ഒരു അന്യഗ്രഹ ഇടപെടലായിട്ടാണ് കാണുന്നത്. സാങ്കേതിക വിദ്യയുടെ വളർച്ച മനുഷ്യന്റെ നിയന്ത്രണത്തിന് അപ്പുറത്തേക്ക് പോകുമെന്ന മുന്നറിയിപ്പും വാംഗയുടെ 2026 പ്രവചനങ്ങളിൽ ഇടംപിടിക്കുന്നു. യന്ത്രങ്ങൾ മനുഷ്യനെ കീഴടക്കുന്നതും മനുഷ്യൻ സാങ്കേതികവിദ്യയ്ക്ക് അടിമയാകുന്നതുമായ സാഹചര്യങ്ങളെ അവർ മുൻകൂട്ടി കണ്ടിരുന്നു.


തൊഴിൽ മേഖലയിലെ ഓട്ടോമേഷനും ധാർമ്മികതയില്ലാത്ത യന്ത്രനവീകരണങ്ങളും വരും വർഷങ്ങളിൽ വലിയൊരു വിഭാഗം ജനങ്ങളെ പ്രതിസന്ധിയിലാക്കുമെന്ന ആധുനിക വ്യാഖ്യാനങ്ങൾ വാംഗയുടെ വാക്കുകൾക്ക് പുതിയൊരു അർത്ഥം നൽകുന്നു. പ്രകൃതി ക്ഷോഭങ്ങളുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും കാര്യത്തിലും ഭയപ്പെടുത്തുന്ന മുന്നറിയിപ്പുകളാണ് ബാബ വാംഗ നൽകുന്നത്. അതിശക്തമായ ഭൂകമ്പങ്ങൾ, സുനാമികൾ, അസാധാരണമായ ഉഷ്ണതരംഗങ്ങൾ എന്നിവ 2026ൽ ലോകത്തിന്റെ പല ഭാഗങ്ങളിലും കുഴപ്പങ്ങൾ സൃഷ്ടിച്ചേക്കാം.

ശാസ്ത്രലോകം ഇന്ന് മുന്നറിയിപ്പ് നൽകുന്ന കാലാവസ്ഥാ വ്യതിയാനത്തെ ദശാബ്ദങ്ങൾക്ക് മുമ്പ് തന്നെ ഈ മിസ്റ്റിക് തിരിച്ചറിഞ്ഞു എന്നത് വിശ്വാസികളെ അത്ഭുതപ്പെടുത്തുന്നു. ഇതോടൊപ്പം തന്നെ, റഷ്യയിൽ നിന്ന് ഒരു കരുത്തനായ നേതാവ് ആഗോള ശക്തിയായി ഉയരുമെന്ന വാംഗയുടെ വാചകങ്ങൾ വ്ളാഡിമിർ പുടിന്റെ സ്വാധീനവുമായി ബന്ധപ്പെടുത്തിയും ചർച്ച ചെയ്യപ്പെടുന്നുണ്ട്.



# സമയപരിധി ലംഘിച്ചു: ശില്പാഷെട്ടിയുടെ പബ്ബിന്റെ പേരിൽ കേസ്

സമയപരിധി ലംഘിച്ച് പ്രവർത്തിച്ചതിന് ബോളിവുഡ് നടി ശില്പാഷെട്ടിയുടെ ഉടമസ്ഥതയിലുള്ള പബ്ബിന്റെ പേരിൽ പോലീസ് കേസെടുത്തു.ബെംഗളൂരുവിലെ ബാസ്റ്റിയൻ ഗർഡൻ സിറ്റി പബ്ബിന്റെ പേരിലാണ് കേസ്. കഴിഞ്ഞദിവസം ഈ പബ്ബിലെത്തിയവർ തമ്മിൽ സംഘർഷം നടക്കുന്ന വീഡിയോ സാമൂഹികമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.പബ്ബുകൾ പ്രവർത്തിക്കാൻ അനുവദിച്ചിരുന്ന സമയത്തിനുശേഷവും ഇത് പ്രവർത്തിക്കുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമായിരുന്നു.തുടർന്നാണ് പോലീസ് സ്വമേധയാ കേസെടുത്തത്. അർധരാത്രിക്കുശേഷം ഒരുമണി വരെയാണ് ബെംഗളൂരുവിൽ പബ്ബുകൾക്ക് പ്രവർത്തിക്കാൻ അനുമതിയുള്ളത്. ബെംഗളൂരുവിൽ പ്രവർത്തിക്കുന്ന ഒട്ടേറെ പബ്ബുകളിൽ ബോളിവുഡ് താരങ്ങൾ, ക്രിക്കറ്റ് താരങ്ങൾ തുടങ്ങിയവർക്ക് ഓഹരിപങ്കാളിത്തമുണ്ട്.




# അത്യാഡംബരത്തിന്റെ അവസാന വാക്കോ? ആനന്ദ് അംബാനി മെസിക്ക് സമ്മാനിച്ച വാച്ച് തരംഗമാകുന്നു

രാജ്യത്തെ തന്നെ ഇളക്കി മറിച്ചാണ് അർജന്റീനിയൻ ഇതിഹാസം ലയണൽ മെസി ഇന്ത്യയിൽ നിന്ന് മടങ്ങിയത്. മെസിയെ കാണാനും ഫോട്ടോ എടുക്കാനുമൊക്കെ വിഐപികളുടെ ഒരു നിര തന്നെയുണ്ടായിരുന്നു. ഇപ്പോഴിതാ മെസിക്ക് ലഭിച്ചൊരു സമ്മാനമാണ് സോഷ്യൽ മീഡിയയിൽ തരം?ഗമാകുന്നത്. ആനന്ദ് അംബാനിയാണ് വിലപിടിപ്പുള്ള സമ്മാനം മെസ്സിക്ക് നൽകിയത്. 10.91 കോടി വരുന്നൊരു അത്യാഡംബര വാച്ചാണ് ആനന്ദ് അംബാനി, മെസിക്ക് സമ്മാനിച്ചതെന്നാണ് റിപ്പോർട്ടുകൾ. റിച്ചാർഡ് മില്ലെയുടെ ആർഎം 003-വി2 (Richard Mille RM 003-V2) എന്ന മോഡലാണ് ആനന്ദ് അംബാനി സമ്മാനിച്ചത്. ഇതൊരു ലിമിറ്റഡ് എഡിഷൻ മോഡലാണ്. ഗുജറാത്തിലെ ജാംനഗറിലുള്ള അനന്ത് അംബാനിയുടെ വന്യജീവി സംരക്ഷണ കേന്ദ്രമായ 'വൻതാര'യിലെ മെസിയുടെ ചിത്രങ്ങളിൽ അദ്ദേഹത്തിന്റെ കൈകളിൽ ഈ വാച്ചുണ്ട്. ആനന്ദിനൊപ്പമുള്ള മെസിയുടെ ഫോട്ടോയും പ്രചരിച്ചിരുന്നു. മെസി ഇന്ത്യയിലേക്ക് വന്നപ്പോൾ വാച്ചൊന്നും ഉണ്ടായിരുന്നില്ലെന്നും വൻതാരയിലെത്തിയപ്പോഴാണ് വാച്ച് കണ്ടതെന്നും അതിനാലിത് അംബാനി സമ്മാനിച്ചതെന്നുമാണ് റിപ്പോർട്ടുകൾ. പുറത്തുവരുന്ന റിപ്പോർട്ടുകൾ ശരിയാണെങ്കിൽ ലോകത്താകമാനമായി 12 എണ്ണം വാച്ചുകൾ മാത്രമെ കമ്പനി നിർമിച്ചിട്ടുള്ളൂ. കറുത്ത കാർബൺ കെയ്സും സ്കെലറ്റൻ ഡയലുമാണ് മെസിക്ക് സമ്മാനിച്ച മോഡലിലുള്ളത്. അതേസമയം മെസിക്കൊപ്പമുള്ള ചിത്രങ്ങളിൽ ആഡംബരത്തിൽ ആനന്ദ് അംബാനിയും ഒട്ടുംപിറകില്ലായിരുന്നു.






# 'മാസ്റ്റെക്ടമി എന്റെ മികച്ച തീരുമാനം'

# മാറിടത്തിലെ മുറിവുകൾ തുറന്നു കാണിച്ച് ആഞ്ജലീന

സ്തനാർബുദത്തിനെതിരെ പോരാടി തോൽപ്പിച്ച വ്യക്തിയാണ് ഹോളിവുഡ് സൂപ്പർസ്റ്റാർ ആഞ്ജലീന ജോളി . കാൻസറിനെ തുടർന്ന് നടി രണ്ട് സ്തനങ്ങളും നീക്കം ചെയ്തിരുന്നു. കാൻസറിനെതിരെ പോരാടുന്നവർക്ക് നടിയുടെ അതിജീവന കഥ വലിയൊരു പ്രചോദനമാണ്.ഇപ്പോഴിതാ, ടൈം മാഗസിന്റെ ഫ്രഞ്ച് പതിപ്പിന്റെ കവറിനായുള്ള ഫോട്ടോ ഷൂട്ടിനിടെയാണ് നടി തന്റെ സ്തന ശസ്ത്രക്രിയയുടെ പാടുകൾ ആദ്യമായി വെളിപ്പെടുത്തിയത്. ആത്മവിശ്വാസത്തോടെ മാറിടത്തിൽ സ്പർശിക്കുന്ന നടിയുടെ ചിത്രമാണ് ടൈം ഫ്രാൻസിന്റെ ഡിസംബർ ലക്കത്തിന്റെ മുഖചിത്രം.''ഞാൻ സ്നേഹിക്കുന്ന നിരവധി സ്ത്രീകളുമായി ഈ മുറിപാടുകൾ ഞാൻ പങ്കിടുന്നു,' 50 കാരിയായ ഹോളിവുഡ് നടി പറഞ്ഞു. ''മറ്റ് സ്ത്രീകൾ അവരുടെ മുറിപ്പാടുകൾ പങ്കിടുന്നത് കാണുമ്പോൾ ഞാൻ എപ്പോഴും വികാരഭരിതയാകാറുണ്ട്. മാസ്റ്റെക്ടമി നടത്താനുള്ള തീരുമാനം എളുപ്പമല്ലെന്ന് മറ്റ് സ്ത്രീകളോട് പറയാനാണ് ഞാൻ ഇത് എഴുതാൻ ആഗ്രഹിച്ചത്,'' ആഞ്ജലീന ന്യൂയോർക്ക് ടൈംസിന്റെ ഓപ്പൺ എഡിഷനിൽ എഴുതി. ' എന്നാൽ, ആ തീരുമാനം എടുത്തതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എനിക്ക് സ്തനാർബുദം വരാനുള്ള സാധ്യത 87 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനത്തിൽ താഴെയായി കുറഞ്ഞു. സ്തനാർബുദം മൂലം എന്നെ നഷ്ടപ്പെടുമെന്ന് ഭയപ്പെടേണ്ടതില്ലെന്ന് എനിക്ക് എന്റെ കുട്ടികളോട് ഇപ്പോൾ പറയാൻ കഴിയും,'' നടി കൂട്ടിച്ചേർത്തു. 2013ലാണ് മാസ്റ്റെക്ടമി ചെയ്തതായി ആഞ്ജലീന ജോളി ലോകത്തോട് വെളിപ്പെടുത്തിയത്. തന്റെ അമ്മയും മുത്തശ്ശിയും അമ്മായിയും മരണപ്പെട്ടത് സ്തനാർബുദം മൂലമാണെന്നിരിക്കെ മുൻകരുതലെന്ന നിലയ്ക്കാണ് നടി ഈ തീരുമാനം എടുത്തത്.

# ആമി ഷുമറും ക്രിസ് ഫിഷറും വേർപിരിഞ്ഞു



ഹോളിവുഡ് താരങ്ങളായ ആമി ഷുമറും ക്രിസ് ഫിഷറും ഏഴ് വർഷത്തെ ദാമ്പത്യത്തിന് ശേഷം വേർപിരിഞ്ഞു. ഷൂമർ തന്റെ കരിയറിലും മാതൃത്വത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചതാണ് വിവാഹ ബന്ധത്തെ ബാധിച്ചതെന്ന് ദി മിറർ റിപ്പോർട്ട് ചെയ്യുന്നു.മകൻ ജീനിനെ വളർത്തുന്നതിനായി കരിയറിൽ ബ്രേക്കെടുത്ത ഷൂമർ ഒരു തിരിച്ചുവരവിന് തയ്യാറെടുക്കാൻ തുടങ്ങിയിരുന്നു, ഇത് ബന്ധത്തിൽ സമ്മർദ്ദം ചെലുത്തിയെന്ന് അടുത്ത വൃത്തങ്ങൾ പറയുന്നു.ഒമ്പത് വർഷങ്ങൾക്ക് മുമ്പ് ഫിഷറിന്റെ സഹോദരിയും ഷൂമറിന്റെ പേഴ്സണൽ അസിസ്റ്റന്റുമായിരുന്ന മോളി വഴിയാണ് ദമ്പതികളുടെ ബന്ധം ആരംഭിച്ചത്. കാലിഫോർണിയയിലെ മാലിബുവിൽ വച്ച് അവർ വിവാഹിതരായി, 2019 ൽ ഒരു മകനെ വരവേറ്റു.ഷുമർ ഏകീകൃതമായ വേർപിരിയൽ എന്നാണ് ഡിവോഴ്സിനെ വിശേഷിപ്പിച്ചത്. ഞങ്ങൾ പരസ്പരം വളരെയധികം സ്നേഹിക്കുന്നു, ഞങ്ങളുടെ മകനെ വളർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## തമിഴ് സിനിമയ്ക്ക് എന്നും ഞാനൊരു ബാൻ ചെയ്യപ്പെട്ട ഗായിക: ചിന്മയി

തമിഴ് സിനിമയിലെ അനുഗ്രഹീത ഗായികയാണ് ചിന്മയി. തമിഴ് സിനിമ ഒരു കാലത്ത് അകറ്റി നിർത്തിയിരുന്ന ചിന്മയി ഗംഭീക തിരിച്ചു വരവാണ് ഇക്കഴിഞ്ഞയിടയിൽ നടത്തിയത്. കമൽ ഹാസനെ നായകനാക്കി മണിരത്നം ഒരുക്കിയ തഗ് ലൈഫിലെ ഗാനങ്ങൾ എല്ലാം വളരെ ഹിറ്റായിരുന്നു. സിനിമയിൽ ധീ പാടിയ 'മുത്ത മഴൈ' എന്ന ഗാനം വലിയ ഹിറ്റായിരുന്നു. സിനിമയുടെ ഓഡിയോ ലോഞ്ചിൽ ധീയ്ക്ക് പകരം ചിന്മയി ആയിരുന്നു ഈ ഗാനം ആലപിച്ചിരുന്നത്. ഈ വേർഷൻ തുടർന്ന് വലിയ വൈറലാകുകയും ചെയ്തിരുന്നു. ഇപ്പോഴിതാ ഇതിനെക്കുറിച്ച് മനസുതുറക്കുകയാണ് ചിന്മയി.''മുത്ത മഴൈ എന്ന ഗാനം പാടാൻ പോകുന്നതിന്റെ സമയത്ത് തലേദിവസം ഇവന്റ് ക്യാൻസൽ ആയി എന്ന് വിളിച്ച് പറഞ്ഞു. പടത്തിലും ആ പാട്ടില്ല അതുകൊണ്ട് എന്നോട് വരണ്ട എന്നും പറഞ്ഞു. നേരത്തെ തന്നെ ആ ഗാനം തെലുങ്കിലും ഹിന്ദിയിലും ഞാൻ പാടിയിരുന്നു. ആദ്യം തമിഴ് ഉൾപ്പെടെ മൂന്ന് ഭാഷയിലും ഞാൻ ആയിരുന്നു പാടേണ്ടിയിരുന്നത് അവസാനം അതും ക്യാൻസൽ ആയി.എല്ലാം കൂടി ചേർന്ന് അവസാനം ആ പാട്ട് ഞാൻ പാടുമ്പോൾ ഒരു എക്സൈറ്റ്മെന്റ് എനിക്ക് ഇല്ലായിരുന്നു. എന്തൊക്കെ ആയാലും തമിഴ് സിനിമയ്ക്ക് ഞാൻ ഒരു ബാൻ ചെയ്യപ്പെട്ട ഗായികയും ആർട്ടിസ്റ്റുമാണ്. ചിന്മയിപറഞ്ഞു നിർത്തി.



## പങ്കാളിയിൽ നിന്ന് താൻ പ്രതീക്ഷിക്കുന്നത്! ഒർലാൻഡോ പറയുന്നു

ഒൻപത് വർഷത്തോളം ഒന്നിച്ച് ജീവിച്ചതിന് ശേഷമാണ് ഗായിക കാറ്റി പെറിയും നടൻ ഓർലാൻറോ ബ്ലൂമും വേർപിരിഞ്ഞത്. ലൈഫ് ടൈംസ് ടൂറിന്റെ ഭാഗമായി കാറ്റി ഓസ്ട്രേലിയയിലേക്ക് പോയ സമയത്തായിരുന്നു വേർപിരിയൽ വാർത്ത വന്നത്. പിന്നാലെ ഷോയിൽ വികാരഭരിതയായി പൊട്ടിക്കരഞ്ഞ ഗായികയുടെ വീഡിയോകളും വൈറലായി.ഇപ്പോഴിതാ കാറ്റി പെറിയുമായുള്ള ബന്ധം വേർപെടുത്തിയ ആറ് മാസത്തിന് ശേഷം, നടൻ ഒർലാൻഡോ ബ്ലൂം ഒരു പങ്കാളിയിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് തുറന്നു പറഞ്ഞിരിക്കുകയാണ്. ഗ്ലാമർ അല്ലെങ്കിൽ പണക്കാരിയായ ഒരു പങ്കാളിയെ വേണോ എന്ന ചോദ്യത്തിന് ബ്ലൂം പറഞ്ഞത് ഇത് രണ്ടും വേണമെന്നായിരുന്നു.പെറിയുമായുള്ള ബന്ധം അവസാനിച്ചതിനുശേഷം നടന് ചിന്തിക്കാൻ പല കാര്യങ്ങളുമുണ്ട്. അവർക്ക് അഞ്ച് വയസ്സുള്ള മകൾ ഡെയ്സി ഡോവ് ഉണ്ട്. ജീവിതത്തിലെ പ്രയാസകരമായ ഘട്ടങ്ങളിലൂടെ സഞ്ചരിക്കുന്നവർക്ക് ബ്ലൂം ഉപദേശവും നൽകി.'എഴുന്നേൽക്കൂ, പതിവ്, എന്തും ചെയ്യുക. നിങ്ങളുടെ ശരീരത്തിലേക്ക് കടക്കൂ, നിങ്ങളുടെ തലയിൽ നിന്ന് പുറത്തുകടക്കൂ. നിങ്ങൾ നിങ്ങളുടെ തലയിലാണെങ്കിൽ, നിങ്ങളുടെ ശരീരത്തിലേക്ക് കയറി നടപടിയെടുക്കൂ, സൃഷ്ടിക്കുന്നത് തുടരൂ,' നടൻ കൂട്ടിച്ചേർത്തു.എനിക്ക് സന്തോഷമുണ്ട്. ഞാൻ വളരെ നന്ദിയുള്ളവളാണ്,' ബ്ലൂം പറഞ്ഞു. ഞങ്ങൾക്ക് ഒരു സുന്ദരിയായ മകളുണ്ട്. ഒമ്പത് വർഷത്തെ ഒരുമിച്ചുള്ള ജീവിതത്തിനു ശേഷം വേർപിരിഞ്ഞെങ്കിലും, പെറിയുമായുള്ള തന്റെ ബന്ധം ഇപ്പോഴും മഹത്തായതാണെന്ന് ബ്ലൂം കൂട്ടിച്ചേർത്തു,വർഷങ്ങളോളം നീണ്ടുനിന്ന ബന്ധം അവസാനിച്ചതിന്റെ കാരണങ്ങൾ ബ്ലൂമോ പെറിയോ പരസ്യമായി വിശദീകരിച്ചിട്ടില്ല. വേർപിരിഞ്ഞുവെങ്കിലും, ആ സൗഹൃദം തുടരുമെന്നാണ് റിപ്പോർട്ടുകൾ. ഇരുവർക്കും നാലവയസ്സുകാരിയായ മകളുണ്ട്. അവളുടെ പാരൻറ്സ് എന്ന നിലയിലുള്ള സൗഹൃദം തുടരുമെന്നും, മകളുടെ കാര്യത്തിൽ രണ്ട് പേർക്കും തുല്യ ഉത്തരവാദിത്വമാണ് എന്നും ഇരുവരുടെയും പ്രതിനിധികൾ മാധ്യമങ്ങളെ അറിയിച്ചിരുന്നു.

## '60 അടി ഉയരത്തിൽനിന്ന് വീണു, വോക്കൽ കോഡ് തകർന്നു'; ഇത് പുനർജന്മം–ശരത്കുമാർ



ആക്ഷൻ ഹീറോ ആകുന്നതിൽ കൂടുതൽ റിസ്ക് ഉൾപ്പെടുമെന്ന് തമിഴ് നടൻ ശരത്കുമാർ. തന്റെ പുതിയ സിനിമയുടെ പ്രചാരണത്തിനായി ഗലാറ്റ പ്ലസിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ഇന്നത്തെ കാലത്ത് ജോലി കുറച്ചു കൂടി എളുപ്പമാണെന്ന് ശരത്കുമാർ അഭിപ്രായപ്പെട്ടു. അന്നൊക്കെ ഉയരത്തിൽനിന്ന് ചാടാൻ പറഞ്ഞാൽ ചാടണം. ഇന്നത്തെപ്പോലെ റോപ് ഒന്നുമില്ല. ബാലചന്ദ്രുഡു എന്നൊരു സിനിമ ചെയ്യുന്ന സമയം. ഒരു രംഗമെടുക്കുന്നതിനിടെ അറുപതടി ഉയരത്തിൽ വീഴുകയും കഴുത്തിന് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. സി4 സി5 എല്ല് പൊട്ടുകയായിരുന്നു. ഇടുപ്പിൽനിന്ന് ഒരെല്ല് എടുത്തുവെച്ചാണ് അതുറപ്പിച്ചതെന്നും താരം ഓർത്തെടുത്തു.പുനർജന്മം എന്നാണ് പറയേണ്ടത്. രണ്ട് പ്ലേറ്റും സ്ക്രൂവും ഉപയോഗിച്ച് മുറുക്കിവെയ്ക്കുകയായിരുന്നു. ആ അപകടത്തിൽ വോക്കൽ കോർഡിന്റെ വലതുഭാഗത്തിന് കേടുപാടുകൾ സംഭവിച്ചു. അന്നുണ്ടായ പേടി മാറ്റാൻ വീണ്ടും ഉയരത്തിൽനിന്ന് ചാടേണ്ടിവന്നു. മായി എന്ന ചിത്രത്തിനു വേണ്ടി 80 അടി ഉയരത്തിൽനിന്നാണ് ചാടിയത്. കനൽ കണ്ണൻ ആയിരുന്നു സംഘട്ടനസംവിധായകൻ. സംശയം പ്രകടിപ്പിച്ചുനിന്നപ്പോൾ പ്രഭുദേവ ഇങ്ങനെയൊരു ഫൈറ്റ് ചെയ്തിട്ടുണ്ടെന്ന് മാസ്റ്റർ പറഞ്ഞു. ഒടുവിൽ അദ്ദേഹത്തിന്റെ നിർബന്ധത്തിനുവഴങ്ങി ഷോട്ടെടുക്കാൻ തയ്യാറായി– ശരത് കുമാർ കൂട്ടിച്ചേർത്തു.



# തിയറ്ററുകളിൽ തീയായി 'ധുരന്ധർ'; കളക്ഷൻ 400 കോടിയിലേക്ക്

ഇന്ത്യൻ ബോക്സ് ഓഫീസ് ചരിത്രത്തിലേക്ക് ധുരന്ധർ . മൊത്തം ബോക്സ് ഓഫീസ് കളക്ഷൻ ഏകദേശം 389 കോടി രൂപയായി ഉയർന്നു. ഹിന്ദി സിനിമകൾക്ക് ഒരു റെക്കോർഡാണ് ധുരന്ധർ.പുഷ്പ 2 (ഹിന്ദി) 178 കോടി കളക്ഷനെ സിനിമ മറികടന്നു. ഈ മുന്നേറ്റം നിലനിർത്തുകയാണെങ്കിൽ രൺവീർ സിങ് നായകനായ ഈ ചിത്രം ഈ വർഷത്തെ ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന ഇന്ത്യൻ സിനിമയായി മാറിയേക്കാം.ആദിത്യ ധർ സംവിധാനം ചെയ്ത സ്പൈ ത്രില്ലർ ചിത്രമാണ്

## 'M3GAN' സ്പിനോഫ് 'SOULM8TE' റിലീസ് ഡേറ്റ് മാറ്റി



തിയേറ്റർ റിലീസിന് ആഴ്ചകൾ മാത്രം ബാക്കി നിൽക്കെ, യൂണിവേഴ്സൽ സ്റ്റുഡിയോസ് M3GAN-ന്റെ വരാനിരിക്കുന്ന സ്പിൻഓഫ് Soulm8te-യെ പിൻവലിച്ചു. ജനുവരി 9-ന് റിലീസ് ചെയ്യാൻ നിശ്ചയിച്ചിരുന്ന സമയത്ത് അത് ഇനി തിയേറ്ററുകളിൽ എത്തില്ല. കേറ്റ് ഡോളൻ സംവിധാനം ചെയ്ത ചിത്രം ഇപ്പോൾ സ്റ്റുഡിയോ വാങ്ങിക്കൊണ്ടിരിക്കുകയാണെന്ന് സ്രോതസ്സുകൾ പറയുന്നു, തുടക്കത്തിൽ ഇത് M3GAN പ്രപഞ്ചത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിരുന്നു . ആദ്യ M3GAN (2022) ലോകമെമ്പാടും 180 മില്യൺ ഡോളറും ഏകദേശം 80 മില്യൺ ഡോളറും നേടി ഒരു ബ്രേക്ക്ഔട്ട് ഹിറ്റായി മാറിയെങ്കിലും, തുടർഭാഗമായ M3GAN 2.0 ഈ വർഷം ആ വിജയം ആവർത്തിക്കുന്നതിൽ പരാജയപ്പെട്ടു.ഉയർന്ന നെറ്റ് ബജറ്റ് (ഒറിജിനലിന്റെ ×12 മില്യണുമായി താരതമ്യപ്പെടുത്തുമ്പോൾ ×25 മില്യൺ) ഉള്ളതിനാൽ, ആഗോളതലത്തിൽ ഇതിന് ×39 മില്യൺ മാത്രമേ നേടാനായുള്ളൂ. Soulm8te ഒടുവിൽ എവിടെ എത്തുമെന്ന് വ്യക്തമല്ല . അതേസമയം, പാരാമൗണ്ടിന്റെ വാൾട്ടർ ഹമാഡ നിർമ്മിച്ച വിഭാഗത്തിലുള്ള സിനിമയായ പ്രൈമേറ്റ് , സോൾw8ടിയുടെ മുൻ റിലീസ് സ്ലോട്ടിലേക്ക് മാറിയതിനാൽ ഒരു മാറ്റം അനിവാര്യമാണ്. സോൾw8ടിയിൽ, അടുത്തിടെ മരിച്ചുപോയ ഭാര്യയുടെ നഷ്ടം നേരിടാൻ ഒരു പുരുഷൻ കൃത്രിമബുദ്ധിയുള്ള ആൻഡ്രോയിഡ് സ്വന്തമാക്കുന്നു. യഥാർത്ഥത്തിൽ വികാരഭരിതനായ ഒരു പങ്കാളിയെ സൃഷ്ടിക്കാനുള്ള ശ്രമത്തിൽ, അയാൾ അശ്രദ്ധമായി ഒരു നിരുപദ്രവകാരിയായ ലവ്ബോട്ടിനെ മാരകമായ ആത്മമിത്രമാക്കി മാറ്റുന്നു. ക്ലോഡിയ ഡൗമിറ്റ്, ലില്ലി സള്ളിവൻ, ഇസബെൽ ബോൺഫ്രർ, എമ്മ റാമോസ്, സിഡ്നി ബ്ലാക്ക്ബേൺ എന്നിവരും ചിത്രത്തിൽ അഭിനയിക്കുന്നു.

## മോഹൻലാലിന്റെ വൃഷഭ ട്രെയിലർ പുറത്ത്



മോഹൻലാലിന്റേതായി വരാനിരിക്കുന്ന ചിത്രമാണ് വൃഷഭ. ആഗോള റിലീസായി ഈ വർഷം ഡിസംബർ 25 ന് ആണ് ചിത്രം എത്തുക. വീണ്ടും 100 കോടി ക്ലബിൽ മോഹൻലാലിന് വൃഷഭയിലൂടെ എത്താൻ സാധിക്കുമെന്നാണ് പ്രേക്ഷകരുടെ പ്രതീക്ഷ. മോഹൻലാലിന്റെ വൃഷഭ എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്തുവിട്ടിരിക്കുകയാണ്.രണ്ടു വ്യത്യസ്ത ലുക്കിലാണ് മോഹൻലാലിനെ ഈ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. പഴയകാല യോദ്ധാവിന്റെ ലുക്കിലും, പുതിയകാലത്തെ എക്സിക്യൂട്ടീവ് ലുക്കിലും ആണ് മോഹൻലാൽ ചിത്രത്തിലെത്തുന്നത്. ആക്ഷൻ, വൈകാരികത, പ്രതികാരം, പ്രണയം, വിധി എന്നിവ കോർത്തിണക്കി, ഒരച്ഛനും മകനും തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന അതിശക്തമായ കഥയാണ് ചിത്രം പറയുന്നത്. കന്നഡ സംവിധായകൻ നന്ദകിഷോർ രചനയും സംവിധാനവും നിർവഹിച്ച ചിത്രം, കണക്റ്റ് മീഡിയയും ബാലാജി ടെലിഫിലിംസും, അഭിഷേക് എസ് വ്യാസ് സ്റ്റുഡിയോയും ചേർന്നാണ് അവതരിപ്പിക്കുന്നത്. വൃഷഭ, ആശീർവാദ് സിനിമാസ് ആണ് കേരളത്തിലെത്തിക്കുന്നത്. വിമൽ ലഹോട്ടി ആണ് ചിത്രത്തിന്റെ സഹനിർമ്മാതാവ്. മോഹൻലാലിന്റെ ഗംഭീര ആക്ഷൻ രംഗങ്ങളും ബ്രഹ്മാണ്ഡ കാൻവാസിൽ ഉള്ള കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യങ്ങളും നിറഞ്ഞ ടീസർ വലിയ പ്രേക്ഷക ശ്രദ്ധയാണ് നേടിയത്. ചിത്രത്തിന്റെ പോസ്റ്ററുകളും സമൂഹ മാധ്യമങ്ങളിൽ മികച്ച ശ്രദ്ധ നേടുകയും ചിത്രത്തെ കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരുന്നു. വമ്പൻ കാൻവാസിൽ ഒരുക്കിയ ചിത്രം താരനിര കൊണ്ടും സങ്കേതിക മികവ് കൊണ്ടും പ്രേക്ഷകരെ ആകർഷിക്കാനുള്ള ഒരുക്കത്തിലാണ്. സമർജിത് ലങ്കേഷ്, നയൻ സരിക, രാഗിണി ദ്വിവേദി, അജയ്, നേഹ സക്സേന എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന താരങ്ങൾ.എസ്ആർക്കെ, ജനാർദൻ മഹർഷി, കാർത്തിക് എന്നിവർ ചേർന്നാണ് ചിത്രത്തിലെ ശക്തമായ സംഭാഷണങ്ങൾ രചിച്ചത്. മികച്ച വിഷ്വൽ ഇഫക്റ്റുകൾ, എഡിറ്റിംഗ്, സൌണ്ട് ഡിസൈൻ എന്നിവയും ചിത്രത്തിന്റെ ഹൈലൈറ്റ് ആയി മാറുമെന്നാണ് അണിയറ പ്രവർത്തകർ പ്രതീക്ഷിക്കുന്നത്. തെലുങ്ക്, മലയാളം ഭാഷകളിൽ ഒരുക്കിയ ചിത്രം ഹിന്ദി, കന്നഡ,ഭാഷകളിൽ കൂടി 2025 ഡിസംബർ 25 ന് ചിത്രം റിലീസിനെത്തും.



ധുരന്ധർ. രൺവീർ സിങ്ങും അക്ഷയ് ഖന്നയും ഒരുമിച്ചെത്തിയ ചിത്രം വെള്ളിയാഴ്ച മാത്രം ഏകദേശം 32.5 കോടി രൂപയാണ് നേടിയത്. ആദ്യ ദിവസത്തെ കലക്ഷൻ 28 കോടിയായിരുന്നു.600 കോടി രൂപ നേടുന്ന ആദ്യത്തെ ഒറിജിനൽ ഹിന്ദി ചിത്രമാകാൻ ധുരന്ധറിന് ഇതിനകം തന്നെ അവസരമുണ്ടായിരുന്നു, ഇപ്പോൾ 700 കോടി രൂപ നേടാനുള്ള സാധ്യതയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളിലൊന്നായ ബലൂചി വംശജനായ റഹ്മാൻ ഡാക്കേത്തിന്റെ റോൾ അവതരിപ്പിച്ചത് അക്ഷയ് ഖന്നയാണ്. കറാച്ചിയിലെ ഓൾഡ് ഡോൺ എന്നറിയപ്പെട്ടിരുന്ന റഹ്മാൻ ഡാക്കേത്തിന്റെ ജീവിത കഥയെ ആസ്പദമാക്കിയുള്ളതാണ് ഈ സിനിമയെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

## 2025ൽ ബോക്സ് ഓഫീസ് കിടുക്കിയ മലയാളം സിനിമകൾ

# നാലിൽ മൂന്നും മോഹൻലാൽ!

2025 അവസാനിക്കുമ്പോൾ മലയാള സിനിമയെ സംബന്ധിച്ച് അഭിമാനകരമായ ഒരു വർഷമാണ്. 2024ന്റെ തുടർച്ചയായി മികച്ച പ്രമേയങ്ങൾ മാത്രമല്ല, ബോക്സോഫീസ് കളക്ഷനുകൾ ഭേദിക്കുന്ന കുതിപ്പും മലയാള സിനിമകൾക്കുണ്ടായി. ഇക്കൊല്ലം ഏറ്റവുമധികം പണം നേടിയ നാല് മലയാള സിനിമകളുടെ പട്ടിക ഇതാ.

**ലോക**

ലോക ചാപ്റ്റർ വൺ ചന്ദ്ര ആണ് ഈ വർഷം ഏറ്റവുമധികം നേട്ടമുണ്ടാക്കിയ മലയാളം സിനിമ. ഡോമിനിക് അരുണിന്റെ സംവിധാനത്തിൽ വേഫേറർ ഫിലിംസ് നിർമ്മിച്ച ലോക 303.2 കോടി രൂപയാണ് ആഗോളതലത്തിൽ വാരിക്കൂട്ടിയത്. ഇതോടെ തീയറ്ററിൽ നിന്ന് ഏറ്റവുമധികം കളക്ഷൻ നേടുന്ന മലയാള സിനിമയായും ലോക മാറി. കല്യാണി പ്രിയദർശൻ പ്രധാന താരമായ സിനിമയിൽ നസ്ലനും പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചു.

**എമ്പുരാൻ**

മോഹൻലാലിനെ നായകനാക്കി പൃഥ്വിരാജ് സംവിധാനം ചെയ്ത സിനിമ തീയറ്ററുകളിൽ നിന്ന് നേടിയത് 268 കോടി രൂപയാണ്. ലൂസിഫർ എന്ന സിനിമയുടെ രണ്ടാം ഭാഗമായ എമ്പുരാൻ ആശിവാർദ് സിനിമാസാണ് നിർമ്മിച്ചത്.

















**തുടരും**

തരുൺ മൂർത്തി സംവിധാനം ചെയ്ത്, മോഹൻലാൽ തന്നെ നായകനായ തുടരും ആണ് മൂന്നാം സ്ഥാനത്ത്. എം രഞ്ജിത് നിർമ്മിച്ച ചിത്രം തീയറ്ററിൽ നിന്ന് 235 കോടി രൂപയാണ് കളക്ട് ചെയ്തത്. മോഹൻലാലിന്റെ നായികയായി ശോഭന തിരികെയെത്തിയ സിനിമ കൂടിയായിരുന്നു ഇത്.


**ഡിയസ് ഇറേ**

83 കോടി രൂപയുമായി ഡിയസ് ഇറേ പട്ടികയിൽ നാലാമതാണ്. രാഹുൽ സദാശിവന്റെ സംവിധാനത്തിൽ പ്രണവ് മോഹൻലാൽ പ്രധാന കഥാപാത്രമായി എത്തിയ സിനിമ പരീക്ഷണസ്വഭാവം കാരണം ശ്രദ്ധിക്കപ്പെട്ടിരുന്നു. ചക്രവർത്തി രാമചന്ദ്രനും എസ് ശശികാന്തും ചേർന്നാണ് സിനിമ നിർമ്മിച്ചത്.

# ജയിലർ 2 വിൽ ഡാൻസ് നമ്പറുമായി നോറ ഫത്തേഹി



രജനികാന്ത് ചിത്രം ജയിലർ 2 അണിയറയിൽ ഒരുങ്ങുകയാണ്. ജയിലർ ആദ്യ ഭാഗത്തിൽ തമന്ന അവതരിപ്പിച്ച 'കവാലയ്യ' എന്ന ഡാൻസ് നമ്പർ വലിയ ഹിറ്റായിരുന്നു. ഗാനവും തമന്നയുടെ ഡാൻസും വൈറലായിരുന്നു. ഇതിന് സമാനമായ ഡാൻസ് നമ്പറായിട്ടാണ് നോറ രണ്ടാം ഭാഗത്തിൽ എത്തുന്നതെന്നാണ് റിപ്പോർട്ട്. സിനിമയിൽ നിരവധി താരങ്ങളുടെ കാമിയോ ഉണ്ടാകുമെന്നാണ് സോഷ്യൽ മീഡിയയിൽ ആരാധകർ പറയുന്നത്. ഇപ്പോഴിതാ രണ്ടാം ഭാഗത്തിൽ ഐറ്റം ഡാൻസുമായി നോറ ഫത്തേഹിയും ഉണ്ടെന്നാണ് പുറത്തുവരുന്ന വിവരം.നിലവിൽ നോറ ഈ പാട്ടിന്റെ ചിത്രീകരണത്തിനായി ചെന്നൈയിലാണെന്നാണ് പുറത്തുവരുന്ന വിവരം. അനിരുദ്ധ് രവിചന്ദർ ആണ് ചിത്രത്തിന് സംഗീതമൊരുക്കുന്നത്.അതേസമയം രജനിയും നോറയും ഒന്നിക്കുന്ന പാട്ടിനെക്കുറിച്ചുള്ള മറ്റു വിവരങ്ങളൊന്നും പുറത്തുവന്നിട്ടില്ല. രജനികാന്തിനൊപ്പം എട്ട് ദിവസത്തെ ഷൂട്ടിങ്ങിനാണ് നോറ ഡേറ്റ് കൊടുത്തിരിക്കുന്നത് എന്നാണ് വിവരം. നിരവധി ബോളിവുഡ് ഡാൻസ് നമ്പറുകളിലൂടെ പ്രേക്ഷകരുടെ ഹൃദയം കീഴടക്കിയ നടിയാണ് നോറ ഫത്തേഹി.





## രശ്മികയുടെ ഹൊറർ ത്രില്ലർ 'തമ്മ' ഒ.ടി.ടിയിൽ

ആയുഷ്മാൻ ഖുറാനയും രശ്മിക മന്ദാനയും പ്രധാന വേഷങ്ങളിൽ എത്തിയ ബോളിവുഡ് ഹൊറർ കോമഡി ചിത്രം തമ്മ ഒ.ടി.ടിയിൽ. ലോകക്കുശേഷം ഇന്ത്യൻ സിനിമയിൽ എത്തുന്ന അടുത്ത അമാനുഷിക സിനിമയാകും തമ്മ എന്നായിരുന്നു ചിത്രത്തിൻറെ അണിയറപ്രവർത്തകർ പറഞ്ഞിരുന്നത്. ലോകക്ക് ലഭിച്ച സ്വീകീര്യത തമ്മക്കും പ്രതീഷിക്കുന്നുവെന്നും ചിത്രത്തിൻറെ നിർമാതാക്കൾ പറഞ്ഞിരുന്നു. തിയറ്റർ റിലീസ് കഴിഞ്ഞ് ആറ് ആഴ്ചകൾക്ക് ശേഷമാണ് ചിത്രം ഒ.ടി.ടിയിൽ എത്തുന്നത്. ബോക്സ്ഓഫീസിൽ വിജയമായ ചിത്രത്തിന് സമിശ്ര പ്രതികരണമാണ് തിയറ്ററിൽ ലഭിച്ചത്. ആമസോൺ പ്രൈം വിഡിയോസാണ് ചിത്രത്തിൻറെ ഒ.ടി.ടി റിലീസ് അവകാശം സ്വന്തമാക്കിയിരിക്കുന്നത്. ഇന്നു മുതൽ ചിത്രം പ്ലാറ്റ് ഫോമിൽ കാണാം.



# നവകേരള ഉഡായിപ്പ് പ്രചരണങ്ങളെ നവമാധ്യമങ്ങൾ തേച്ചൊട്ടിച്ചപ്പോൾ...








ആന്റണി ചടയംമുറി

ഇവന്റുകൾ പടച്ചുണ്ടാക്കി, ആ നവകേരള ഉഡായിപ്പുകൾ ജനമധ്യത്തിൽ അവതരിപ്പിച്ച ഇടതുഭരണത്തെ നവമാധ്യമങ്ങൾ തേച്ചൊട്ടിച്ചുവെന്നതാണ് തദ്ദേശതെരഞ്ഞെടുപ്പിന്റെ ഗുണപാഠം. മുൻ മന്ത്രി ഡോ. തോമസ് ഐസക്കിനെയും (ഒരു ലക്ഷം രൂപയാണ് പ്രതിമാസം ഇതിനായി നികുതിപ്പണത്തിൽനിന്ന് ഡോ. ഐസക്കിന് നൽകുന്നത്) ജില്ലകൾതോറും ഐ.ടി. പ്രൊഫഷണലുകളെയും കൂലിക്കെടുത്ത് സർക്കാർ നവമാധ്യമങ്ങളിൽ പ്രചാരണം നടത്തിയെങ്കിലും ജനങ്ങൾ നേരിട്ട് നവമാധ്യമങ്ങൾ ഉപയോഗിച്ച് ഭരിക്കുന്നവരെ വെട്ടിലാക്കിയെന്നതാണ് സത്യം.

പാർട്ടി എന്തുകൊണ്ട് തോറ്റുവെന്ന ചോദ്യത്തിനുള്ള പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദന്റെ ചപ്പടാച്ചി മറുപടി ജനം പുച്ഛിച്ചുതള്ളുകയാണുണ്ടായത്. ഭരണവിരുദ്ധ വികാരം ഇല്ലെന്നും രാഷ്ട്രീയാടിത്തറ ഭദ്രമെന്നും ന്യൂനപക്ഷങ്ങൾ പാർട്ടിയെ കൈവിട്ടിട്ടില്ലെന്നും ശബരിമല കൊള്ള തെരഞ്ഞെടുപ്പിൽ വിഷയമായില്ലെന്നുമുള്ള ഗോവിന്ദൻ മാസ്റ്ററുടെ അഭിപ്രായ പ്രകടനങ്ങളിലെ പൊള്ളത്തരം ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഏതൊരു ജയവും പരാജയവും യാഥാർഥ്യബോധത്തോടെ വിലയിരുത്താനുള്ള രാഷ്ട്രീയ വിവേകം സി.പി. എമ്മിന് നഷ്ടപ്പെട്ടുപോകുന്നതിൽ ഇടതുപക്ഷത്തെ ഇപ്പോഴും സ്നേഹിക്കുന്ന പലർക്കും സങ്കടമുണ്ട്. എന്നാൽ 'തോറ്റിട്ടില്ല, തോറ്റിട്ടില്ല തോറ്റ ചരിത്രം കേട്ടിട്ടില്ല' എന്ന മുദ്രാവാക്യ രീതിയിൽ രാഷ്ട്രീയ വിശദീകരണത്തിന് സി.പി.എം. മുതിരുന്നത്, ഭരണം നയിക്കുന്ന ചിലരെ ഇനിയും വാഴ്ത്തുപാട്ടുകൾ ചമച്ച ചില്ലുകൂട്ടിൽനിന്ന് താഴെ ഇറക്കാതിരിക്കാനാണ്.

### ഭരണവിരുദ്ധ വികാരമോ, അതെന്താ?

ഭരണവിരുസ്ഡ വികാരമില്ലെന്നു പറയുമ്പോൾ മുഖ്യമന്ത്രിയുടെ ധർമ്മടം നിയമസഭാ മണ്ഡലത്തിലെ 7 ഗ്രാമപഞ്ചായത്തുകൾ എൽ.ഡി.എഫ്. നേടിയെന്നുള്ളത് സത്യമാണ്. എന്നാൽ കണ്ണൂരിലെ പാർട്ടി ഗ്രാമങ്ങളിലെ സ്ഥിതി എന്താണ്? സി.പി.എമ്മിന് എതിരെ ശബ്ദിക്കരുതെന്ന 'രാജകല്പന' പുറപ്പെടുവിച്ചിട്ടുള്ളത് കണ്ണൂരിലെ 120 വാർഡുകളിലാണ്. ഈ വാർഡുകളിൽ 36 എണ്ണം സി.പി.എമ്മിന് ഇത്തവണ നഷ്ടമായി. പാർട്ടി വിട്ട് സ്വതന്ത്ര സ്ഥാനാർഥിയായ യുവാവിനെ തട്ടിക്കളയുമെന്ന് എം.വി. ജയരാജൻ പരോക്ഷമായി പൊതുയോഗത്തിൽവച്ച് മുന്നറിയിപ്പ് നൽകിയിട്ടും ഒരു മുന്നണിയുടേയും പാർട്ടികളുടേയും പിന്തുണയില്ലാതെ പയ്യന്നൂരിൽ 'ധീരസഖാവ്' ജയിച്ചുവെന്ന വാർത്ത കണ്ടു. കണ്ണൂർ കോർപ്പറേഷനിലെ 56 സീറ്റിൽ 36ഉം യു.ഡി.എഫ്. നേടി. മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമടത്ത് വടിവാളുകളുമായി ഗുണ്ടകൾ ഇറങ്ങി യു.ഡി.എഫ്. അനുഭാവികളുടേയും മറ്റും വീട്ടിൽ കയറി 'കൊലവിളി' നടത്തിയത് സോഷ്യൽ മീഡിയയിൽ വൈറലായതോടെ പൊലീസ് 50 സി.പി. എം. പ്രവർത്തകരെ പ്രതികളാക്കി കേസെടുത്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ സി.പി.എം. കോട്ടകളിൽ നടന്ന ഇലക്ഷൻ അക്രമക്കേസുകളുടെ ഗതി എന്താണെന്നതിന് കെ.എം. മാണി സാറിന്റെ മരുമകനും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥനുമായ എം.പി. ജോസഫ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം നൽകിയ കേസുകൾതന്നെയാണ് ഉദാഹരണം. പാർട്ടി ഗ്രാമങ്ങളിലെ കേസുകളിൽ ഭരിക്കുന്ന സി.പി.എമ്മിനെ വിചാരണ ചെയ്യാൻ കോടതികൾപോലും ഭയപ്പെടുന്നുവെന്നല്ലേ ഇതിൽനിന്ന് അനുമാനിക്കേണ്ടത്? തൃക്കരിപ്പൂരിൽ കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിന്റെ സ്ഥാനാർഥിയായ എം.പി. ജോസഫിനെ വധിക്കാൻവേണ്ടി അദ്ദേഹത്തിന്റെ മഹീന്ദ്ര കമ്പനിയുടെ 'മരാസ്സോ' എസ്.യു.വി.ക്കു ബോംബെറിഞ്ഞതും മുടിനാരിഴയ്ക്ക് രക്ഷപ്പെട്ടതും അദ്ദേഹത്തിന്റെതന്നെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ആ കേസുകളെക്കുറിച്ച് ചോദിച്ചപ്പോൾ എം.പി. ജോസഫ് തന്നെ പറഞ്ഞത് കേസിന്റെ പുരോഗതി എങ്ങുമെത്തിയിട്ടില്ലെന്നാണ്!

ഒ.ആർ. കേളു (വയനാട്), വീണാ ജോർജ് (ആറന്മുള), വി.എൻ. വാസവൻ (കോട്ടയം), വി. ശിവൻകുട്ടി (നേമം), എം.ബി. രാജേഷ് (തൃത്താല), കെ. രാജൻ (ഒല്ലൂർ), കെ.ബി. ഗണേഷ്കുമാർ (പത്തനാപുരം), പി.എ. മുഹമ്മദ് റിയാസ് (ബേപ്പൂർ), വി. അബ്ദുറഹിമാൻ (താനൂർ), പി. രാജീവ് (കളമശ്ശേരി) തുടങ്ങിയ മന്ത്രിമാരുടെ മണ്ഡലങ്ങളിൽ യു.ഡി.എഫിന് മുൻതൂക്കമുള്ളപ്പോൾ ഭരണവിരുദ്ധ വികാരമില്ലെന്ന ഇടതിന്റെ അവകാശവാദത്തിൽ കഴമ്പില്ലെന്ന് കാണാനാകും.

### കാണാതെപോകുമോ ചില പാർട്ടികൾ?

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അന്യംനിന്നുപോയ പാർട്ടികൾ പലതുണ്ട്. പി.എസ്.പി., കെ.എസ്.പി., കെ.ടി.പി., എസ്.ആർ.പി. അങ്ങനെ ഈ പട്ടിക നീണ്ടതാണ്. കേരള കോൺഗ്രസിൽനിന്ന് ചിതറിത്തെറിച്ച അഞ്ച് കഷണങ്ങളിൽ മൂന്നെണ്ണം ഇടതുമുന്നണിക്കൊപ്പമാണ്. രണ്ടെണ്ണം യു.ഡി.എഫിന് ഒപ്പവും. ഇടതുമുന്നണിക്കൊപ്പമുള്ള കേരള കോൺഗ്രസ് മാണി ഗ്രൂപ്പിന് ഈ തദ്ദേശതെരഞ്ഞെടുപ്പിൽ അവരുടെ വേരുകൾതന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. മധ്യ തിരുവിതാംകൂറിലും കുടിയേറ്റ ഗ്രാമങ്ങളിലുമുണ്ടായിരുന്ന 'രണ്ടില'യുടെ പച്ചപ്പ് പൂർണമായും നഷ്ടപ്പെട്ടുകഴിഞ്ഞു. മാണിഗ്രൂപ്പ് ചോദിച്ച സീറ്റുകൾ മുഴുവനും ഒന്നൊഴിയാതെ സി.പി.എം. അവർക്ക് നൽകിയിട്ടും ആ സീറ്റുകളിൽ നാലിൽ ഒന്നുപോലും ജയിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഇനിയുള്ള നാളുകളിൽ, പ്രത്യേകിച്ച് നിയമസഭാ സീറ്റുകൾ പങ്കുവയ്ക്കുമ്പോൾ, തദ്ദേശതെരഞ്ഞെടുപ്പിലെ തോൽവി ഇടതുനേതാക്കൾ ചൂണ്ടിക്കാട്ടി സീറ്റുകൾ കുറയ്ക്കുമോ എന്നതും കണ്ടറിയണം.

പാലായിലെ തോൽവി ജോസ് കെ. മാണിക്ക് മറക്കാൻ കഴിയുന്നതെങ്ങനെ? സി.പി.എം. നിർദേശിച്ച ചെയർമാൻ സ്ഥാനാർഥിയെ ജോസ് തള്ളിക്കളഞ്ഞതോടെ തുടങ്ങിയ സംഭവവികാസങ്ങളിൽനിന്ന് മുതലെടുക്കാൻ കോട്ടയം ഡി.സി.സി. പ്രസിഡന്റ് നാട്ടകം സുരേഷിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് എല്ലാ അടവുകളും പയറ്റി. മാണി ഗ്രൂപ്പിനെതിരെയുള്ള പോരാട്ടം പാലായിലാണ് കോൺഗ്രസ് തുടങ്ങിവച്ചത്. ഇപ്പോൾ ആ പോരാട്ടം പൂർണമായും വിജയിച്ചുകഴിഞ്ഞു. പുളിക്കണ്ടം ബ്രദേഴ്സും ആ കുടുംബത്തിലെ ഒരു ഇളമുറക്കാരിയും ചേർന്ന് ജോസിന് മുട്ടൻ പണികൊടുത്തു. പുളിക്കണ്ടം കുടുംബക്കാർ മത്സരിച്ച മൂന്ന് സീറ്റിലും യു.ഡി.എഫ്. സ്ഥാനാർഥികളെ നിർത്തിയില്ലെന്നതും ശ്രദ്ധേയമാണ്. കോട്ടയം, ഇടുക്കി, പത്തനംതിട്ട, വയനാട്, കോഴിക്കോടിന്റെ കുടിയേറ്റ മേഖലകൾ തുടങ്ങിയ പ്രദേശങ്ങളിൽ മാണി ഗ്രൂപ്പ് സ്ഥാനാർഥികൾ തോറ്റുതൊപ്പിയിട്ടിട്ടും ജോസ് കെ. മാണി ഗോവിന്ദൻ മാഷിനെപ്പോലെ 'താത്വികാവലോകനം' നടത്തുന്നത് രാഷ്ട്രീയ യാഥാർഥ്യങ്ങളെ തമസ്കരിക്കലാണ്.

### ചാണ്ടി ഉമ്മന്റെ മധുര പ്രതികാരം

കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഉമ്മൻചാണ്ടിയുടെ മണ്ഡലമായ പുതുപ്പള്ളിയിൽ യു.ഡി.എഫിന് വൻ പരാജയം രുചിക്കേണ്ടിവന്നു. ഇത്തവണ ഒ.സി. യുടെ മകൻ ചാണ്ടി ഉമ്മൻ ആ പഞ്ചായത്തിലെ 2100ഓളം വീടുകളിൽ നേരിട്ടെത്തി വോട്ട് ചോദിക്കുകയായിരുന്നു. ഏതായാലും പുതുപ്പള്ളി നിയമസഭാ മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ ഏഴും ഇത്തവണ യു.ഡി.എഫ്. പിടിച്ചെടുത്തു. മന്ത്രി വി.എൻ. വാസവന്റെ തട്ടകമായ പാമ്പാടിയിൽ പോലും ജയിക്കാൻ ഇത്തവണ ഇടതുമുന്നണിക്ക് കഴിഞ്ഞില്ല.

പ്രതികാരത്തിന്റെ മറ്റൊരു കഥ തലസ്ഥാനത്തുനിന്നും കേൾക്കുകയുണ്ടായി. തിരുവനന്തപുരം കോർപ്പറേഷനിലെ കണ്ണമ്മൂല ഡിവിഷനിൽനിന്ന് മത്സരിച്ച പാറ്റൂർ രാധാകൃഷ്ണൻ എന്ന സ്വതന്ത്ര സ്ഥാനാർഥി എല്ലാ പാർട്ടിക്കാർക്കും കണ്ണിലെ കരടായിരുന്നു. ഇടതുമുന്നണിയുടെ ഭാഗത്തുനിന്ന് വധഭീഷണിവരെയുണ്ടായിട്ടും രാധാകൃഷ്ണന്റെയൊപ്പം 200ഓളം വരുന്ന അഭ്യുദയ കാംക്ഷികൾ അദ്ദേഹത്തിന് രക്ഷാവലയം തീർക്കുകയായിരുന്നു. ഈ ഇരുന്നൂറുപേരിൽ നിന്നുള്ള 10 പേരടങ്ങുന്ന കോർ കമ്മിറ്റിയാണ് രാധാകൃഷ്ണനെ എല്ലാ കാര്യത്തിലും പിന്തുണച്ചതും സഹായിച്ചതും. ഇപ്പോൾ രാധാകൃഷ്ണന്റെ രാഷ്ട്രീയ ഔദാര്യത്തിനുവേണ്ടി കൈനീട്ടിയിരിക്കുകയാണ് പാർട്ടികൾ.

### എ.വി. ഗോപിനാഥും ലതികാ സുഭാഷും

കോൺഗ്രസിൽനിന്ന് പടിയിറങ്ങിപ്പോയ ചില നേതാക്കളെ വോട്ടർമാർ പാഠം പഠിപ്പിച്ചതും ഈ തെരഞ്ഞെടുപ്പിൽ നാം കണ്ടു. പാലക്കാട്ട് 'ഞാനാണ് കോൺഗ്രസ്' എന്ന് വീമ്പുപറഞ്ഞ ഒരു നേതാവാണ് എ.വി. ഗോപിനാഥ്. പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്ത് അദ്ദേഹത്തിന് പതിച്ചുനൽകിയിരിക്കുകയാണെന്ന ചിന്ത തലയ്ക്കുപിടിച്ചപ്പോൾ അദ്ദേഹം പാർട്ടി വിട്ടു. മുൻ കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരൻ നേരിട്ട് ഇടപെട്ടിട്ടും ഗോപിനാഥ് വഴങ്ങിയില്ല. സ്വന്തമായി മുന്നണിയുണ്ടാക്കി മത്സരിച്ചിട്ടും (കിട്ടിയത് 134 വോട്ട് മാത്രം) ഗോപിനാഥിനെ നിലം തൊടാൻ വോട്ടർമാർ അനുവദിച്ചില്ല.

മറ്റൊരു കഥാപാത്രം ലതികാ സുഭാഷാണ്. കോട്ടയമാണ് തട്ടകം. കോൺഗ്രസ് വിട്ട് എൻ.സി.പി.യിൽ ചേർന്ന് ലതിക പോരിനിറങ്ങി. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിച്ചതിന് ഇന്ദിരാഭവനുമുന്നിൽ വച്ച് തലമൊട്ടയടിച്ച ലതികയെ രാഷ്ട്രീയ കേരളം അത്രവേഗം മറക്കില്ലായിരിക്കാം. പക്ഷെ ഇത്തവണ തദ്ദേശപ്പോരിനിറങ്ങിയ ലതിക സുഭാഷിന് ലഭിച്ചത് 113 വോട്ട്. കെട്ടിവച്ച കാശും ലതികയ്ക്ക് നഷ്ടമായി.

ഇടുക്കിയിൽനിന്ന് കോൺഗ്രസിലെ ഒരു സീനിയർ നേതാവിന്റെ വിലാപമുയരുന്നുണ്ട്. ഇടുക്കിയിലെ കോൺഗ്രസിന്റെ മൊത്തം മേൽവിലാസമായിരുന്ന ഇ.എം. ആഗസ്തി 60 വോട്ടിന്റെ വ്യത്യാസത്തിൽ എൻ.ഡി.എഫിന്റെ സി.ആർ. മുരളിയോട് പരാജയപ്പെട്ടതിനു പിന്നിൽ കോൺഗ്രസിലെതന്നെ കാലുവാരലുകാരുണ്ടാകാം.

### നവമാധ്യമങ്ങളും ജനരോഷവും

ഈ തെരഞ്ഞെടുപ്പുകാലത്തിനു ഒന്നോ ഒന്നരയോ വർഷം മുമ്പ് പൊട്ടിമുളച്ച നവമാധ്യമ ചാനലുകൾ ഒറ്റക്കെട്ടായി സർക്കാരിനെ വലിച്ചുകീറുകയായിരുന്നു. പോസ്റ്റ് കാർഡ്, ട്രൂത്ത് ന്യൂസ്, ഫസ്റ്റ് റിപ്പോർട്ട്, മലയാളി വാർത്ത തുടങ്ങിയ യൂട്യൂബ് ചാനലുകളിലൂടെ വന്ന സർക്കാർ വിരുദ്ധ വാർത്തകൾക്കും സംഭവങ്ങൾക്കും വലിയതോതിൽ ജനപ്രീതി ലഭിച്ചിരുന്നു.

മുഖ്യധാരാ ചാനലുകളും പത്രങ്ങളും 'അലക്കിത്തേച്ച' വാർത്തകളുമായി ജനത്തെ വെറുപ്പിച്ചപ്പോൾ പല നവമാധ്യമ ചാനലുകളും സർക്കാരിന്റെ കെടുകാര്യസ്ഥതകൾ അക്കമിട്ടു നിരത്തി. ഏറ്റവും ഒടുവിൽ ഇപ്പോൾ കോടതി കയറാപോകുന്ന 'പോറ്റിയെ കേറ്റിയേ...' എന്ന പാരഡി പാട്ടും സർക്കാരിനെതിരെയുള്ള ആയുധമായി മാറി.

ഒരു പ്രവാസിയായ നാദാപുരം കാരൻ കുഞ്ഞബ്ദുള്ളയാണ് സ്വർണക്കൊള്ളയെക്കുറിച്ചുള്ള പാരഡി ഗാനമെഴുതിയത്. 46 വർഷമായി കുഞ്ഞബ്ദുള്ള ഗൾഫിലാണ്. 600ഓളം മാപ്പിളപ്പാട്ടുകൾ എഴുതിയിട്ടുള്ളയാളാണ്. ഈ പാട്ട് തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ യു.ഡി.എഫിന് ഗുണംചെയ്യുമെന്ന് യൂത്ത് കോൺഗ്രസ്, യൂത്ത് ലീഗ് നേതാക്കളെ അറിയിച്ചിട്ടും അവർ അവഗണിച്ചതായി കുഞ്ഞബ്ദുള്ളതന്നെ പറയുന്നു.

പിന്നീട് ഈ പാട്ട് ഒരു തരംഗമായി മാറി. വൈറലായ ഈ പാട്ട് അയ്യപ്പഭക്തരുടെ വിശ്വാസത്തിന് മുറിവേൽപ്പിച്ചേക്കുമെന്ന 'സർക്കാർ സ്പോൺസേർഡ്' വിചിത്രവാദം ഇപ്പോൾ പൊന്തിവന്നിട്ടുണ്ട്. എന്താണോ നിരോധിക്കുന്നത്, അതെല്ലാം ഒന്നുകൂടി കത്തിപ്പടരുമെന്ന് അറിയാത്ത 'തലയിൽ ആൾതാമസമില്ലാത്ത' ഭരണത്തിന്റെ എച്ചിൽനക്കികളോട് എന്തു പറയാൻ?



# തൊഴിലുറപ്പു പദ്ധതിയിൽ പുഴുക്കുത്ത്..!

**ഗ്രാമീണ മേഖലയിൽ തൊഴിലുറപ്പ് നിയമം പരിഷ്കരിച്ചതു വഴി ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്ന നവീനമായ തൊഴിലുറപ്പു പദ്ധതിയിലാണിപ്പോൾ കേന്ദ്രം കരിനിഴൽ വീഴ്ത്തിയിരിക്കുന്നത്. കേരളം പോലുള്ള സംസ്ഥാനങ്ങൾ ഇനി അതിനായി വലിയ തുക മാറ്റിവയ്ക്കേണ്ടി വരുമെന്നതാണ് മറ്റൊരു പ്രശ്നം..!**

## ഡൽഹി ഡെർബാർ

ഇന്ത്യയിലെ പട്ടിണപ്പാവങ്ങളെ പരമാവധി സഹായിക്കാനായി 2005 ൽ ഒരു തൊഴിലുറപ്പു പദ്ധതി ഇവിടെ നടപ്പിൽവരുത്തി.അതായിരുന്നു.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഗ്രാമീണ മേഖലയിൽ അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിും ഒരു സാമ്പത്തിക വർഷം പരമാവധി 100 ദിവസത്തെ തൊഴിൽ ആവശ്യാധിഷ്ഠിതമായി നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇത്.

ഇത്തരത്തിൽ തൊഴിലുറപ്പ് നിയമം പരിഷ്കരിച്ചതു വഴി ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുകയും അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യമിടുന്നുണ്ട്. മണ്ണ്ജലസംരക്ഷണ പ്രവൃത്തികൾക്ക് ഊന്നൽ നൽകി കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതും ഗ്രാമീണ മേഖലയിലെ ദരിദ്രരുടെ വിഭവാടിത്തറ ശക്തിപ്പെടുത്തി ദീർഘകാല അടിസ്ഥാനത്തിലുള്ള ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതും തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിക്കുന്ന ആസ്തികളിലുടെ ലക്ഷ്യമിടുന്നു.

കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള എല്ലാ പ്രദേശങ്ങളിലേയും ഗ്രാമീണ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ഒരു സാമ്പത്തിക വർഷത്തിൽ ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുമായി ഒരേ സമയത്തോ വ്യത്യസ്ത സമയങ്ങളിലോ 100 ദിവസം ഈ പദ്ധതിമൂലം തൊഴിൽ ലഭിക്കും.

പദ്ധതിയിൽ ചേരുന്നതിലേക്കായി അംഗത്വം ആവശ്യമുള്ള കുടുംബങ്ങൾ ഗ്രാമ പഞ്ചായത്തിൽ താമസിക്കുന്നവരാകണം. തൽക്കാലം പ്രസ്തുത പ്രദേശത്തിൽ നിന്നും അകന്നു താമസിക്കുന്നവർക്കും അംഗത്വം ലഭിക്കാൻ അർഹതയുണ്ട്. ഒരു കുടുംബത്തിലെ പ്രായപൂർത്തിയായ എല്ലാ അംഗങ്ങൾക്കും ജോലിക്കായി അപേക്ഷ നൽകാവുന്നതാണ്. അപേക്ഷകർ




അവിദഗ്ദ്ധ കായിക തൊഴിലുകൾ ചെയ്യാൻ സന്നദ്ധതയുള്ളവരായിരിക്കണം എന്നു മാത്രം.

അങ്ങിനെയുള്ള ഈ പദ്ധതിയുടെ തിളക്കം കെടുത്തിക്കളയാൻ ഇപ്പോഴത്തെ ഭരണകൂടം മുന്നിട്ടിറങ്ങിയിരിക്കുകയാണ്. ഒട്ടേറെ പാവങ്ങൾക്ക് സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തി നേടിക്കൊടുത്ത ഈ പദ്ധതിയെ തകിടം മറിക്കാനും അതിന്റെ സത്തയും സൗന്ദര്യവും തല്ലിക്കെടുത്താനും വേണ്ടി മാത്രമാണിത് ചെയ്യുന്നത്. ജവഹർ ലാൽ നെഹ്റുവിനെ താറടിക്കാൻ ആർ.എസ്.എസും ബി.ജെ.പിയും കിണഞ്ഞു ശ്രമിച്ചിട്ടും നടക്കാതായപ്പോൾ ഇനി ഗാന്ധിജിയെ അല്പമെങ്കിലും മയാക്കാനാവുമോ എന്നാണ് നോക്കുന്നത്.

അതിനായി, നിലവിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) ക്ക് പകരം പുതിയ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. ദ വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) അഥവാ വിബിജി രാം ജി (VB G RAM G) എന്നാണ് പുതിയ പദ്ധതിക്ക് നൽകിയിരിക്കുന്ന പേര്. എന്തായാലും ഇപ്പോൾ ഈ പദ്ധതിയിലുള്ള ഒട്ടേറെപ്പേരെ പുറത്തു ചാടിക്കും എന്നുറപ്പാണ്. കേരളം ആയിരിക്കും ഇതിന്റെ പ്രത്യാഘാതം ഏറ്റവും കൂടുതൽ അനുഭവിക്കാൻ പോകുന്നത്.

കേരളത്തിൽ 22 ലക്ഷം പേരാണു പദ്ധതിയിൽ അംഗമായിരുന്നത്. അതിൽ ബഹുഭൂരിപക്ഷവും സ്ത്രീകൾതന്നെ. 70 വയസ്സിനു മുകളിലുള്ളവരടക്കം പ്രായമായ ഒട്ടേറെപ്പേരും ഗുണഭോക്താക്കളായുണ്ട്. 'കുടുംബശ്രീ' പോലെ തന്നെ കേരളത്തിലെ ദാരിദ്ര്യ നിർമാർജനത്തിനും സ്ത്രീശാക്തീകരണത്തിനും തൊഴിലുറപ്പു പദ്ധതിയും വലിയ പങ്കാണ് വഹിച്ചത്.

റജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും തൊഴിൽ എന്നതും തൊഴിലാളികളുടെ വേതനം പൂർണമായും കേന്ദ്രം നൽകുന്നുവെന്നതുമായിരുന്നു നിലവിലെ പദ്ധതിയുടെ കാതൽ. എന്നാൽ, പുതിയ ബില്ലിലൂടെ ഈ രണ്ടു ഘടകങ്ങളിലും മാറ്റം വരുന്നു.

ഇതിന് രണ്ടു പ്രത്യാഘാതങ്ങളുണ്ട്. നിലവിൽ പദ്ധതയിൽ അംഗങ്ങളായ അനേകർ അതിൽനിന്നു പുറത്താകും. ഇല്ലെങ്കിൽ അവരുടെ വേതനം? മുഴുവൻ സംസ്ഥ സർക്കാർ വഹിക്കേണ്ടി വരും. നമ്മുടെ സംസ്ഥാനത്തിന് ഇപ്പോഴത്തെ അവസ്ഥയിൽ ഇത് താങ്ങാനാവുന്നതല്ല. നിലവിൽ തൊഴിലുറപ്പു പ്രവർത്തനങ്ങളിൽ പണിയായുധങ്ങൾക്കും മറ്റുമുള്ള ചിലവിന്റെ 25 ശതമാനം മാത്രം മുടക്കിയാൽ മതിയായിരുന്നു.

എന്നാൽ പുതുക്കിയ അവസ്ഥയിൽ ചിലവിന്റെ 40 ശതമാനം തുക സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടിയിരിക്കുന്നു. നിലവിൽ 4000 കോടി രൂപയിലധികം വാർഷീക വിഹിതമായി കേരളത്തിന് ലഭിച്ചിരുന്നു.

എന്നാലിനി 1600 കോടിയോളം രൂപ സംസ്ഥാനം അക്കാര്യത്തിനുമാത്രമായി കണ്ടെത്തേണ്ടിയിരിക്കുന്നു. ഇത് തികച്ചും കേരളത്തിന് ഒരു വെല്ലുവിളിയായി മാറുമെന്നകാര്യത്തിൽ സംശയമില്ല.

പഴയ പദ്ധതിയിൽ ജോലികൾ തീരുമാനിക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനായിരുന്നു. എന്നാൽ പുതിയ ബില്ല് ഈ അവകാശം കേന്ദ്ര സർക്കാരിന് നൽകുന്നു. പുതിയ ബിൽ പ്രകാരം വൈദഗ്ധ്യമില്ലാത്ത ജോലികൾ ചെയ്യാൻ സന്നദ്ധരായ ഗ്രാമീണ കുടുംബങ്ങളിലെ മുതിർന്ന അംഗങ്ങൾക്ക് ഒരോ സാമ്പത്തിക വർഷവും 125 ദിവസത്തെ വേതന തൊഴിൽ ഉറപ്പാക്കും.

സാമ്പത്തിക ബാധ്യത കേന്ദ്രസംസ്ഥാനസർക്കാരുകൾ പങ്കുവയ്ക്കും. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കും ഹിമാലയൻ സംസ്ഥാനങ്ങൾക്കും 90:10 എന്ന അനുപാതത്തിലും മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും 60:40 എന്ന അനുപാതത്തിലുമായിരിക്കും ഇത്. നിയമസഭ ഇല്ലാത്ത കേന്ദ്ര ഭരണപ്രദേശങ്ങളുടെ മുഴുവൻ ചെ ലവും കേന്ദ്രം വഹിക്കും.

അവനവന്റെ ഭവനങ്ങളിൽ ഒതുങ്ങിപ്പോവുമായിരുന്ന വലിയൊരു ജനവിഭാഗത്തെ ഉൽപാദനക്ഷമതയുള്ളവരാക്കാനും അവരുടെ കഴിവുകൾ മെച്ചപ്പെടുത്താനും അതുവഴി വ്യായാമവും ആരോഗ്യവും നേടാനും സഹായിച്ച പദ്ധതിയായിരുന്നു ഇത്. മറ്റൊരു പദ്ധതിക്കും അവകാശപ്പെടാനില്ലാത്ത പല തലങ്ങളുള്ള പദ്ധതിയാണ്. അതിന്റെ സത്തയും സൗന്ദര്യവും അപ്പാടെ ഇല്ലാതാക്കുകയാണിപ്പോൾ.

◗ *എമ എൽസ് എൽവിൻ*

# പൊന്നിന്റെ മുന്നേറ്റം, 2026 ൽ കാത്തിരിക്കുന്നതെന്ത്?

2025 ൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയ അസറ്റുകളാണ് സ്വർണവും വെള്ളിയും. ഓഹരി നിക്ഷേപത്തെയും ക്രിപ്റ്റോ കറൻസികളെയും പോലും പിന്നിലാക്കിയാണ് പൊന്നിന്റെയും വെള്ളിയുടെയും കുതിപ്പ്. റെക്കോർഡ് മുന്നേറ്റത്തിനൊപ്പം സ്വർണ ഇടിഎഫുകളിൽ നിക്ഷേപിച്ചവർക്ക് മികച്ച നേട്ടവും ലഭിച്ചു. ഈ വർഷം ഇതുവരെ 72 ശതമാനം വരെയാണ് മുൻനിര ഗോൾഡ് ഇടിഎഫുകൾ നിക്ഷേപകർക്ക് നൽകിയ റിട്ടേൺ.

ഇക്കഴിഞ്ഞ നവംബറിൽ മാത്രം 3,741 കോടി രൂപയാണ് ഇ.ടി.എഫുകളിലേക്ക് ഒഴുകിയെത്തിയതെന്നും കണക്കുകൾ പറയുന്നു. തുടർച്ചയായ ഏഴാം മാസവും നിക്ഷേപകർക്ക് സ്വർണ ഇടിഎഫുകളോടുള്ള താത്പര്യം കുറഞ്ഞിട്ടില്ലെന്നാണ് അസോസിയേഷൻ ഓഫ് മ്യൂചൽ ഫണ്ട്സ് ഇൻ ഇന്ത്യയുടെ കണക്കുകൾവ്യക്തമാക്കുന്നത്.



### മുന്നേറ്റത്തിന് പിന്നിൽ ഫെഡ് ഉൾപ്പെടെയുള്ള കേന്ദ്ര ബാങ്കുകൾ

സ്വർണത്തിന് അനുകൂലമായത് അമേരിക്കൻ ഫെഡറൽ റിസർവ് ഉൾപ്പെടെയുള്ള കേന്ദ്ര ബാങ്കുകൾ പലിശ നിരക്ക് കുറയ്ക്കുമെന്ന പ്രതീക്ഷയാണ്. ബാങ്ക് നിക്ഷേപങ്ങൾക്കും സർക്കാർ ബോണ്ടുകൾക്കും പലിശ കുറയുന്നത് സ്വർണം, വെള്ളി പോലുള്ള ലോഹങ്ങളിലെ നിക്ഷേപം വർധിപ്പിക്കുമെന്നതാണ് പതിവ്. ഇക്കൊല്ലം യു.എസ് ഫെഡ് റിസർവ് മൂന്ന് തവണയാണ് 25 ബേസിസ് പോയിന്റുകൾ വീതം നിരക്ക് കുറച്ചത്.

അടുത്ത കൊല്ലവും നിരക്കിളവ് ഉറപ്പാണെന്നാണ് വിപണി കരുതുന്നത്. നിരക്ക് കുറക്കണമെന്ന നിലപാടിലാണ് യു.എസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപും. ഫെഡ് റിസർവിന്റെ അടുത്ത യോഗത്തിൽ തന്നെയും കേൾക്കണമെന്ന് ട്രംപ് ആവശ്യപ്പെട്ടിട്ടുണ്ട്.

### നിക്ഷേപത്തിന് കുറവില്ല

ഇടിഎഫുകളിലേക്കുള്ള തുടർച്ചയായ പണമൊഴുക്ക് വിപണിയിൽ ഡിമാൻഡ് നിലനിറുത്താനുള്ള സാഹചര്യമൊരുക്കുന്നു.

ഇത് വില ഉയരാനും കാരണമാകുന്നു. 2025 ൽ മാത്രം ഇ.ടി.എഫുകളിലേക്ക് 378.7 മില്യൻ ഡോളർ നിക്ഷേപമെത്തിയെന്നാണ് വേൾഡ് ഗോൾഡ് കൗൺസിലിന്റെ റിപ്പോർട്ട്.

### ഡോളറിന് ക്ഷീണം

പ്രധാന കറൻസികൾക്കെതിരെ അമേരിക്കൻ ഡോളറിന്റെ മൂല്യത്തിലും ഇക്കൊല്ലം ഇടിവുണ്ടായി. ഇതോടെ മറ്റ് കറൻസികളിൽ സ്വർണം വാങ്ങുന്നത് ലാഭകരമാക്കി. ഇത് ആഗോളതലത്തിൽ സ്വർണത്തിനുള്ള ഡിമാൻഡ് വർധിപ്പിച്ചു.

### സ്വർണവെള്ളി അനുപാതം

സ്വർണവും വെള്ളിയും തമ്മിലുള്ള വിലയുടെ അനുപാതം ദീർഘകാല ശരാശരിക്ക് അടുത്താണ്. ഒരു ഔൺസ് സ്വർണം വാങ്ങാൻ എത്ര ഔൺസ് വെള്ളി വേണ്ടി വരുമെന്നതിന്റെ അനുപാതമാണിത്.

നിലവിൽ 7075 റേഞ്ചിലാണ് ഇതുള്ളത്. ഈ അനുപാതം 6062 നിലയിലേക്ക് താഴ്ന്നാൽ വിലയിൽ വലിയ ചാഞ്ചാട്ടമുണ്ടാകുമെന്നാണ് വിദഗ്ധർ പറയുന്നത്.

### കുതിപ്പ് തുടരുമോ?

നിലവിലെ മുന്നേറ്റം ശക്തമാണെങ്കിലും വിപണിയിൽ അമിതമായ ആവേശം ഉണ്ടായേക്കാമെന്ന് ചോയ്സ് വെൽത്ത് തലവൻ അക്ഷത് ഗാർഗിന്റെ അഭിപ്രായം. അടിസ്ഥാനപരമായ ഘടകങ്ങൾ ശക്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിലയിൽ വലിയ വർധനവുണ്ടായതിനാൽ ലാഭമെടുക്കലിനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. എങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ സ്വർണ നിക്ഷേപം സുരക്ഷിതമാണെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.




# ഐപിഎൽ മിനി ലേലം; പൊന്നും വിലയ്ക്ക് വിളിച്ചെടുത്ത 5 താരങ്ങൾ

ഇന്ത്യൻ പ്രീമിയർ ലീഗ് (ഐപിഎൽ) 2026 ലെ മിനി-ലേലത്തിൽ ഇന്ത്യൻ, വിദേശ കളിക്കാർക്ക് മികച്ച നേട്ടം. 10 ഫ്രാഞ്ചൈസികൾ 25 കളിക്കാരുടെ വിൽപ്പന പൂർത്തിയാക്കി. ലേലത്തിലെ ഏറ്റവും വിലയേറിയ അഞ്ച് കളിക്കാരുടെ പട്ടികയിൽ ഓസ്ട്രേലിയൻ ഓൾറൗണ്ടർ കാമറൂൺ ഗ്രീൻ ഒന്നാമതെത്തി.

**കാമറൂൺ ഗ്രീൻ**
മൂന്ന് തവണ ചാംപ്യന്മാരായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് (കെകെആർ) 25.20 കോടി രൂപയ്ക്കാണ് താരത്തെ ടീമിലെത്തിച്ചത്. മുംബൈ ഇന്ത്യൻസ് (എംഐ) ആണ് താരത്തിനെ ആദ്യം നോട്ടമിട്ടതെങ്കിലും ഫ്രാഞ്ചൈസികളുടെ 57 ബിഡുകളും ഉൾപ്പെട്ട മത്സരത്തിനൊടുവിൽ ഗ്രീനിനെ കെകെആർ സ്വന്തമാക്കുകയായിരുന്നു.

**മതീഷ പതിരാന**
ഏറ്റവും വിലയേറിയ രണ്ടാമത്തെ കളിക്കാരൻ ശ്രീലങ്കൻ ഫാസ്റ്റ് ബൗളർ മതീഷ പതിരാനയായിരുന്നു. ലേലത്തിന് മുമ്പ് ചെന്നൈ സൂപ്പർ കിംങ്സ് (സിഎസ്കെ) റിലീസ് ചെയ്ത താരത്തെ കെകെആർ 18 കോടിക്ക് വാങ്ങി.

**പ്രശാന്ത് വീറും കാർത്തിക് ശർമ്മയും**
ഇന്ത്യൻ താരങ്ങളായ പ്രശാന്ത് വീറും കാർത്തിക് ശർമ്മയും പട്ടികയിൽ മൂന്നും നാലും സ്ഥാനങ്ങളിലാണ്. 14.20 കോടി രൂപയ്ക്ക് രണ്ട് കളിക്കാരെയും സിഎസ്കെ വാങ്ങി, ഐപിഎൽ ലേല ചരിത്രത്തിലെ ഏറ്റവും വിലയേറിയ അൺകാസ്റ്റ്ഡ് കളിക്കാരനായി.

**ലിയാം ലിവിംഗ്സ്റ്റൻ**
സൺറൈസേഴ്സ് ഹൈദരാബാദ് 13 കോടി രൂപയ്ക്ക് വാങ്ങിയ ഇംഗ്ലണ്ട് ഓൾറൗണ്ടർ ലിയാം ലിവിംഗ്സ്റ്റണാണ് ആദ്യ അഞ്ച് സ്ഥാനങ്ങളിൽ ഇടം നേടിയ മറ്റൊരു കളിക്കാരൻ. റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനായി മോശം സീസണിൽ കളിച്ചെങ്കിലും, ട്രാവിസ് ഹെഡ്, ഹെൻഡ്രിക് ക്ലാസൻ, പാറ്റ് കമ്മിൻസ് എന്നിവർക്കൊപ്പം ഇത്തവണ എസ്ആർഎച്ചിന്റെ വിദേശ കളിക്കാരുടെ പട്ടികയിൽ അദ്ദേഹത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്.ലേലത്തിൽ വിദേശ കളിക്കാരിൽ കാമറൂൺ ഗ്രീൻ, പതിരാന, ലിവിങ്സ്റ്റൺ എന്നിവരായിരുന്നു ഏറ്റവും വിലകൂടിയ മൂന്ന് താരങ്ങൾ.










# സഞ്ജുവിനും ഗില്ലിനും സ്ഥാന നഷ്ടം, റെക്കോർഡ് നേട്ടവുമായി വരുൺ ചക്രവർത്തി

പുതിയ ടി20 റാങ്കിംഗിൽ നേട്ടം കൊയ്ത് ഇന്ത്യൻ താരങ്ങളായ വരുൺ ചക്രവർത്തി, അർഷ്ദീപ് സിംഗ്, തിലക് വർമ എന്നിവർ. റെക്കോർഡ് റേറ്റിംഗ് പോയിന്റുമായി വരുൺ ഒന്നാം സ്ഥാനം നിലനിർത്തിയപ്പോൾ, സൂര്യകുമാർ യാദവിനും ശുഭ്മാൻ ഗില്ലിനും റാങ്കിംഗിൽ തിരിച്ചടി നേരിട്ടു. ബൗളർമാരിൽ ഒന്നാം സ്ഥാനം നിലനിർത്തിയ വരുൺ ചക്രവർത്തി ഒന്നാ സ്ഥാനത്ത് ഒരു ഇന്ത്യൻ ബൗളർക്ക് കിട്ടുന്ന ഏറ്റവും ഉയർന്ന റേറ്റിംഗ് പോയൻറ്(818) സ്വന്തമാക്കി. 2017ൽ ബുമ്ര നേടിയിരുന്ന 783 റേറ്റിംഗ് പോയൻറിൻറെ റെക്കോർഡാണ് ചക്രവർത്തി മറികടന്നത്.ദക്ഷിണാഫ്രിക്കക്കെിരായ ടി20 പരമ്പരയിൽ മികവ് കാട്ടിയതോടെ ബൗളർമാരുടെ റാങ്കിംഗിൽ നാലു സ്ഥാനം ഉയർന്ന ഇന്ത്യൻ പേസർ അർഷ്ദീപ് സിംഗ് പതിനാറാം സ്ഥാനത്തെത്തി. സഞ്ജു സാംസണും റാങ്കിംഗിൽ തിരിച്ചടി നേരിട്ടു. പുതിയ റാങ്കിംഗിൽ മൂന്ന് സ്ഥാനം താഴേക്കിറങ്ങിയ സഞ്ജു 46-ാം സ്ഥാനത്താണ്. ബൗളിംഗ് റാങ്കിംഗിൽ 14 സ്ഥാനം മെച്ചപ്പെടുത്തി 25-ാം സ്ഥാനത്തെത്തിയ ദക്ഷിണാഫ്രിക്കയുടെ മാർക്കോ യാൻസനാണ് ഏറ്റവുമധികം നേട്ടം കൊയ്ത മറ്റൊരു ബൗളർ.

ദക്ഷിണാഫ്രിക്കക്കെതിരായ രണ്ടാം ടി20യിൽ അർധസെഞ്ചുറിയുമായി തിളങ്ങിയ ഇന്ത്യൻ താരം തിലക് വർമ രണ്ട് സ്ഥാനം ഉയർന്ന് ബാറ്റിംഗ് റാങ്കിംഗിൽ നാലാം സ്ഥാനത്തെത്തി.ദക്ഷിണാഫ്രിക്കക്കെതിരായ പരമ്പരയിൽ വലിയൊരു ഇന്നിംഗ്സ് കളിക്കാനായില്ലെങ്കിലും 909 റേറ്റിംഗ് പോയൻറുമായി അഭിഷേക് ശർമ ഒന്നാം സ്ഥാനം നിലനിർത്തി.മോശം ഫോം തുടരുന്ന ഇന്ത്യൻ ക്യാപ്റ്റൻ സൂര്യകുമാർ യാദവ് ഒരു സ്ഥാനം താഴേക്കിറങ്ങി പത്താം സ്ഥാനത്താണ്. മോശം ബാറ്റിംഗ് തുടർന്നാൽ മുൻ ഒന്നാം റാങ്കുകാരനായ സൂര്യകുമാർ വൈകാതെ ടോപ് 10ൽ നിന്ന് പുറത്താവും.ശുഭ്മാൻ ഗിൽ രണ്ട് സ്ഥാനം താഴേക്കിറങ്ങി 30-ാം സ്ഥാനത്തേക്ക് വീണു.ക്ഷിണാഫ്രിക്കൻ നായകൻ ഏയ്ഡൻ മാർക്രം പുതിയ റാങ്കിംഗിൽ എട്ട് സ്ഥാനം താഴേക്കിറങ്ങി 29-ാം സ്ഥാനത്തെത്തി.

# പപ്പുയാദവിന്റെ മകൻ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിൽ

ഇന്ത്യൻ രാഷ്ട്രീയത്തിൽ എന്നും വിവാദങ്ങളുടെ നായകനാണ് പപ്പു യാദവ്. ഐ.പി. എൽ താരലേലത്തിനു പിന്നാലെ പപ്പു യാദവ് വീണ്ടും വാർത്തകളിൽ ഇടം പിടിച്ചിരിക്കുന്നു.വിവാദ പരാമർശങ്ങളോ, കുറ്റകൃത്യങ്ങളോ ഒന്നുമില്ലാതെയാണ് പാർലമെന്റ് അംഗമായ ഇദ്ദേഹം ഏറ്റവും ഒടുവിൽ ദേശീയ മാധ്യമ ശ്രദ്ധ നേടിയത്.ചൊവ്വാഴ്ച അബുദബിയിൽ നടന്ന താരലേലത്തിൽ പപ്പുയാദവിന്റെ മകനും ഡൽഹി ക്രിക്കറ്റ് താരവുമായ സാർഥക് രഞ്ജനെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് വിളിച്ചെടുത്തതാണ് പുതിയ വിശേഷം.ഡൽഹിക്കായി രഞ്ജിയിലും വിജയ് ഹസാരെ ട്രോഫിയിലും സയ്ദ് മുഷ്താഖ് അലിട്രോഫിയിലും കളത്തിലിറങ്ങിയ സാർഥകിനെ 30 ലക്ഷം എന്ന അടിസ്ഥാന വിലയിലാണ് കൊൽക്കത്ത സ്വന്തമാക്കിയത്. 29കാരനായ സാർഥക് രഞ്ജൻ ഓൾറൗണ്ട് താരമാണ്. വലംകൈയൻ ബാറ്റും സ്പിൻ ബൗളിങ്ങുമായി ഡൽഹിക്കായി വിവിധ ടീമുകളിൽ കളിച്ചു. 2018ൽ ഡൽഹി അണ്ടർ 23 ടീമിൽ രഞ്ജൻ യാദവ് ഇടം പിടിച്ചത് വലിയ വിവാദമായി മാറിയിരുന്നു. മത്സരപരിചയമൊന്നുമില്ലാതെ നേരിട്ട് ടീമിൽ ഇടം നൽകിയെന്നായിരുന്നു ആരോപണം. എന്നാൽ, തുടർന്നുള്ള സീസണുകളിൽ പ്രകടം മെച്ചപ്പെടുത്തിയാണ് രഞ്ജൻ ക്രീസിൽ സ്ഥിരസാന്നിധ്യമായി മാറിയത്.





# 'ഗില്ലിന് നഷ്ടപ്പെടാൻ ഒന്നുമില്ല, കിട്ടുന്നതെല്ലാം ബോണസ്', മുൻ ചീഫ് സെലക്ടർ





ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടി20 പരമ്പരയിൽ ഓപ്പണറെന്ന നിലയിൽ നിരാശപ്പെടുത്തിയ ഇന്ത്യൻ വൈസ് ക്യാപ്റ്റൻ ശുബ്മാൻ ഗില്ലിന് മുൻ ചീഫ് സെലക്ടർ കൃഷ്ണമാചാരി ശ്രീകാന്തിന്റെ ഉപദേശം. കരിയറിലെ ഏറ്റവും മോശം ഫോമിലുള്ള ശുബ്മാൻ ഗില്ലിന് നഷ്ടപ്പെടാൻ ഒന്നുമില്ല, ലഭിക്കുന്നതെല്ലാം ഒരു ബോണസായി കണ്ട് വരാനിരിക്കുന്ന മത്സരങ്ങളെ സമീപിക്കണമെന്ന് ശ്രീകാന്ത് സ്റ്റാർ സ്പോർട്സിലെ ഒരു ടോക്ക് ഷോയിൽ പറഞ്ഞു.ഗില്ലിന് അദ്ദേഹം നൽകുന്ന ഒരേയൊരു ഉപദേശം, ഇതിലും താഴേക്ക് പോകാൻ കഴിയില്ല എന്നതാണ്. അതിനാൽ തിരിച്ചുവരവിൽ പരിഭ്രാന്തരാകേണ്ടതില്ല. ഇതുവരെ അധികം റൺസ് നേടിയിട്ടില്ല എന്ന വസ്തുത ആദ്യം അംഗീകരിക്കുക.അതിനുശേഷം, അനിശ്ചിതത്വത്തിന്റെ ഒരു കണിക പോലും അവശേഷിപ്പിക്കാതെ സ്വതന്ത്രമായി ബാറ്റ് ചെയ്യുക. കാരണം ഇപ്പോൾ നിങ്ങൾക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. നിങ്ങൾക്ക് ലഭിക്കുന്നതെല്ലാം ഒരു നേട്ടമാണ്. ക്രീസിലെത്തിയാൽ ആദ്യം ഒരു പന്തിൽ ഒരു റൺ വെച്ച് സ്കോർ ചെയ്യാൻ ശ്രമിക്കുക. ആദ്യ 30 പന്തിൽ ഒറു 30-40 റൺസൊക്കെ എടുത്തശേഷം ആത്മവിശ്വാസം തിരിച്ചുപിടിച്ച് സ്വതന്ത്രനായി കളിക്കുക. റണ്ണുകളെക്കുറിച്ച് നിങ്ങൾ ചിന്തിക്കേണ്ട. കാരണം, മറുവശത്ത് അഭിഷേക് ശർമയോ തിലക് വർമയോ സ്കോറിംഗിൻറെ ഉത്തരവാദിത്തം ഏറ്റെടുത്തോളുമെന്നും ശ്രീകാന്ത് പറഞ്ഞു.

# ഫിഫയുടെ ദി ബെസ്റ്റ് പുരുഷ താരമായി ഒസ്മാൻ ഡെംബലെ; എയ്റ്റാന ബോൺമാറ്റി മികച്ച വനിതാ താരം





ബാലൺ ദ ഓർ പുരസ്കാരത്തിന് പിന്നാലെ ഈ വർഷത്തെ ഫിഫ ദ ബെസ്റ്റ് പുരസ്കാരവും ഫ്രഞ്ച് സ്ട്രൈക്കർ ഒസ്മാൻ ഡെംബലെയും ബാഴ്സലോണയുടെ ഐറ്റാന ബോൺമാറ്റിയും സ്വന്തമാക്കി.മികച്ച പുരുഷ താരമായി പിഎസ്ജിയുടെ ഡെംബലെയെ തിരഞ്ഞെടുത്തപ്പോൾ, വനിതാ വിഭാഗത്തിൽ ബാഴ്സലോണയുടെ ബോൺമാറ്റിയെയാണ് തിരഞ്ഞെടുത്തത്. ഇത് തുടർച്ചയായ മൂന്നാം തവണയാണ് ഐറ്റാന ബോൺമാറ്റി ഫിഫ ദ ബെസ്റ്റ് പുരസ്കാരം നേടുന്നത് എന്ന പ്രത്യേകതയുമുണ്ട്.ലയണൽ മെസ്സിക്കും നെയ്മറിനും എംബാപ്പെയ്ക്കും പോലും നേടിക്കൊടുക്കാൻ സാധിക്കാത്ത ചാമ്പ്യൻസ് ലീഗ് കിരീടം പിഎസ്ജിക്ക് സ്വന്തമാക്കിക്കൊടുത്തതാണ് ഡെംബലെയെ പുരസ്കാരത്തിന് അർഹനാക്കിയത്.കഴിഞ്ഞ സീസണിൽ പിഎസ്ജി കുപ്പായത്തിൽ ആകെ 53 മത്സരങ്ങളിൽ നിന്ന് 35 ഗോളുകളും 16 അസിസ്റ്റുകളുമാണ് ഡെംബലെ ടീമിനായി സംഭാവന ചെയ്തത്.ഫ്രഞ്ച് ലീഗ് കിരീടം, ഫ്രഞ്ച് കപ്പ്, ചാമ്പ്യൻസ് ലീഗ്, ഫിഫ ക്ലബ് വേൾഡ് കപ്പ് റണ്ണേഴ്സ് അപ്പ് എന്നിവയെല്ലാം ടീമിന്റെ പ്രധാന നേട്ടങ്ങളാണ്. പിഎസ്ജി മുന്നോട്ടുവെച്ച ഹൈ പ്രെസ്സിങ് ഗെയിമിന്റെ ആണിക്കല്ലായി പ്രവർത്തിച്ചതും ഡെംബലെയായിരുന്നു.

# രാജസ്ഥാനിൽ വീണ്ടും മലയാളി തിളക്കം; വിഘ്നേഷ് പുത്തൂർ ടീമിൽ

ചൈനാമാൻ സ്പിന്നറായ മലയാളി താരം വിഘ്നേഷ് പുത്തൂരിനെ സ്വന്തമാക്കി രാജസ്ഥാൻ റോയൽസ്.അടിസ്ഥാന വിലയായ 30 ലക്ഷം രൂപക്കാണ് വിഘ്നേഷിനെ രാജസ്ഥാൻ സ്വന്തമാക്കിയത്. കഴിഞ്ഞ സീസണിൽ മുംബൈ ഇന്ത്യൻസ് താരമായിരുന്നു വിഘ്നേഷ് പുത്തൂർ .കഴിഞ്ഞ സീസണിലും 30 ലക്ഷം രൂപക്കാണ് വിഘ്നേഷ് മുംബൈയിലെത്തിയത്. കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിന്റെ താരമായിരുന്ന വിഘ്നേഷിന് പരിക്കുമൂലം ഭൂരിഭാഗം മത്സരങ്ങളും നഷ്ടമായിരുന്നു.എന്നാൽ മുഷ്താഖ് അലി ട്രോഫിയിൽ കേരളത്തിനായി സീനിയർ തലത്തിൽ അരങ്ങേറ്റം കുറിച്ച വിഘ്നേഷ് നാലു മത്സരങ്ങളിൽ ആറ് വിക്കറ്റ് നേടി തിളങ്ങി. ചത്തീസ്ഗഢിനെതിരെ 29 റൺസ് വഴങ്ങി രണ്ട് വിക്കറ്റെടുത്തതാണ് മികച്ച പ്രകടനം. കേരളത്തിനായി നേരത്തെ അണ്ടർ 14,19,23 ടീമുകളിൽ വിഘ്നേഷ് കളിച്ചിട്ടുണ്ടെങ്കിലും സീനിയർ തലത്തിൽ കളിക്കുന്നത് ആദ്യമായിട്ടായിരുന്നു.



# നിങ്ങൾ രോഗം വരാതെ ശ്രദ്ധിക്കാൻ ഡോക്ടർമാർ നിർദ്ദേശിക്കുന്ന 9 കാര്യങ്ങൾ



കുട്ടികൾക്ക് അസുഖം വരുമ്പോൾ മാതാപിതാക്കൾക്ക്രോഗംവരാനുള്ളസാധ്യത വളരെ കൂടുതലാണ്. കുട്ടികളുമായി അടുത്തിടപഴകുന്നതിനാലും അവരുടെആവശ്യങ്ങൾനിറവേറ്റുന്നതിനിടയിൽ സ്വന്തം കാര്യങ്ങൾ ശ്രദ്ധിക്കാൻ സമയം കിട്ടാതെ വരുന്നതിനാലും പലപ്പോഴുംവീട്ടിലെ രോഗംആദ്യംബാധിക്കുന്നത് മാതാപിതാക്കളെയായിരിക്കും. എന്നാൽ, വീട്ടിൽ എല്ലാവർക്കും അസുഖമുള്ളപ്പോൾ പോലും നിങ്ങൾ ആരോഗ്യവാനായി തുടരാൻ സഹായിക്കുന്ന ചില ലളിതമായ ശീലങ്ങൾ ഡോക്ടർമാർ നിർദ്ദേശിക്കുന്നു.

**1. കൈകൾ കഴുകൽ:** പ്രതിരോധത്തിലെ ഒന്നാം സ്ഥാനം രോഗാണുക്കളെ അകറ്റാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഇടയ്ക്കിടെ കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുക എന്നതാണ്. കുട്ടികളെ പരിചരിച്ച ശേഷവും, ആഹാരം കഴിക്കുന്നതിന് മുൻപും, മുഖത്ത് സ്പർശിക്കുന്നതിന് മുൻപും നിർബന്ധമായും കൈകൾ കഴുകുക.

**2. മുഖത്ത് സ്പർശിക്കരുത്:** കൈകളിൽ രോഗാണുക്കൾ ഉണ്ടാവാമെന്നതിനാൽ, കണ്ണുകൾ, മൂക്ക്, വായ എന്നിവിടങ്ങളിൽ സ്പർശിക്കുന്നത് പരമാവധി ഒഴിവാക്കുക. ഇത് അണുക്കൾ ശരീരത്തിനുള്ളിലേക്ക് പ്രവേശിക്കുന്നത് തടയാൻ സഹായിക്കും.

**3. അണുനാശിനി ഉപയോഗിച്ച് തുടയ്ക്കുക:** വാതിൽപ്പിടികൾ, റിമോട്ടുകൾ, ടോയ്‌ലെറ്റ് ഫ്ളഷുകൾ തുടങ്ങിയ ആളുകൾ സ്ഥിരമായി സ്പർശിക്കുന്ന സ്ഥലങ്ങൾ അണുനാശിനി ഉപയോഗിച്ച് ഇടയ്ക്കിടെ തുടയ്ക്കുന്നത് രോഗവ്യാപനം കുറയ്ക്കും.

**4. മാസ്ക് ധരിക്കുക:** രോഗമുള്ളവർക്ക് മാസ്ക് നൽകുന്നതിനൊപ്പം, അവരെ പരിചരിക്കുന്നവരും മാസ്ക് ധരിക്കുന്നത് അണുക്കൾ ശ്വസിക്കുന്നത് തടയാൻ സഹായിക്കും.

**5. ശരിയായ ഉറക്കം:** പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ ഉറക്കം അത്യന്താപേക്ഷിതമാണ്. 78 മണിക്കൂർ തുടർച്ചയായ ഉറക്കം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

**6. പോഷക സമൃദ്ധമായ ഭക്ഷണം:** വൈറ്റമിനുകളും ധാതുക്കളും അടങ്ങിയ സമീകൃതാഹാരം കഴിക്കുന്നത് പ്രതിരോധശേഷി കൂട്ടും. പ്രത്യേകിച്ച്, വൈറ്റമിൻ സി, സിങ്ക് എന്നിവ അടങ്ങിയ ഭക്ഷണങ്ങൾ ഉൾപ്പെടുത്തുക.

7. സ്വന്തമായി ഉപകരണങ്ങൾ: രോഗമുള്ളവരുമായി പാത്രങ്ങൾ, ടവ്വലുകൾ, വെള്ളം കുടിക്കുന്ന ഗ്ലാസ്സുകൾ എന്നിവ പങ്കുവെക്കുന്നത് കർശനമായി ഒഴിവാക്കുക.

**8. ശരീരം ഹൈഡ്രേറ്റ് ചെയ്യുക:** ധാരാളം വെള്ളം കുടിക്കുന്നത് ശരീരത്തിലെ വിഷവസ്തുക്കളെ പുറന്തള്ളാനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും സഹായിക്കും.

**9. സമ്മർദ്ദം നിയന്ത്രിക്കുക:** അമിതമായ മാനസിക സമ്മർദ്ദം പ്രതിരോധശേഷി കുറയ്ക്കും. ലഘുവ്യായാമങ്ങൾ, ധ്യാനം, ഇഷ്ടമുള്ള കാര്യങ്ങളിൽ ഏർപ്പെടൽ എന്നിവയിലൂടെ സമ്മർദ്ദം നിയന്ത്രിക്കുക.

ഈ ലളിതമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിലൂടെ, വീട്ടിൽ മറ്റുള്ളവർക്ക് രോഗമുണ്ടാകുമ്പോൾ നിങ്ങൾക്കും അസുഖം വരാനുള്ള സാധ്യത ഗണ്യമായി കുറയ്ക്കാൻ സാധിക്കുമെന്ന് ഡോക്ടർമാർ പറയുന്നു.

# കുട്ടികൾക്ക് സ്ക്രീൻ ടൈം കൂടുന്നു; പുതിയ പഠന റിപ്പോർട്ട്



കോവിഡ് മഹാമാരിക്ക് ശേഷമുള്ള കാലഘട്ടത്തിൽ, കുട്ടികൾ മൊബൈൽ ഫോണുകളിലും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളിലും ചെലവഴിക്കുന്ന സമയം ക്രമാതീതമായി വർധിച്ചുവെന്നും, ഇത് നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ പല മാതാപിതാക്കളും പരാജയപ്പെടുന്നുവെന്നും പുതിയ പഠനം വ്യക്തമാക്കുന്നു. സ്ക്രീൻടൈംനിയന്ത്രിക്കുന്നതിൽബുദ്ധിമുട്ടനുഭവിക്കുന്ന ഒരേയൊരു മാതാപിതാവ് നിങ്ങളല്ല എന്ന് ഈ പഠനം തെളിയിക്കുന്നു.

കോവിഡ് കാലത്തെ ലോക്ക്ഡൗണുകളും സ്കൂളടച്ചിടലുകളും കുട്ടികളെ സ്ക്രീനുകളുമായി അടുപ്പിച്ചു. ഓൺലൈൻക്ലാസുകളുംവിനോദത്തിനായി മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതിരുന്നതും ഇതിന് കാരണമായി. പല മാതാപിതാക്കളും വീട്ടിലിരുന്ന് ജോലി ചെയ്ത സമയത്ത്, കുട്ടികൾക്ക് സ്ക്രീൻ ടൈം നൽകുന്നത് ജോലിയെ തടസ്സപ്പെടുത്താതിരിക്കാൻ ഒരു എളുപ്പവഴിയായി കണ്ടിരുന്നു. എന്നാൽ, മഹാമാരിക്ക് ശേഷം ജീവിതംസാധാരണനിലയിലേക്ക്തിരികെ വന്നിട്ടും, ഈ ശീലം മാറ്റിയെടുക്കാൻ ഭൂരിഭാഗം രക്ഷിതാക്കൾക്കും സാധിക്കുന്നില്ല.

ഈ വിഷയത്തിൽ ഗവേഷണം നടത്തിയ വിദഗ്ധർ, കുട്ടികളുടെ സ്ക്രീൻ ടൈം നിയന്ത്രിക്കാൻ ശ്രമിക്കുന്നതിൽ പരാജയപ്പെടുന്ന മാതാപിതാക്കൾക്ക് മാനസിക പിന്തുണ നൽകേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു. പലപ്പോഴും കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിലും പരിധികൾ വെക്കുന്നതിലും മാതാപിതാക്കൾക്ക് ആശയക്കുഴപ്പമുണ്ട്. മറ്റുള്ളവർ അവരുടെ കുട്ടികളെ എങ്ങനെയാണ് വളർത്തുന്നത് എന്നതിനെക്കുറിച്ചുള്ള ആകാംക്ഷയും ഈ ബുദ്ധിമുട്ട് വർദ്ധിപ്പിക്കുന്നു.

ഓരോ മാതാപിതാക്കളും അവരവരുടെ സാഹചര്യം അനുസരിച്ച് സ്ക്രീൻ ടൈം നിയന്ത്രിക്കുന്നതിൽ വ്യക്തമായ മാർഗ്ഗരേഖ ഉണ്ടാക്കണം. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് തടസ്സമാകാത്ത രീതിയിൽ സമയം ക്രമീകരിക്കാൻ ശ്രദ്ധിക്കണം. ഏറ്റവും പ്രധാനമായി, സ്ക്രീൻ ടൈം നിയന്ത്രിക്കുന്നതിൽ തങ്ങൾ ഒറ്റയ്ക്കല്ല എന്ന ചിന്ത മാതാപിതാക്കൾക്ക് ആശ്വാസം നൽകുമെന്നും പഠനം പറയുന്നു. ഈ വിഷയം പൊതുവായി ചർച്ച ചെയ്യപ്പെടുന്നതിലൂടെ ആരോഗ്യകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുമെന്നും വിദഗ്ധർ പ്രതീക്ഷിക്കുന്നു.

# ജോലിയിൽ നിന്ന് 'വിട്ടുനിൽക്കൽ' മില്ലേനിയലുകൾക്ക് കുറ്റബോധം തോന്നിക്കുന്നത് എന്തുകൊണ്ട്?



ഡിജിറ്റൽ യുഗത്തിൽ ജോലി സമയം അവസാനിച്ചാലും കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളും വഴിയുള്ള ആശയവിനിമയങ്ങൾ തുടരുന്നത് മില്ലേനിയൽ ജീവനക്കാരിൽ വലിയ മാനസിക സമ്മർദ്ദമുണ്ടാക്കുന്നു. ജോലിയിൽ നിന്ന് പൂർണമായി വിട്ടുനിൽക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ പോലും ഈ വിഭാഗത്തിലുള്ള പലർക്കും കുറ്റബോധം തോന്നുന്നതായി പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ കോർപ്പറേറ്റ് ലോകത്തെ ജീവനക്കാരിൽ ബേൺഔട്ട് വ്യാപകമാകുന്ന സാഹചര്യത്തിലാണ് ഈ കണ്ടെത്തൽ പ്രസക്തമാകുന്നത്.

'എപ്പോഴും ഓൺ' എന്ന തൊഴിൽ സംസ്കാരമാണ് ഈ കുറ്റബോധത്തിന് പിന്നിലെ പ്രധാന കാരണം. മില്ലേനിയൽ ജീവനക്കാർ വളർന്നുവന്ന ചുറ്റുപാടിൽ, ഉൽപ്പാദനക്ഷമതയും കഠിനാധ്വാനവും അവരുടെ സ്വത്വത്തിന്റെ ഭാഗമായി മാറി. ഒഴിവു സമയങ്ങളിൽ ജോലിയിൽ നിന്ന് സ്വിച്ച് ഓഫ് ചെയ്യുന്നത് ടീമിനെ നിരാശപ്പെടുത്തുന്നതിന് തുല്യമായി അവർ കണക്കാക്കുന്നു. തങ്ങളുടെ മാതാപിതാക്കൾ കഠിനാധ്വാനം ചെയ്യുന്നത് കണ്ടാണ് പലരും വളർന്നത്. അതോടൊപ്പം, സാമ്പത്തികമാന്ദ്യങ്ങൾനേരിട്ടതുംതൊഴിൽവിപണിയിലെകടുത്തമത്സരംമനസ്സിലാക്കിയതും ഈ ചിന്താഗതിക്ക് ശക്തി നൽകി.

കോളുകൾക്കും മെയിലുകൾക്കും ഉടനടി മറുപടി നൽകുന്നതാണ് ജോലിയോടുള്ള പ്രതിബദ്ധതയുടെ ലക്ഷണമായി കണക്കാക്കപ്പെട്ടിരുന്നത്. അതുകൊണ്ട് തന്നെ, വിശ്രമമെടുക്കുന്നത് തങ്ങൾക്ക് ജോലി നഷ്ടപ്പെടാനോ അല്ലെങ്കിൽ തങ്ങൾ ജോലിയിൽ അത്ര ഗൗരവമുള്ളവരല്ല എന്ന് മറ്റുള്ളവർക്ക് തോന്നാനോ ഇടയാക്കുമെന്ന് മില്ലേനിയലുകൾ ഭയപ്പെടുന്നു. ഈ പഴയ ചിന്താഗതിയും ശീലവുമാണ് അവർക്ക് കുറ്റബോധം സമ്മാനിക്കുന്നത്.

എന്നാൽ, പുതിയ തലമുറയായ 'ജെൻ സെഡ്' ഈ കാര്യത്തിൽ വ്യക്തമായ അതിരുകൾ നിശ്ചയിക്കുന്നതിൽ വളരെ മുന്നിലാണ്. മാനസികാരോഗ്യത്തെക്കുറിച്ച് കൂടുതൽ അവബോധമുള്ള അവർ, ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നതിൽ യാതൊരു കുറ്റബോധവും കാണിക്കുന്നില്ല.

ഓരോ വ്യക്തിക്കും ജോലി സമയത്തിന് ശേഷം ഡിജിറ്റൽ ആശയവിനിമയങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ നിയമപരമായ അവകാശം നൽകുന്ന 'റൈറ്റ് ടു ഡിസ്കണക്ട്ബിൽ' ഇന്ത്യയുടെപാർലമെന്റിൽ അവതരിപ്പിക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ ജീവനക്കാരുടെ മാനസികാരോഗ്യത്തിന് ഒരു ആശ്വാസമാകും. എങ്കിലും, ഒരു നിയമം കൊണ്ട് മാത്രം മാറേണ്ടതല്ല, സ്ഥാപനങ്ങളുടെ തൊഴിൽ സംസ്കാരം മാറേണ്ടത് അത്യാവശ്യമാണെന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നു.

# തലച്ചോറിന് ആവശ്യമായ 'ആ രണ്ട് പോഷകങ്ങൾ' കുറഞ്ഞാൽ ഉത്കണ്ഠ കൂടും



ആധുനിക ജീവിതത്തിലെ തിരക്കുകൾക്കിടയിൽ പലരെയും അലട്ടുന്ന ഒരു പ്രശ്നമാണ് അമിതമായ ഉത്കണ്ഠ അഥവാ ആശങ്ക. മരുന്നുകളും തെറാപ്പിയും സാധാരണയായി ഇതിന് പരിഹാരമായി നിർദ്ദേശിക്കാറുണ്ടെങ്കിലും, നമ്മുടെ ഭക്ഷണക്രമം ഈ അവസ്ഥയിൽ വലിയ പങ്ക് വഹിക്കുന്നുണ്ട് എന്ന് സമീപകാല പഠനങ്ങൾ വെളിപ്പെടുത്തുന്നു. നമ്മൾ കഴിക്കുന്ന ഭക്ഷണം നമ്മുടെ മാനസികാരോഗ്യത്തെ, പ്രത്യേകിച്ച് ഉത്കണ്ഠാ ലക്ഷണങ്ങളെ എത്രത്തോളം സ്വാധീനിക്കുന്നു എന്ന് ഗവേഷകർ വിശദീകരിക്കുന്നു.

തലച്ചോറിന്റെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായ ചില പോഷകങ്ങൾ കുറയുന്നത് ഉത്കണ്ഠാ രോഗങ്ങളിലേക്ക് നയിച്ചേക്കാം. ഇതിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട രണ്ട് പോഷകങ്ങളാണ് കോളിനും മഗ്നീഷ്യവും. ഇവയുടെ കുറവ് തലച്ചോറിലെ രാസപ്രവർത്തനങ്ങളെ താളം തെറ്റിക്കാൻ സാധ്യതയുണ്ട്.

**കോളിൻ:** മാനസികാവസ്ഥയെ നിയന്ത്രിക്കുന്നത് തലച്ചോറിലെ ന്യൂറോമെറ്റാബോളൈറ്റുകളിൽ ഒന്നായ കോളിന്റെ അളവ് കുറയുന്നത് ഉത്കണ്ഠാ രോഗങ്ങളുള്ളവരിൽ സാധാരണമാണെന്ന് ഗവേഷകർ കണ്ടെത്തിയിരിക്കുന്നു. ചിന്തകളെയും വികാരങ്ങളെയും നിയന്ത്രിക്കുന്ന പ്രീഫ്രോണ്ടൽ കോർട്ടെക്സിലാണ് കോളിന്റെ കുറവ് ഏറ്റവും പ്രകടമായി കാണുന്നത്. കോശസ്തരങ്ങളുടെ നിർമ്മാണത്തിനും ഓർമ്മശക്തി, മാനസികാവസ്ഥ എന്നിവ നിയന്ത്രിക്കുന്നതിനും കോളിൻ അത്യന്താപേക്ഷിതമാണ്. മുട്ടയുടെ മഞ്ഞ, മാംസം, മീൻ, സോയാബീൻസ്, കാബേജ്, ബ്രൊക്കോളി തുടങ്ങിയ പച്ചക്കറികളിൽ കോളിൻ ധാരാളമായി അടങ്ങിയിരിക്കുന്നു.

**മഗ്നീഷ്യവും സമ്മർദ്ദ നിയന്ത്രണവും :** മഗ്നീഷ്യത്തെ പലപ്പോഴും 'വിശ്രമത്തിനായുള്ള ധാതു' എന്നാണ് വിശേഷിപ്പിക്കുന്നത്. നാഡീവ്യവസ്ഥയെ നിയന്ത്രിക്കാനും ശരീരത്തിന്റെ സമ്മർദ്ദത്തോടുള്ള പ്രതികരണം ലഘൂകരിക്കാനും ഇത് സഹായിക്കുന്നു. ശരീരത്തിൽ മഗ്നീഷ്യം കുറയുമ്പോൾ, സമ്മർദ്ദ ഹോർമോണായ കോർട്ടിസോളിന്റെ അളവ് കൂടുകയും ശരീരം കൂടുതൽ ക്ഷീണിക്കുകയും അസ്വസ്ഥമാകുകയും ചെയ്യും. ഇത് ഉത്കണ്ഠ വർദ്ധിപ്പിക്കും. മത്തങ്ങ വിത്തുകൾ, ചീര, ബദാം, കറുത്ത ചോക്ലേറ്റ്, കശുവണ്ടിപ്പരിപ്പ് എന്നിവ മഗ്നീഷ്യത്തിന്റെ മികച്ച ഉറവിടങ്ങളാണ്.

ദിവസേനയുള്ള ഭക്ഷണത്തിൽ ആരോഗ്യകരമായ പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും ഉൾപ്പെടുത്തുന്നത് മാനസികാരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ, പോഷകാഹാര വിദഗ്ദ്ധരുമായി കൂടിയാലോചിക്കാതെ അമിതമായി സപ്ലിമെന്റുകൾ കഴിക്കുന്നത് ഒഴിവാക്കണമെന്നും സമീകൃതാഹാരം ഉറപ്പാക്കുന്നത് ഉത്കണ്ഠയെ പ്രതിരോധിക്കാനുള്ള മികച്ച മാർഗ്ഗമാണെന്നും ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു.

# 60 ലക്ഷം ഉപയോക്താക്കളുള്ള വി.പി.എൻ ക്രോം എക്സ്റ്റൻഷൻ എഐ ചാറ്റുകൾ ചോർത്തി വിറ്റു!

ജനപ്രിയ എഐ ചാറ്റ്ബോട്ടുകളിൽ ഉപയോക്താക്കൾ നൽകുന്ന വിവരങ്ങൾ ചോർത്തുന്ന ഗുരുതരമായ സുരക്ഷാ വീഴ്ച ഒരു പ്രമുഖ ഗൂഗിൾ ക്രോം എക്സ്റ്റൻഷനിൽ കണ്ടെത്തി. ആറ് ദശലക്ഷത്തിലധികം ഉപയോക്താക്കൾ ഉപയോഗിക്കുന്നതും ക്രോം വെബ് സ്റ്റോറിൽ 'ഫീച്ചേർഡ് ' ബാഡ്ജ് ലഭിച്ചതുമായ 'Urban VPN Proxy' എന്ന വി.പി.എൻ എക്സ്റ്റൻഷനാണ് ഈ ഡാറ്റാ മോഷണത്തിന് പിന്നിൽ. ഓപ്പൺ എഐയുടെ ചാറ്റ്ജിപിടി, ഗൂഗിളിന്റെ ജെമിനി, Microsoft Copilot, Perplextiy തുടങ്ങി വിവിധ എഐ പ്ലാറ്റ്ഫോമുകളിലെ ഉപയോക്താക്കളുടെ എല്ലാ സംഭാഷണങ്ങളും ഈ എക്സ്റ്റൻഷൻ രഹസ്യമായി ശേഖരിക്കുകയായിരുന്നു.



പ്രമുഖ സൈബർ സുരക്ഷാ ഗവേഷണ സ്ഥാപനമാണ് ഈ കണ്ടെത്തൽ പുറത്തുവിട്ടത്. വി.പി.എൻ സൗകര്യം വാഗ്ദാനം ചെയ്ത് സ്വകാര്യത ഉറപ്പാക്കുമെന്ന് അവകാശപ്പെടുന്ന ഈ എക്സ്റ്റൻഷൻ, 2025 ജൂലൈയിൽ വന്ന ഒരു അപ്ഡേറ്റിലൂടെയാണ് എഐ ചാറ്റുകൾ ചോർത്താനുള്ള കോഡ് ഉൾപ്പെടുത്തിയത്. ഉപയോക്താക്കൾ എഐ ചാറ്റ്ബോട്ടുകൾ സന്ദർശിക്കുമ്പോൾ, അവരുടെ 'പ്രോംപ്റ്റുകൾ' (ചോദിക്കുന്ന ചോദ്യങ്ങൾ), ചാറ്റ്ബോട്ടിന്റെ പ്രതികരണങ്ങൾ, സംഭാഷണങ്ങളുടെ സമയ വിവരങ്ങൾ എന്നിവയടക്കം ചോർത്തി എക്സ്റ്റൻഷന്റെ സെർവറുകളിലേക്ക് അയക്കുകയായിരുന്നു.

കൂടുതൽ ഞെട്ടിക്കുന്ന വസ്തുത, ഈ വിവരശേഖരണം വി.പി.എൻ ഓൺ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചുള്ളതല്ല എന്നതാണ്. മാത്രമല്ല, എക്സ്റ്റൻഷന്റെ സെറ്റിങ്സിൽ പോയി ഇത് ഓഫ് ചെയ്യാനുള്ള ഓപ്ഷനും ഉപയോക്താക്കൾക്ക് നൽകിയിരുന്നില്ല. ഡാറ്റാ ബ്രോക്കർമാരുമായി ബന്ധമുള്ള ഒരു കമ്പനിയാണ് ഈ എക്സ്റ്റൻഷന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്നും, ചോർത്തിയ വിവരങ്ങൾ പരസ്യ ആവശ്യങ്ങൾക്കായി വിറ്റഴിക്കുകയാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഈ എക്സ്റ്റൻഷൻ ഇൻസ്റ്റാൾ ചെയ്ത ഉപയോക്താക്കൾ അവരുടെ എഐ ചാറ്റുകൾ ചോർന്നുപോയതായി കരുതേണ്ടിവരും. സ്വകാര്യ വിവരങ്ങളോ തന്ത്രപ്രധാനമായ വിവരങ്ങളോ എഐ ചാറ്റുകളിൽ പങ്കുവെച്ചവർക്ക് ഇത് വലിയ ആശങ്ക നൽകുന്ന കാര്യമാണ്.

# ഉടൻ മറ്റേണ്ട അഞ്ച് ഫോൺ സെറ്റിംഗുകൾ ഇതാ; സ്മാർട്ട്ഫോൺ ആയുസ്സ് കൂട്ടാം!



ഇന്നത്തെ കാലത്ത് സ്മാർട്ട്ഫോൺ ഉപയോഗിക്കുന്നവരെല്ലാം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ബാറ്ററി വേഗത്തിൽ തീർന്നുപോകുന്നത്. ഫോൺ പുതിയതായിരിക്കുമ്പോൾ ലഭിച്ചിരുന്ന ബാറ്ററി ലൈഫ് കുറച്ചു കാലം കഴിയുമ്പോൾ ഇല്ലാതാകുന്നതായി പലരും ശ്രദ്ധിച്ചിട്ടുണ്ടാകും. എന്നാൽ ഇതിന് കാരണം ഫോൺ തകരാറ് മാത്രമല്ല, നമ്മൾ ശ്രദ്ധിക്കാത്ത ചില സെറ്റിംഗുകൾ കൂടിയാണ്. ഈ ലളിതമായ മാറ്റങ്ങൾ വരുത്തിയാൽ നിങ്ങളുടെ ഫോണിന്റെ ബാറ്ററി ആയുസ്സ് ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിക്കും.

ബാറ്ററി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതിൽ ഒന്നാണ് ഫോൺ സ്ക്രീൻ. ബ്രൈറ്റ്നെസ്സ് കൂടുതലായി വെക്കുന്നത് വലിയ അളവിൽ ഊർജ്ജം നഷ്ടപ്പെടുത്തും. ഇത് ഒഴിവാക്കാൻ, സ്ക്രീൻ ബ്രൈറ്റ്നെസ് കുറച്ചു വെക്കുകയോ അല്ലെങ്കിൽ 'അഡാപ്റ്റീവ് ബ്രൈറ്റ്നെസ്' സംവിധാനം ഓൺ ചെയ്യുകയോ ചെയ്യുക. ചുറ്റുമുള്ള വെളിച്ചത്തിനനുസരിച്ച് ബ്രൈറ്റ്നെസ്സ് സ്വയം ക്രമീകരിക്കുന്ന ഈ ഫീച്ചർ വളരെ ഉപകാരപ്രദമാണ്. അതോടൊപ്പം, സ്ക്രീൻ ഓഫ് ആകുന്ന 'ടൈംഔട്ട്' സമയം കുറഞ്ഞ സെക്കൻഡുകളിലേക്ക് (ഉദാഹരണത്തിന് 30 സെക്കൻഡ്) ക്രമീകരിക്കുന്നത് ബാറ്ററി ലാഭിക്കാൻ സഹായിക്കും.

പലപ്പോഴും നമ്മൾ ഉപയോഗിക്കാത്ത ആപ്ലിക്കേഷനുകൾ പോലും ഫോണിന്റെ ബാക്ക്ഗ്രൗണ്ടിൽ പ്രവർത്തിച്ച് കൊണ്ടിരിക്കും. ഇത് രഹസ്യമായി ബാറ്ററി ചോർത്തുന്ന ഒരു പ്രധാന കാര്യമാണ്. ആവശ്യമില്ലാത്ത ആപ്പുകളുടെ 'ബാക്ക്ഗ്രൗണ്ട് ആക്ടിവിറ്റി' സെറ്റിംഗിൽ പോയി നിയന്ത്രിക്കുക. അതുപോലെ, ബ്ലൂടൂത്ത്, വൈഫൈ, മൊബൈൽ ഡാറ്റ, ജിപിഎസ് തുടങ്ങിയ കണക്ടിവിറ്റി ഓപ്ഷനുകൾ ആവശ്യമുള്ളപ്പോൾ മാത്രം ഓൺ ചെയ്യുക. സിഗ്നൽ തീരെ കുറഞ്ഞ പ്രദേശങ്ങളിൽ ഫോൺ നിരന്തരം സിഗ്നലിനായി ശ്രമിക്കുന്നത് ഒഴിവാക്കാൻ 'എയർപ്ലെയിൻ മോഡ്' (വിമാന മോഡ്) ഉപയോഗിക്കുന്നത് നല്ലതാണ്.

തുടർച്ചയായി വരുന്ന നോട്ടിഫിക്കേഷനുകൾ കാരണം സ്ക്രീൻ ഇടയ്ക്കിടെ ഓൺ ആകുന്നത് ബാറ്ററി ലൈഫ് കുറയ്ക്കും. അത്യാവശ്യമില്ലാത്ത ആപ്പുകളുടെ നോട്ടിഫിക്കേഷനുകൾ ഓഫ് ചെയ്യുന്നത് ഈ ഊർജ്ജനഷ്ടം കുറയ്ക്കാൻ സഹായിക്കും. നിങ്ങളുടെ ഫോണിന് ഓഎൽഇഡി അല്ലെങ്കിൽ അമോലെഡ് ഡിസ്പ്ലേ ആണെങ്കിൽ 'ഡാർക്ക് മോഡ്' ഉപയോഗിക്കുന്നത് കൂടുതൽ ബാറ്ററി ലാഭിക്കാൻ സഹായിക്കും, കാരണം കറുത്ത പിക്സലുകൾക്ക് ഊർജ്ജം ആവശ്യമില്ല. ഫോൺ ബാറ്ററി 20% ൽ താഴെയാകുമ്പോൾ ഓൺ ചെയ്യുന്നതിന് പകരം, നേരത്തെ തന്നെ 'ബാറ്ററി സേവർ മോഡ്' ഓൺ ചെയ്യുന്നത് ബാറ്ററി ലൈഫ് നീട്ടാൻ സഹായിക്കും. കൂടാതെ, ഫോൺ അമിതമായി ചൂടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും, ഓപ്പറേറ്റിംഗ് സിസ്റ്റവും ആപ്ലിക്കേഷനുകളും കൃത്യ സമയത്ത് അപ്ഡേറ്റ് ചെയ്യുകയും ചെയ്യേണ്ടത് പ്രധാനമാണ്.

# അതിവേഗ ചിത്രങ്ങൾ നിർമ്മിക്കാൻ ഓപ്പൺ എഐയുടെ 'ജിപിടി ഇമേജ് 1.5' പുറത്തിറക്കി!

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ വമ്പന്മാരായ ഓപ്പൺ എഐ തങ്ങളുടെ ഏറ്റവും പുതിയ ഇമേജ് ജനറേഷൻ മോഡലായ 'ജിപിടി ഇമേജ് 1.5' പുറത്തിറക്കി. ഗൂഗിളിന്റെ 'നാനോ ബനാന പ്രോ' എന്ന മോഡലിന് കനത്ത വെല്ലുവിളി ഉയർത്തിക്കൊണ്ടാണ് സാം ആൾട്ട്മാന്റെ നേതൃത്വത്തിലുള്ള കമ്പനി ഈ നീക്കം നടത്തിയിരിക്കുന്നത്. കമ്പനിക്കുള്ളിൽ പ്രഖ്യാപിച്ച 'കോഡ് റെഡ്' അടിയന്തരാവസ്ഥയ്ക്ക് ശേഷമുള്ള ഓപ്പൺ എഐയുടെ സുപ്രധാന ചുവടുവെപ്പാണിത്.

പഴയ മോഡലുകളെ അപേക്ഷിച്ച് നാല് മടങ്ങ് വേഗത്തിൽ ചിത്രങ്ങൾ നിർമ്മിക്കാൻ ജിപിടി ഇമേജ് 1.5 സഹായിക്കും എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. ചിത്രങ്ങൾ എഡിറ്റ്




ചെയ്യുന്ന കാര്യത്തിലും വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. ഒരു ചിത്രത്തിലെ ചെറിയ മാറ്റങ്ങൾ വരുത്തുമ്പോൾ പഴയ മോഡലുകൾ ആ ചിത്രം മുഴുവനായി മാറ്റാറുണ്ടായിരുന്നു. എന്നാൽ പുതിയ മോഡലിൽ നിർദ്ദേശിക്കുന്ന മാറ്റങ്ങൾ മാത്രം കൃത്യമായി വരുത്താൻ സാധിക്കും. ഉദാഹരണത്തിന്, ഒരു ചിത്രത്തിലെ ലൈറ്റിംഗ് മാറ്റാനോ, വസ്ത്രത്തിന്റെ നിറം മാറ്റാനോ പറഞ്ഞാൽ ബാക്കിയുള്ള ഭാഗങ്ങൾ മാറ്റമില്ലാതെ നിലനിർത്താൻ ഇതിന് കഴിയും.

ചിത്രങ്ങൾക്കുള്ളിലെ അക്ഷരങ്ങൾ കൂടുതൽ വ്യക്തതയോടെയും കൃത്യതയോടെയും രേഖപ്പെടുത്താൻ പുതിയ പതിപ്പിന് സാധിക്കുമെന്ന് ഓപ്പൺ എഐ അവകാശപ്പെടുന്നു. ഇൻഫോഗ്രാഫിക്സുകൾ, ലോഗോകൾ എന്നിവ നിർമ്മിക്കുന്നവർക്ക് ഇത് വലിയ സഹായമാകും. ഗൂഗിൾ തങ്ങളുടെ എഐ മോഡലുകളിലൂടെ വിപണി പിടിച്ചെടുക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഓപ്പൺ എഐയുടെ ഈ പുതിയ പ്രത്യാക്രമണം. നിലവിൽ എല്ലാ ചാറ്റ് ജിപിടി ഉപയോക്താക്കൾക്കും എപിഐ വഴി ഡെവലപ്പർമാർക്കും ഈ സേവനം ലഭ്യമാണ്.

# സ്മാർട്ട്ഫോൺ സുരക്ഷിതമാക്കാം; നഷ്ടപ്പെട്ട ഫോൺ കണ്ടെത്താൻ ഗൂഗിളിന്റെ പുതിയ വിദ്യകൾ അറിയാം

നമ്മുടെ സ്മാർട്ട്ഫോൺ എവിടെയെങ്കിലും വെച്ച് മറന്നുപോവുകയോ അല്ലെങ്കിൽ നഷ്ടപ്പെടുകയോ ചെയ്യുന്നത് വലിയൊരു തലവേദന തന്നെയാണ്. എന്നാൽ ഗൂഗിളിന്റെ 'Find My Device' (ഫൈൻഡ് മൈ ഡിവൈസ്) എന്ന ഫീച്ചർ കൃത്യമായി സെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഈ പേടി വേണ്ട. 2025ലെ പുതിയ അപ്ഡേറ്റുകൾ പ്രകാരം ഫോൺ ഓഫ് ആണെങ്കിൽ പോലും (ചില മോഡലുകളിൽ) അത് കണ്ടെത്താൻ സാധിക്കും. ഈ ഫീച്ചർ എങ്ങനെ ഉപയോഗിക്കാം എന്നതിനെക്കുറിച്ചുള്ള ലളിതമായ വിവരങ്ങൾ താഴെ നൽകുന്നു.



**1. ഫോണിൽ ആദ്യം ചെയ്യേണ്ട കാര്യങ്ങൾ (Setup)**

ഫോൺ നഷ്ടപ്പെടുന്നതിന് മുൻപ് തന്നെ താഴെ പറയുന്ന സെറ്റിംഗുകൾ ഓൺ ആണെന്ന് ഉറപ്പുവരുത്തുക:

- **ഗൂഗിൾ അക്കൗണ്ട്:** ഫോണിൽ ഒരു ഗൂഗിൾ അക്കൗണ്ട് ലോഗിൻ ചെയ്തിരിക്കണം.
- **Location ഓൺ ആക്കുക:** Settings > Location എന്നതിൽ പോയി ലൊക്കേഷൻ ഓൺ ചെയ്യുക.
- **Find My Device ആക്ടിവേറ്റ് ചെയ്യുക:** Settings > Google > Find My Device എന്നതിൽ പോയി അത് 'On' ആണെന്ന് ഉറപ്പാക്കുക.
- **ഓഫ്‌ലൈൻ ട്രാക്കിംഗ് (പുതിയ ഫീച്ചർ):** 'Find your offline devices' എന്ന ഓപ്ഷൻ തിരഞ്ഞെടുത്ത് 'With network everywhere' എന്നത് സെറ്റ് ചെയ്യുക. ഇത് വഴി ഇന്റർനെറ്റ് ഇല്ലെങ്കിലും മറ്റ് ആൻഡ്രോയിഡ് ഫോണുകളുടെ സഹായത്തോടെ നിങ്ങളുടെ ഫോൺ കണ്ടെത്താൻ ഗൂഗിളിന് സാധിക്കും.

**2. ഫോൺ നഷ്ടപ്പെട്ടാൽ എങ്ങനെ ട്രാക്ക് ചെയ്യാം?**

ഫോൺ നഷ്ടപ്പെട്ടാൽ ഉടൻ തന്നെ മറ്റൊരു ഫോണോ കമ്പ്യൂട്ടറോ ഉപയോഗിച്ച് താഴെ പറയുന്നവ ചെയ്യുക:

1. ഏതെങ്കിലും ബ്രൗസറിൽ Android.com/find എന്ന് ടൈപ്പ് ചെയ്യുക.
2. നിങ്ങളുടെ നഷ്ടപ്പെട്ട ഫോണിലുള്ള അതേ ഗൂഗിൾ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
3. ഇപ്പോൾ സ്ക്രീനിൽ ഒരു മാപ്പ് തെളിയും. അതിൽ ഫോൺ നിലവിൽ എവിടെയാണെന്ന് കാണാൻ സാധിക്കും.

**3. പ്രധാന ഓപ്ഷനുകൾ**

മാപ്പിന് താഴെയായി നിങ്ങൾക്ക് മൂന്ന് പ്രധാന ഓപ്ഷനുകൾ കാണാം:

| ഓപ്ഷൻ | ഉപയോഗം |
|---|---|
| Play Sound | ഫോൺ സൈലന്റ് മോഡിലാണെങ്കിൽ പോലും 5 മിനിറ്റ് നേരത്തേക്ക് ഫുൾ വോളിയത്തിൽ റിങ് ചെയ്യും. വീടിനുള്ളിലോ മറ്റോ ആണ് ഫോൺ ഇരിക്കുന്നതെങ്കിൽ ഇത് ഉപകാരപ്പെടും. |
| Secure Device | ഫോൺ ഉടൻ തന്നെ ലോക്ക് ചെയ്യാൻ സാധിക്കും. കൂടാതെ ഫോൺ സ്ക്രീനിൽ നിങ്ങളുടെ മറ്റൊരു നമ്പറോ അല്ലെങ്കിൽ ഒരു മെസ്സേജോ (ഉദാഹരണത്തിന്: 'ഈ ഫോൺ കിട്ടുന്നവർ ദയവായി ഈ നമ്പറിൽ വിളിക്കുക') കാണിക്കാനും സാധിക്കും. |
| Erase Device | ഫോൺ തിരിച്ചു കിട്ടില്ലെന്ന് ഉറപ്പായാൽ അതിലെ സ്വകാര്യ വിവരങ്ങൾ മറ്റാരും കാണാതിരിക്കാൻ ഫോൺ മുഴുവനായി ഫോർമാറ്റ് ചെയ്യാം. (ശ്രദ്ധിക്കുക: ഇത് ചെയ്താൽ പിന്നീട് ട്രാക്ക് ചെയ്യാൻ കഴിയില്ല). |

**4. ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ**

- **ബാറ്ററി ചാർജ്:** ഫോൺ സ്വിച്ച് ഓഫ് ആകുന്നതിന് മുൻപുള്ള അവസാന ലൊക്കേഷൻ ഗൂഗിൾ സേവ് ചെയ്യും. പിക്സൽ 8, 9 സീരീസ് പോലുള്ള പുതിയ ഫോണുകളിൽ സ്വിച്ച് ഓഫ് ആയാലും ട്രാക്കിംഗ് സാധ്യമാണ്.
- **ഇന്റർനെറ്റ്:** സാധാരണ ഗതിയിൽ ഫോണിൽ ഇന്റർനെറ്റ് ഉണ്ടെങ്കിൽ മാത്രമേ ലൊക്കേഷൻ കൃത്യമായി ലഭിക്കൂ. എന്നാൽ 2025ലെ പുതിയ 'Find My Device Network' വഴി ബ്ലൂടൂത്ത് ഉപയോഗിച്ചും ഫോൺ കണ്ടെത്താൻ സാധിക്കും.

നിങ്ങളുടെ ഫോൺ സുരക്ഷിതമായി വെക്കാൻ ഈ സെറ്റിംഗുകൾ ഇപ്പോൾ തന്നെ പരിശോധിക്കുക.

◗ റോബിൻസ് ആന്റണി

# വർക്ക് വിസകൾ കുത്തനെ കുറഞ്ഞു; യുകെ കുടിയേറ്റം ഇന്ത്യക്കാർക്ക് ഇനി സ്വപ്നമോ?



ലണ്ടൻ: ഇന്ത്യയിൽ നിന്നുള്ള നഴ്സുമാർ, ഡോക്ടർമാർ, ഐടി പ്രൊഫഷണലുകൾ, വിദേശത്തേക്ക് കുടിയേറാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എന്നിവരുടെ പ്രിയപ്പെട്ട സ്ഥലമായിരുന്നു യുകെ. തൊഴിലവസരങ്ങളും അനുകൂലമായ ഇമിഗ്രേഷൻ നിയമങ്ങളും ഇന്ത്യക്കാരെ യുകെയിലേക്ക് ആകർഷിച്ചു. എന്നാൽ ഈ വർഷം ജൂലൈയിൽ യുകെ സർക്കാർ ഇമിഗ്രേഷൻ നിയമങ്ങളിൽ കൊണ്ടുവന്ന മാറ്റങ്ങൾ യുകെ ഇമിഗ്രേഷന്റെ അടിത്തറയെ തന്നെ ഇളക്കിമറിച്ചു. വിസ അംഗീകാരങ്ങളിൽ വലിയ ഇടിവുണ്ടായി. ആരോഗ്യ, പരിചരണ തൊഴിലാളി വിസകൾ 67 ശതമാനവും നഴ്സിംഗ് വിസകൾ 79 ശതമാനവും ഐടി വിസകൾ 20 ശതമാനവും കുറഞ്ഞു. യുകെ സർക്കാർ, നെറ്റ് മൈഗ്രേഷനും വിദേശ തൊഴിലാളികളെ ആശ്രയിക്കുന്നതും കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി ഒന്നിലധികം വിസ ഓപ്ഷനുകൾ കർശനമാക്കിയിട്ടുണ്ട്. ആരോഗ്യ മേഖലയിലാണ് ഈ മാറ്റങ്ങൾ ഏറ്റവും കൂടുതൽ ദൃശ്യമാകുന്നത്. യുകെ ആരോഗ്യ സംവിധാനത്തിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിൽ ഇന്ത്യയിൽ നിന്നുള്ള നഴ്സുമാർ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഒരു ഹെൽത്ത് ആൻഡ് കെയർ വർക്കർ വിസ ലഭിക്കുന്നതിന് കൂടുതൽ ആവശ്യകതകളുണ്ട്. ശമ്പള പരിധി ഉയർത്തുക, യോഗ്യതാ പരിശോധനകൾ കർശനമാക്കുക, കുടുംബാംഗങ്ങളെ കൊണ്ടുവരുന്ന പ്രക്രിയ കൂടുതൽ സങ്കീർണ്ണമാക്കുക തുടങ്ങിയ മാറ്റങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പിആർ ലഭിക്കുന്നതിനുള്ള കാലയളവ് 10 വർഷമായി നീട്ടാനുള്ള നീക്കവുമുണ്ട്. യുകെ ആശുപത്രികളിൽ ഇപ്പോഴും ജീവനക്കാരുടെ കുറവുണ്ടെങ്കിലും, റിക്രൂട്ട്മെന്റ് ഗണ്യമായി കുറഞ്ഞു .നഴ്സുമാരെ കൂടാതെ, ഈ മാറ്റങ്ങൾ ഐടി പ്രൊഫഷണലുകളെയും ബാധിച്ചിട്ടുണ്ട്.


മുമ്പ് സ്കിൽഡ് വർക്കർ വിസകൾക്ക് യോഗ്യത നേടിയിരുന്ന പല ജോലികൾക്കും ഇപ്പോൾ പുതിയ മാനദണ്ഡങ്ങൾ പ്രകാരം വിസ ലഭിക്കുന്നത് ബുദ്ധിമുട്ടാണെന്നാണ് റിപ്പോർട്ട്. ഇമിഗ്രേഷൻ സ്കിൽസ് ചാർജിലെ വർദ്ധനവ് കമ്പനികൾക്ക് വിദേശികളെ നിയമിക്കുന്നത് കൂടുതൽ ചെലവേറിയതാക്കി. വിസാ നിയമത്തിൽ ഉണ്ടായ മാറ്റങ്ങൾ വിദ്യാർഥികളെയും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.പഠനശേഷം ജോലി ചെയ്യാനുള്ള ഗ്രാജ്വേറ്റ് റൂട്ട് വിസയുടെ കാലാവധി രണ്ട് വർഷത്തിൽനിന്ന് 18 മാസമായി കുറച്ചു. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യത്തിനുള്ള മാനദണ്ഡങ്ങളും കർശനമാക്കി. ഇത് വിദേശത്ത് പഠനം കഴിഞ്ഞ് ജോലി കണ്ടെത്താൻ ശ്രമിക്കുന്ന വിദ്യാർഥികൾക്ക് സമയം കുറയ്ക്കുന്നു.



## തങ്ങളുടെ രാഷ്ട്രീയത്തിൽ നിന്നും വിട്ടുനിൽക്കണം: നെതന്യാഹുവിന് മുൻ ഓസ്ട്രേലിയൻ പ്രധാനമന്ത്രി

ലണ്ടൻ: പാലസ്തീനെ രാജ്യമായി ഓസ്ട്രേലിയ അംഗീകരിച്ചതിനെ ബോണ്ടി ബീച്ച് കൂട്ടക്കൊലയുമായി ബന്ധപ്പെടുത്തുന്നത് ന്യായീകരിക്കാൻ ആകില്ലെന്ന് ഓസ്ട്രേലിയൻ മുൻ പ്രധാനമന്ത്രി മാൽക്കം ടേൺബുൾ. ഓസ്ട്രേലിയൻ സർക്കാർ ജൂതവിരുദ്ധത ആളിക്കത്തിച്ചതായി നെതന്യാഹു അഭിപ്രായപ്പെട്ടതിന് പിന്നാലെയാണ് മാൽക്കം ടേൺബുൾ പ്രതികരണവുമായി രംഗത്ത് വന്നത്. നെതന്യാഹു തങ്ങളുടെ രാഷ്ട്രത്തിൽ നിന്നും രാഷ്ട്രീയത്തിൽ നിന്നും വിട്ടുനിൽക്കണമെന്നും ഓസ്ട്രേലിയ ബഹുസാംസ്കാരിക സമൂഹമാണെന്നും വിദേശ സംഘർഷങ്ങൾ ഇറക്കുമതി ചെയ്യാൻ അനുവദിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. പാലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുന്നുവെന്ന പ്രഖ്യാപനത്തെ തുടർന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസിന് നെതന്യാഹു കത്തയച്ചിരുന്നു. നേതാക്കൾ നിശബ്ദരായിരിക്കുകയും നടപടിയെടുക്കാതിരിക്കുകയും ചെയ്യുമ്പോൾ പടരുന്ന അർബുദമാണ് ജൂത വിരുദ്ധതയെന്നുമായിരുന്നു നെതന്യാഹുവിന്റെ വിമർശനം. ഓഗസ്റ്റിൽ പാലസ്തീൻ രാജ്യത്തെ അംഗീകരിച്ച അൽബനീസിന്റെ ഓസ്ട്രേലിയൻ സർക്കാരിനെ മാൽക്കം ടേൺബുൾ പിന്തുണച്ചു. മധ്യപൂർവ്വദേശത്തോ ലോകത്തിലെ മറ്റേതെങ്കിലും ഭാഗത്തോ ഉള്ള യുദ്ധങ്ങൾ ഇവിടെ നടക്കില്ലെന്ന് ഉറപ്പാക്കണം. നെതന്യാഹു ചെയ്തതുപോലെ അവയെ ബന്ധിപ്പിക്കാൻ ശ്രമിക്കുന്നത് സഹായകരമല്ല. അങ്ങനെ ചെയ്താൽ തങ്ങൾ എന്തുനേടാൻ ആഗ്രഹിക്കുന്നുവോ അതിന്റെ നേർവിപരീതമാണ് സംഭവിക്കുകയെന്നും മാൽക്കം ടേൺബുൾ കൂട്ടിച്ചേർത്തു.

# ബ്രസീൽ മുൻ പ്രസിഡന്റ് ബോൾസോനാരോയുടെ ശിക്ഷ കുറയ്ക്കാൻ സെനറ്റിന്റെ അംഗീകാരം; രാഷ്ട്രീയ പോരാട്ടം കനക്കുന്നു



ബ്രസീൽ മുൻ പ്രസിഡന്റ് ജെയർ ബോൾസോനാരോയുടെ 27 വർഷത്തെ ജയിൽ ശിക്ഷ ഗണ്യമായി കുറയ്ക്കാനുള്ള വിവാദ ബില്ലിന് ബ്രസീൽ സെനറ്റ് അംഗീകാരം നൽകി. 2022-ലെ തിരഞ്ഞെടുപ്പ് ഫലം അട്ടിമറിക്കാൻ അട്ടിമറി ശ്രമം നടത്തിയെന്ന കുറ്റത്തിന് ശിക്ഷിക്കപ്പെട്ട ബോൾസോനാരോയ്ക്ക് ഈ നിയമം വലിയ ആശ്വാസമാകും. സെനറ്റിൽ നടന്ന വോട്ടെടുപ്പിൽ 48 പേർ ബില്ലിനെ അനുകൂലിച്ചപ്പോൾ 25 പേർ എതിർത്തു. ഇതോടെ ശിക്ഷാ കാലാവധി വെറും രണ്ട് വർഷമായി ചുരുങ്ങാനാണ് സാധ്യത.കഴിഞ്ഞ മാസം മുതലാണ് ബോൾസോനാരോ ജയിൽ ശിക്ഷ അനുഭവിച്ചു തുടങ്ങിയത്. പുതിയ ബില്ല് പ്രകാരം അട്ടിമറി ശ്രമവുമായി ബന്ധപ്പെട്ട കുറ്റങ്ങളുടെ ശിക്ഷാ രീതികളിൽ മാറ്റം വരും. ഇത് ബോൾസോനാരോയെ കൂടാതെ 2023 ജനുവരിയിൽ ബ്രസീലിയയിലെ സർക്കാർ സ്ഥാപനങ്ങൾ ആക്രമിച്ച ആയിരക്കണക്കിന് അനുകൂലികൾക്കും ഗുണകരമാകും. രാജ്യത്തെ സമാധാനിപ്പിക്കാനാണ് ഇത്തരമൊരു നീക്കമെന്ന് ബില്ലിനെ അനുകൂലിക്കുന്നവർ വാദിക്കുമ്പോൾ, ജനാധിപത്യത്തിന് നേരെയുള്ള കടന്നുകയറ്റങ്ങളെ രാജ്യം പ്രോത്സാഹിപ്പിക്കുന്നു എന്ന സന്ദേശമാണ് ഇത് നൽകുന്നതെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നു.നിലവിലെ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ ഈ ബില്ലിനെ ശക്തമായി എതിർക്കുന്നുണ്ട്. പ്രസിഡന്റ് ബില്ലിൽ ഒപ്പുവെക്കാതെ വീറ്റോ (ഢലഝ) ചെയ്യാനാണ് സാധ്യത. എങ്കിലും കോൺഗ്രസിലെ ഭൂരിപക്ഷം ഉപയോഗിച്ച് വീറ്റോ മറികടക്കാൻ ബോൾസോനാരോ അനുകൂലികൾക്ക് സാധിച്ചേക്കും. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പശ്ചിമേഷ്യൻ വിഷയങ്ങളിലും അന്താരാഷ്ട്ര നയതന്ത്രങ്ങളിലും സജീവമായി ഇടപെടുന്ന ഈ സാഹചര്യത്തിൽ, ലാറ്റിൻ അമേരിക്കയിലെ പ്രധാന ശക്തിയായ ബ്രസീലിലെ ഈ രാഷ്ട്രീയ മാറ്റങ്ങൾ ആഗോള ശ്രദ്ധ നേടുന്നുണ്ട്. വരും ദിവസങ്ങളിൽ സുപ്രീം കോടതിയുടെ നിലപാടും ഈ വിഷയത്തിൽ നിർണ്ണായകമാകും.

# ബാങ്ക് ഓഫ് ഇംഗ്ലണ്ട് പലിശ കുറയ്ക്കാൻ സാധ്യത

ബാങ്ക് ഓഫ് ഇംഗ്ലണ്ടിലെ പലിശനിരക്ക് കുറയ്ക്കാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തൽ. ഇതോടെ ബാങ്ക് റേറ്റ് 2023 ഫെബ്രുവരിക്ക് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയിലേക്കാണ് എത്തുക എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. വിദഗ്ധർ പറയുന്നത് അനുസരിച്ചു പലിശനിരക്ക് 4%ൽ നിന്ന് 3.75%ലേക്ക് കുറയാനാണ് സാധ്യത. കഴിഞ്ഞ വർഷം ഓഗസ്റ്റ് മുതൽ ഇതുവരെ ഇത് ആറാമത്തെ പലിശക്കുറവായിരിക്കും. ബാങ്ക് റേറ്റ് എന്നത് സാധാരണക്കാർക്ക് വായ്പ എടുക്കാനുള്ള ചെലവിനെ, സേവിങ്സ് അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശയെ വളരെ അധികം ബാധിക്കുന്നതാണ്.

MPCയുടെ പ്രധാന ലക്ഷ്യം ജീവിതച്ചെലവിന്റെ വർധനവ് അളക്കുന്ന പണപ്പെരുപ്പം 2%ൽ നിലനിർത്തുക എന്നതാണ്. ഈ ലക്ഷ്യം നേടാൻ ഉപയോഗിക്കുന്ന പ്രധാന ഉപാധിയാണ് ബാങ്ക് റേറ്റ്. ബുധനാഴ്ച പുറത്തുവന്ന പുതിയ പണപ്പെരുപ്പ കണക്കുകൾ വിദഗ്ധരെ അമ്പരപ്പിച്ചു.പണപ്പെരുപ്പത്തിലെ പുതിയ ഇടിവ്, തൊഴിലില്ലായ്മ ഉയരുന്ന സൂചനകൾ, സമ്പദ്‌വ്യവസ്ഥയിൽ വലിയ വളർച്ചയില്ലായ്മ എന്നിവ പലിശനിരക്ക് കുറയ്ക്കാനുള്ള തീരുമാനത്തിലേക്ക് MPCയെ തള്ളിവിടാൻ സാധ്യതയുണ്ട് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. നവംബറിൽ നടന്ന മുൻ യോഗത്തിൽ നാല് MPC അംഗങ്ങൾ പലിശ കുറയ്ക്കണമെന്ന് വോട്ട് ചെയ്തു. 5 അംഗങ്ങൾ നിലവിലെ നിരക്ക് തുടരണമെന്ന് തീരുമാനിച്ചു. ''പണപ്പെരുപ്പം തുടർന്നും കുറയുന്നുണ്ടോ എന്ന് കാത്തിരുന്നു നോക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്'' എന്നാണ് അപ്പോൾ ബാങ്ക് ഗവർണർ ആൻഡ്രൂ ബെയ്‌ലി പറഞ്ഞത്.

**വായ്പക്കും സേവിങ്സിനും ഉണ്ടാകുന്ന സ്വാധീനം ഇങ്ങനെ ആണ്**

ഹോം ലോൺ (മോർട്ട്ഗേജ്)ഏകദേശം 5 ലക്ഷം വീടുടമകൾ ബാങ്ക് റേറ്റിനെ പിന്തുടരുന്ന (tracking) മോർട്ട്ഗേജിലാണ്. 0.25% കുറവ് വന്നാൽ, മാസം ശരാശരി £29 കുറവ്. സ്റ്റാൻഡേർഡ് വേരിയബിൾ റേറ്റ് ഉള്ള മറ്റൊരു 5 ലക്ഷം വീടുടമകൾക്ക് മാസം ഏകദേശം £14 കുറവ്, ഭൂരിഭാഗം ആളുകളും ഫിക്സ്ഡ് റേറ്റ് മോർട്ട്ഗേജിലാണ്. പലിശക്കുറവ് പ്രതീക്ഷിച്ചതിനാൽ ഇവയുടെ നിരക്കുകൾ ഇതിനകം താഴ്ന്നിട്ടുണ്ട്.ഡിസംബർ 17-നുള്ള കണക്കുപ്രകാരം 2 വർഷത്തെ ഫിക്സ്ഡ് മോർട്ട്ഗേജ്: 4.82%. 5 വർഷത്തെ ഫിക്സ്ഡ് മോർട്ട്ഗേജ്: 4.90%പലിശ കുറയുന്നത് വീടുടമകൾക്ക് (landlords) സാമ്പത്തിക സമ്മർദം കുറയ്ക്കും. വാടക ഉയരാനുള്ള സാധ്യത കുറയ്ക്കാനും സഹായിക്കാംഎന്നാൽ മറുവശത്ത് സേവിങ്സ് അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശ ലാഭം ഇനിയും കുറയാൻ സാധ്യതയുണ്ട്. നിലവിൽ ഇസി-ആക്സസ് സേവിങ്സ് അക്കൗണ്ടിലെ ശരാശരി പലിശ: 2.56% ആണ്.



## ഗസയിലെ സഹായ പ്രവർത്തനങ്ങൾ നിലയ്ക്കുന്നു; നിയന്ത്രണങ്ങൾക്കെതിരെ യുഎന്നും സന്നദ്ധ സംഘടനകളും രംഗത്ത്

രൂക്ഷമായ ശൈത്യവും പ്രളയവും ഗസയിലെ ജനജീവിതം ദുസ്സഹമാക്കുമ്പോഴും, അവിടെ നടന്നു വരുന്ന മാനുഷിക സഹായ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലയ്ക്കാൻ പോകുന്നതായി യുണൈറ്റഡ് നേഷൻസും (UN) വിവിധ അന്താരാഷ്ട്ര സന്നദ്ധ സംഘടനകളും സംയുക്തമായി മുന്നറിയിപ്പ് നൽകി. ഇസ്രായേൽ ഏർപ്പെടുത്തിയിരിക്കുന്ന പുതിയ നിയന്ത്രണങ്ങളും സന്നദ്ധ സംഘടനകൾക്കുള്ള രജിസ്ട്രേഷൻ നടപടികളിലെ അനിശ്ചിതത്വവുമാണ് നിലവിലെ പ്രതിസന്ധിക്ക് കാരണം. ഡിസംബർ 31-നകം രജിസ്ട്രേഷൻ പുതുക്കിയില്ലെങ്കിൽ പല പ്രമുഖ സംഘടനകൾക്കും ഗസ വിടേണ്ടി വരുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.അന്താരാഷ്ട്ര സന്നദ്ധ സംഘടനകളുടെ രജിസ്ട്രേഷൻ നടപടികൾ രാഷ്ട്രീയ പ്രേരിതവും അവ്യക്തവുമാണെന്ന് സന്നദ്ധ സംഘടനകൾ കുറ്റപ്പെടുത്തുന്നു. നിലവിലെ നിയമങ്ങൾ പാലിക്കാൻ സാധിച്ചില്ലെങ്കിൽ ഡിസംബർ അവസാനത്തോടെ ഈ സംഘടനകളുടെ പ്രവർത്തനം റദ്ദാക്കപ്പെടും. തുടർന്ന് 60 ദിവസത്തിനുള്ളിൽ ഗസയിലെ ഓപ്പറേഷനുകൾ പൂർണ്ണമായും അവസാനിപ്പിക്കാൻ ഇസ്രായേൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യം വന്നാൽ ഗസയിലെ ഫീൽഡ് ആശുപത്രികൾ, പോഷകാഹാര കേന്ദ്രങ്ങൾ, ശുദ്ധജല വിതരണ സംവിധാനങ്ങൾ എന്നിവ പൂർണ്ണമായും തകരാറിലാകും. നിലവിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മധ്യസ്ഥതയിൽ രൂപീകരിച്ച ഗസ സമാധാന പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി വെടിനിർത്തൽ നിലനിൽക്കുന്നുണ്ടെങ്കിലും, സഹായ വിതരണം തടസ്സപ്പെടുന്നത് കടുത്ത മാനുഷിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് യുഎൻ ചൂണ്ടിക്കാട്ടുന്നു. ദശലക്ഷക്കണക്കിന് ഡോളർ വിലമതിക്കുന്ന ആഹാര സാധനങ്ങളും മരുന്നുകളും ടെന്റുകളും നിലവിൽ ഗസയ്ക്ക് പുറത്ത് കെട്ടിക്കിടക്കുകയാണ്.

# യെമനിൽ ആഭ്യന്തരയുദ്ധം വീണ്ടും കനക്കുന്നു; വിഘടനവാദികളുടെ മുന്നേറ്റത്തിൽ ആശങ്ക രേഖപ്പെടുത്തി യു.എൻ



യെമനിൽ തെക്കൻ വിഘടനവാദികൾ പ്രവിശ്യകളിൽ ആധിപത്യം സ്ഥാപിക്കുന്നതിനെത്തുടർന്ന് രാജ്യം വീണ്ടും ഒരു സമ്പൂർണ്ണ ആഭ്യന്തര യുദ്ധത്തിലേക്ക് നീങ്ങുന്നതായി ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽകി. യുഎഇയുടെ പിന്തുണയുള്ള സതേൺ ട്രാൻസിഷണൽ കൗൺസിൽ യെമന്റെ കിഴക്കൻ മേഖലകളായ ഹളർമൗത്ത്, അൽ-മഹ്റ എന്നിവിടങ്ങളിൽ ശക്തമായ സൈനിക മുന്നേറ്റം നടത്തിയ സാഹചര്യത്തിലാണ് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് എല്ലാ പക്ഷത്തോടും സംയമനം പാലിക്കാൻ അഭ്യർത്ഥിച്ചത്. ഇത്തരം ഏകപക്ഷീയമായ നീക്കങ്ങൾ സമാധാന ശ്രമങ്ങളെ തകർക്കുമെന്നും യെമന്റെ അഖണ്ഡതയെ അപകടത്തിലാക്കുമെന്നും അദ്ദേഹം ന്യൂയോർക്കിൽ വ്യക്തമാക്കി.നിലവിൽ യെമന്റെ പകുതിയോളം ഭാഗം ഹൂതി വിമതരുടെ നിയന്ത്രണത്തിലാണ്. എന്നാൽ ഹൂതി വിരുദ്ധ സഖ്യത്തിനകത്തുണ്ടായ പുതിയ ഭിന്നതകളാണ് ഇപ്പോൾ സ്ഥിതിഗതികൾ സങ്കീർണ്ണമാക്കിയിരിക്കുന്നത്. വിഘടനവാദി സംഘമായ എസ്ടിസി എണ്ണസമ്പന്നമായ മേഖലകളും പ്രധാന തുറമുഖങ്ങളും പിടിച്ചെടുത്തതോടെ രാജ്യം വീണ്ടും വിഭജനത്തിലേക്ക് പോകുമോ എന്ന ആശങ്ക ശക്തമാണ്.പത്ത് വർഷമായി തുടരുന്ന ആഭ്യന്തര കലഹം യെമനെ ലോകത്തെ ഏറ്റവും വലിയ മാനുഷിക പ്രതിസന്ധിയിലേക്കാണ് തള്ളിവിട്ടത്. ഏകദേശം അഞ്ച് ദശലക്ഷത്തോളം ആളുകൾ പലായനം ചെയ്യേണ്ടി വന്നതായും 19.5 ദശലക്ഷം ആളുകൾ സഹായത്തിനായി കാത്തുനിൽക്കുകയാണെന്നും ഗുട്ടെറസ് ചൂണ്ടിക്കാട്ടി. കൂടാതെ ഹൂതികൾ തടങ്കലിൽ വെച്ചിരിക്കുന്ന യുഎൻ ഉദ്യോഗസ്ഥരെ ഉടൻ വിട്ടയക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## റഷ്യയുടെ പിടിച്ചുവച്ച പണം യുക്രൈനിന് നൽകണോ?; നിർണായക തീരുമാനമെടുക്കാൻ യൂറോപ്യൻ യൂണിയൻ



ബ്രസ്സൽസ്: യൂറോപ്യൻ യൂണിയൻ നേതാക്കൾ ബ്രസ്സൽസിൽ നടക്കുന്ന രണ്ടു ദിവസത്തെ ഉച്ചകോടിയിൽ, റഷ്യയുടെ പിടിച്ചുവച്ച പണം യുക്രൈനിന് വായ്പയായിനൽകണോഎന്ന അത്യന്തം നിർണായക തീരുമാനമാണ് എടുക്കാൻ പോകുന്നത്. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ റഷ്യയുടെ ഏകദേശം 210 ബില്യൺ യൂറോയുടെ ആസ്തികൾ പിടിച്ചുവച്ചിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും ബെൽജിയത്തിൽ ആസ്ഥാനമായ യൂറോക്ലിയർ എന്ന സ്ഥാപനത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ, ബെൽജിയവും ചില മറ്റ് യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും ഈ പണം ഉപയോഗിക്കുന്നതിനെ എതിർക്കുകയാണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.പണം കിട്ടിയില്ലെങ്കിൽ യുക്രൈനിന് പ്രതിസന്ധികൂടുതൽ ധനസഹായം ലഭിച്ചില്ലെങ്കിൽ, അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ യുക്രൈന്റെ സാമ്പത്തിക വിഭവങ്ങൾ തീരും എന്നാണ് വിലയിരുത്തൽ. ''ഞങ്ങൾ ചെറിയ പ്രതീക്ഷയോടെയാണ് മുന്നോട്ട് പോകുന്നത്, എന്നാൽ അത്ര വലിയ പ്രതീക്ഷയില്ല'' എന്നാണ് ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻ പറഞ്ഞത്.അതേസമയം, തങ്ങളുടെ പണം ഉപയോഗിക്കരുത് എന്ന് റഷ്യ യൂറോപ്യൻ യൂണിയന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പണം തിരികെ നേടാൻ മോസ്കോയിലെ കോടതിയിൽ യൂറോക്ലിയറിനെതിരെ റഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

# 2027 മുതൽ യു.കെ വിദ്യാർത്ഥികൾക്ക് യൂറോപ്പിൽ പഠിക്കാൻ അവസരം

യൂറോപ്യൻ യൂണിയനുമായുള്ള (EU) ബന്ധങ്ങൾ പുതുക്കുന്നതിന്റെ ഭാഗമായി, 2027 മുതൽ യു.കെ. വിദ്യാർത്ഥികൾക്കും മറ്റ് പഠിതാക്കൾക്കും Erasmus+ എന്ന യൂറോപ്യൻ യൂണിയൻ വിദ്യാഭ്യാസപരിശീലന പദ്ധതിയുടെ ഭാഗമായി വിദേശത്ത് പഠിക്കാനും പരിശീലനം നേടാനും കഴിയുമെന്ന് റിപ്പോർട്ട്.ബുധനാഴ്ച യു.കെ. സർക്കാർ പുറത്തിറക്കിയ പ്രസ്താവനയിൽ, എല്ലാ സാമൂഹിക പശ്ചാത്തലങ്ങളിലുള്ള വിദ്യാർത്ഥികൾക്കും Erasmus+ പദ്ധതി അവസരങ്ങൾ നൽകുന്നു എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്. യൂറോപ്യൻ രാജ്യങ്ങളിൽ പഠിക്കാനും പരിശീലനം നേടാനും ഈ പദ്ധതി സഹായിക്കും.അതേസമയം, യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിലെ വിദ്യാർത്ഥികൾക്കും യു.കെ.-യിൽ വന്ന് പഠിക്കാനും പരിശീലനം നേടാനും ഈ പദ്ധതി വഴിയൊരുക്കും എന്ന് യു.കെയുടെ യൂറോപ്യൻ യൂണിയൻ ബന്ധങ്ങൾക്കായുള്ള മന്ത്രി നിക് തോമസ്-സൈമൺഡ്സ് പറഞ്ഞു.''Erasmus+യിൽ ചേരുന്നത് നമ്മുടെ യുവജനങ്ങൾക്ക് വലിയ വിജയം ആണ്. തടസ്സങ്ങൾ നീക്കി, എല്ലാവർക്കുംഏത് പശ്ചാത്തലത്തിൽ നിന്നായാലും വിദേശത്ത് പഠിക്കാനും പരിശീലനം നേടാനും ഇത് അവസരം നൽകുന്നു. ഇത് വെറും യാത്രയെക്കുറിച്ചല്ല. ഭാവിയിലെ കഴിവുകൾ, അക്കാദമിക് വിജയം, അടുത്ത തലമുറയ്ക്ക് ഏറ്റവും മികച്ച അവസരങ്ങൾ ലഭ്യമാക്കൽ ഇവയൊക്കെയാണ് ഇതിന്റെ ലക്ഷ്യം'' എന്നാണ് നിക് തോമസ്-സൈമൺഡ്സ് വ്യക്തമാക്കിയത്.''ഈ കരാർ അവസരങ്ങളിലേക്കുള്ള തടസ്സങ്ങൾ നീക്കുകയും, പഠിതാക്കൾക്ക് തൊഴിലുടമകൾ വിലമതിക്കുന്ന കഴിവുകളും ആത്മവിശ്വാസവും അന്താരാഷ്ട്ര പരിചയവും നേടാൻ സഹായിക്കുകയും ചെയ്യുന്നതാണ്'' എന്ന് യു.കെയുടെ സ്കിൽസ് മന്ത്രി ബാരോണസ് ജാക്കി സ്മിത്ത് പറഞ്ഞു.പുറത്തു വരുന്ന റിപ്പോർട്ടുകൾ അനുസരിച്ചു Erasmus+ പദ്ധതിയിൽ പങ്കെടുക്കാൻ യു.കെ. 570 മില്യൺ പൗണ്ട് (ഏകദേശം 763 മില്യൺ ഡോളർ) നൽകും. ഇത് സാധാരണ നൽകേണ്ട മുഴുവൻ തുകയേക്കാൾ 30% കുറവാണ്.2027-ൽ ഈ പദ്ധതി ആരംഭിക്കുമ്പോൾ വിദ്യാർത്ഥികൾ, അപ്രന്റീസുകൾ, ഉന്നത പഠനം ലക്ഷ്യമിടുന്നവർ, മുതിർന്ന പഠിതാക്കൾ ഉൾപ്പെടെ 1 ലക്ഷത്തിലധികം പേർക്ക് Erasmus+ പദ്ധതിയിൽ പങ്കാളികളാകാൻ സാധിക്കും.

# ഷിക്കാഗോ ലാറ്റിൻ കാത്തലിക്സിന്റെ 41–ാമത് ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷം



ഷിക്കാഗോ: ഷിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിയുടെ 41-ാമത് ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷം 2025 ഡിസംബർ 13-ാം തിയതി  ഇല്ലിനോയിലെ എൽമസ്റ്റിലുള്ള മേരി ക്യൂൻ ഓഫ് ഹെവൻ കാത്തലിക് ചർച്ചിൽ വച്ചു നടത്തി.ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പാരീഷ് ഹാളിൽ പ്രൗഢഗംഭീരമായ പരിപാടികൾക്കു തുടക്കം കുറിച്ചു. പ്രസിഡന്റ് ശ്രീ **Herald Figueiredo** എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ക്രിസ്തുമസ് കേക്കും വൈനും എല്ലാവർക്കുമായി പങ്കുവച്ചു. സ്പിരിച്ച്വൽ ഡയറക്ടർ ഫാ. ആന്റണി അരവിന്ദശ്ശേരി ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് ക്രിസ്തുമസ് കരോൾ, വിവിധ കലാപരിപാടികൾ തുടങ്ങിയവ അരങ്ങേറി.സാറാ മിർസ ആന്റ് ഫാമിലി സ്പോൺസർ ചെയ്ത **Full Course Christmas Dinner** ഉണ്ടായിരുന്നു. ശ്രീ വിജയൻ വിൻസെന്റ് പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.



























